VOL NO: 03 | ISSUE 48

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 NOVEMBER 30 | ₹12

**നല്ലത് പറയുക, നന്നായി പറയുക**

മനുഷ്യശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട അവയവങ്ങളിൽ ഒന്നാണ് നാവ്. അല്ലാഹു നൽകിയ മഹത്തായ ഒരനുഗ്രഹം. അപാരമാണ് നാവിന്റെ ശക്തി. അതിനെ സൂക്ഷിച്ചും ശ്രദ്ധിച്ചും ഉപയോഗിക്കണമെന്നാണ് ഇസ്‌ലാമിക നിർദേശം.




## ഐ.ഐ.ടി ആത്മഹത്യ: യഥാർഥ പ്രതികൾ ആര്?

ഐ.ഐ.ടി ക്യാമ്പസിലെ മലയാളിപ്പെൺകുട്ടിയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട വിവാദം കനക്കുകയാണ്. മീഡിയയും വിദ്യാർഥി സംഘടനകളും ഇരവാദത്തിന്റെ പല തലങ്ങളും ചർച്ച ചെയ്തുകഴിഞ്ഞു. പഠന സമ്മർദമോ അധ്യാപക പീഡനമോ ബ്രാഹ്മണിക്കൽ വരേണ്യ ബോധമോ ഇസ്‌ലാമോഫോബിക്കോ... എന്താണ് യഥാർഥത്തിൽ, ഉന്നത കലാലയങ്ങളിലെ വിദ്യാർഥീ പിരിമുറുക്കങ്ങൾക്ക് കാരണം? പഠന കാലയളവിലെ അനുഭവങ്ങളെ മുൻനിർത്തി ഐ.ഐ.ടി ക്യാമ്പസിലെ മുൻ വിദ്യാർഥിയുടെ വിലയിരുത്തൽ.

|| ലൈംഗിക വിശുദ്ധിയുടെ ഇഹപര നേട്ടം

|| അന്ധമായ അനുകരണം മതശാസനയോ?

|| കുഞ്ഞുങ്ങളിലെ ദന്ത സംരക്ഷണം

WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

Tel: 0495 4019437


# വിപണിയിൽ...




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 1. പ്രകാശം പരത്തിയ പ്രവാചകന്മാർ, ഭാഗം: 2 | ഹുസൈൻ സലഫി / ₹ 120 |
| 2. സംസ്കാരം, സമൂഹം, സദാചാരം: സമകാലിക വായന | സുഫ്‌യാൻ അബ്ദുസ്സലാം / ₹ 180 |
| 3. ദേശം, ദേശീയത, വിശ്വാസം: മുസ്‌ലിമിന് പറയാനുള്ളത് | പി.വി.എ പ്രിംറോസ് / ₹ 90 |
| 4. വാടാമലരുകൾ (കുട്ടിക്കവിതകൾ) | ഉസ്മാൻ പാലക്കാഴി / ₹ 80 |
| 5. പൂമരത്തണൽ (ഗുണപാഠ കഥകൾ) | റാഷിദ ബിൻത് ഉസ്മാൻ / ₹ 100 |
| 6. തേൻതുള്ളികൾ (സാരോപദേശ കഥകൾ) | ഉസ്മാൻ പാലക്കാഴി / ₹ 100 |




# നേർപഥം
വാരിക

0150 / 2019 നവംബർ 30 / 1441 റബിഉൽ ആഖിർ 03 / പുസ്തകം 3 / ലക്കം 48


# ഐ.ഐ.ടി ആത്മഹത്യ: യഥാർഥ പ്രതികൾ ആര്?


മുഹമ്മദ് അജ്മൽ സി / 10

**മുഖമൊഴി**

നല്ലത് പറയുക, നന്നായി പറയുക / 05
എഡിറ്റർ

**ലേഖനം**

ഉപദ്രവങ്ങളും പ്രവാചകന്റെ നിലപാടുകളും / 07
അബ്ബാസ് ചെറുതുരുത്തി

ലൈംഗിക വിശുദ്ധിയുടെ ഇഹപര നേട്ടം / 29
അബൂമുജാഹിദ് വളപട്ടണം

**കൂട്ടായ്മ**

വായനയിലൂടെ വിജയത്തിലേക്ക് / 17
ടി.കെ അശ്റഫ്

**ആരോഗ്യപഥം**

കുഞ്ഞുങ്ങളിലെ ദന്ത സംരക്ഷണം: ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ / 18
ഡോ. സഫ ഹിഷാം

**കാഴ്ച**

അന്ധമായ അനുകരണം മതശാസനയോ? / 21
മൂസ സ്വലാഹി, കാര

**ക്വുർആൻ പാഠം**

എഴുത്തും വായനയും / 25
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി

**ജാലകം**

തിരിച്ചറിയുക, തിരുത്തുക / 26
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**ക്വുർആൻ ദർശനം**

ഹാക്വ (യഥാർഥ സംഭവം) / 32
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ഹദീസ് പാഠം**

സഹായഹസ്തം നീട്ടുക / 34
അബൂതൻവീൽ



Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

# സ്ത്രീ പള്ളി പ്രവേശനം: വിവാദങ്ങൾ അനാവശ്യം
# വിസ്ഡം കൗൺസിൽ സമ്മേളനങ്ങൾ

കോഴിക്കോട്/കണ്ണൂർ: സ്ത്രീ പള്ളി പ്രവേശനം സംബന്ധിച്ച് കാലങ്ങളായി മുസ്‌ലിം സമൂഹത്തിൽ വൈജ്ഞാനിക ചർച്ചകൾ നടന്നു വരുന്നുണ്ട്. പ്രമാണങ്ങളുടെ വെളിച്ചത്തിൽ മതം അനുവദിച്ചതാണെന്ന് മനസ്സിലാക്കി ഉൾക്കൊണ്ടവർ പള്ളിയിൽ വന്ന് ആരാധനകൾ നിർവഹിക്കുകയും ചെയ്യുന്നുണ്ട്. എന്നിരിക്കെ ശബരിമല വിഷയത്തിൽ സുപ്രീം കോടതിയുടെ ചില പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ പൊതു മണ്ഡലത്തിലേക്ക് പള്ളി പ്രവേശന ചർച്ച കൊണ്ടുവരുന്നത് ശരിയല്ലെന്നും ആരാധന നിയമം മൂലം നടപ്പിലാക്കാൻ സാധിക്കുന്നതല്ലെന്നും ഓരോരുത്തനും അറിവിന്റെയും ബോധ്യത്തിന്റെയും അടിസ്ഥാനത്തിൽ ഉൾക്കൊണ്ട് അനുഷ്ഠിക്കേണ്ടതാണെന്നും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച മണ്ഡലം മുജാഹിദ് ജനറൽ കൗൺസിൽ സമ്മേളനങ്ങൾ അഭിപ്രായപ്പെട്ടു.

'ഉദാത്ത ആദർശം, ഉത്തമ സമൂഹം' എന്ന പ്രമേയത്തിലാണ് സമ്മേളനങ്ങൾ സംഘടിപ്പിച്ചത്. ഭരണഘടന ഉറപ്പുനൽകുന്ന വിശ്വാസ, മൗലിക സ്വാതന്ത്ര്യത്തിന് മേൽ കടന്നുകയറുന്നതിനുള്ള അവസരങ്ങൾ ഒരുക്കാൻ അനാവശ്യ ചർച്ചകൾ വഴിവെക്കുമെന്ന് സമ്മേളനം മുന്നറിയിപ്പ് നൽകി.

കൗമാര പ്രായക്കാരിൽ ആത്മഹത്യ വർധിച്ചു വരുന്ന ഗുരുതര സ്ഥിതിവിശേഷം സർക്കാർ അടിയന്തിരമായി പഠന വിധേയമാക്കണമെന്നും കിഡ്നി സംബന്ധമായ രോഗങ്ങളുടെ വർധനവ് തടയാൻ ആരോഗ്യ ബോധവൽക്കരണം ശക്തിപ്പെടുത്തണമെന്നും മണ്ഡലം കൗൺസിൽ സമ്മേളനങ്ങൾ അംഗീകരിച്ച പ്രമേയങ്ങൾ ആവശ്യപ്പെട്ടു.

കാസറഗോഡ്, ഉദുമ, പയ്യന്നൂർ, പഴയങ്ങാടി, സുൽത്താൻ ബത്തേരി, കൊടിയത്തൂർ, കോഴിക്കോട്മെഡിക്കൽ കോളേജ്, കാരപ്പറമ്പ്, മങ്കട, തൃക്കലങ്ങോട്, പറവണ്ണ, തിരൂർ, താനാളൂർ, താനൂർ, കുറ്റിപ്പുറം, വളാഞ്ചേരി,പട്ടാമ്പി, കൊടുങ്ങല്ലൂർ, കയ്പമംഗലം, പള്ളുരുത്തി, ആലുവ, പറവൂർ, കരുനാഗപ്പള്ളി, കൊല്ലം, തിരുവനന്തപുരം ഈസ്റ്റ്, വെസ്റ്റ്, കാട്ടാക്കട മണ്ഡലങ്ങളിലാണ് മണ്ഡലം ജനറൽ കൗൺസിലുകൾ നടന്നത്.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, അബൂബക്കർ സലഫി, മുഹമ്മദ് സ്വാദിഖ് മദീനി, അശ്റഫ് സുല്ലമി, ഫൈസൽ മൗലവി, ശമീർ മദീനി, മുനവ്വർ സ്വലാഹി, പി.ലുബൈബ്, നബീൽ രണ്ടത്താണി, മുജീബ് ഒട്ടുമ്മൽ, ഹാരിസ് കായക്കൊടി, നാസർ സ്വലാഹി, മുസ്തഫ മദനി, നിസാർ സ്വലാഹി, സി.പി ശഹീർ, നൂറുദ്ദീൻ സ്വലാഹി, അഷ്കർ ഇബ്രാഹിം, ശമീൽ മഞ്ചേരി, അശ്റഫ് സുല്ലമി, ഇർഫാൻ സ്വലാഹി, ത്വാഹ റഷാദ് തുടങ്ങിയവർ നേതൃത്വം നൽകി.

അവസാന ഘട്ട മണ്ഡലം കൗൺസിലുകൾ നവംബർ 24ന് നടക്കുന്നതാണ്.

## 'കളിച്ചങ്ങാടം' ബാലസമ്മേളനം: സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു

അലനല്ലൂർ: വിസ്ഡം ബാലവേദിക്ക് കീഴിൽ മണ്ഡലം കേന്ദ്രങ്ങളിൽ വെച്ച് സംഘടിപ്പിക്കുന്ന 'കളിച്ചങ്ങാടം' ബാല സമ്മേളനത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം 'നേർപഥം' വാരിക എഡിറ്റർ ഉസ്മാൻ പാലക്കാഴി നിർവഹിച്ചു. അലനല്ലൂരിൽ വെച്ച് നടന്ന ബാല സമ്മേളനത്തിൽ പ്രമുഖ സാഹിത്യകാരൻ കെ.പി.എസ് പയ്യനടം മുഖ്യാതിഥിയായിരുന്നു. വിസ്ഡം ബാലവേദി പുറത്തിറക്കിയ 'മൈ കളറിംഗ് ബുക്ക്' അദ്ദേഹം പ്രകാശനം ചെയ്തു.

ഹാരിസ് ബിൻ സലീം, ശരീഫ് കാര എന്നിവർ കുട്ടികളുമായി സംവദിച്ചു. ശമീൽ മഞ്ചേരി, കെ.പി സുൽഫീക്കർ, സുജൈദ് പാണ്ടിക്കാട്, തൗഫീഖ് നിലമ്പൂർ തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

മുഖമൊഴി

# നല്ലത് പറയുക, നന്നായി പറയുക

മനുഷ്യശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട അവയവങ്ങളിൽ ഒന്നാണ് നാവ്. അല്ലാഹു നൽകിയ മഹത്തായ ഒരനുഗ്രഹം. അപാരമാണ് നാവിന്റെ ശക്തി. അതിനെ സൂക്ഷിച്ചും ശ്രദ്ധിച്ചും ഉപയോഗിക്കണമെന്നാണ് ഇസ്‌ലാമിക നിർദേശം.

വായിൽ വരുന്നതൊക്കെ മൊഴിഞ്ഞാൽ അപകടത്തിൽ ചാടും. സാമൂഹ്യ ജീവിതത്തിൽ അനർഥങ്ങളും അപകടങ്ങളും വരുത്തുന്ന വാക്കുകൾ സത്യവിശ്വാസികൾ വെടിയണം. നമ്മൾ പുറത്തുവിടുന്ന ഓരോ വാക്കും അല്ലാഹുവിന്റെ മലക്കുകൾ രേഖപ്പെടുത്തുന്നുണ്ടെന്ന കാര്യം മറക്കരുത്. അന്യരുടെ മനസ്സിനെ വേദനിപ്പിക്കുന്ന സംസാരം പാടില്ല.

അഹങ്കാരം സ്ഫുരിക്കുന്ന വാക്കുകൾ, കുത്തിപ്പറയൽ, ശാപവാക്കുകൾ, അശ്ലീല ഭാഷണം, ഏഷണി, പരദൂഷണം, പരിഹാസം ഇവയെല്ലാം പരസ്പര സ്നേഹത്തെയും സൗഹാർദത്തെയും തകർക്കുന്നവയത്രെ.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി(ﷺ) പറയുന്നു: "അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ നല്ലത് പറയട്ടെ, അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ."

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ശരിയായ വാക്ക് പറയുകയും ചെയ്യുക. എങ്കിൽ അവൻ നിങ്ങൾക്ക് നിങ്ങളുടെ കർമങ്ങൾ നന്നാക്കിത്തരികയും നിങ്ങളുടെ പാപങ്ങൾ അവൻ പൊറുത്തുതരികയും ചെയ്യും..." (ക്വുർആൻ. 33:70-71).

വാക്കുകൾ നല്ലതെങ്കിൽ അവ മാനുഷിക ബന്ധങ്ങളെ ദൃഢീകരിക്കും. മോശമെങ്കിൽ ബന്ധങ്ങളെ നശിപ്പിക്കും. നല്ല വാക്കുകൾ ഉപയോഗപ്പെടുത്തി നന്നായി സംസാരിക്കുന്നവൻ സമൂഹത്തിൽആദരണീയനായിരിക്കും. സന്ദർഭത്തിനനുസരിച്ച് വാക്കുകൾ വേണ്ടവിധം കൈകാര്യം ചെയ്യുവാൻ ശ്രദ്ധിക്കണം. സന്ദർഭവും വസ്തുതകളും മനസ്സിലാക്കി, അനുയോജ്യമായ സ്വയം നിയന്ത്രണത്തോടു കൂടി വേണം വാക്കുകൾ ഉപയോഗിക്കാൻ.

എല്ലാ കാര്യത്തിലുമെന്ന പോലെ സംസാരത്തിലും മിതത്വം പാലിക്കണം. എല്ലാവർക്കും സമയം വിലയേറിയതാണ്. അതുകൊണ്ട് കൂടുതൽ സംസാരിച്ച് വിഷമിപ്പിക്കുന്നത് ശരിയല്ല. വായിൽ തോന്നുന്നതെല്ലാം അടുക്കും ചിട്ടയുമില്ലാതെ വിളിച്ചു പറയുന്നതും ഭൂഷണമല്ല.

ഒരാളുടെ സംഭാഷണം ശ്രമിച്ചാൽ തന്നെ അവൻ അറിവുള്ളവനാണോ അല്ലേ എന്ന് അറിയാൻ സാധിക്കും. വിവരമുള്ളവർ കൂടുതൽ സംസാരിച്ചു സമയം മെനക്കെടുത്താൻ ശ്രമിക്കില്ല. 'അറിവിന്റെ ആത്മാവ് മിതത്വമാണ്' എന്ന് ഷേക്സ്പിയർ പറഞ്ഞത് വളരെ ശ്രദ്ധേയമാണ്. കൂടുതൽ പറയുന്നതിലല്ല കുറച്ച് കാര്യമാത്ര പ്രസക്തമായി പറയുന്നതാണ് അറിവിന്റെ അടയാളം.

അമേരിക്കൻ പ്രസിഡന്റായിരുന്ന വുഡ്രോ വിൽസനോട് ഒരാൾ ചോദിച്ചു: "പത്തു മിനിറ്റ് സംസാരിക്കുന്നതിന് വേണ്ടി താങ്കൾ എത്ര സമയം തയ്യാറെടുപ്പ് നടത്തുന്നു?"

"രണ്ടാഴ്ച" വിൽസന്റെ മറുപടി.
"ഒരു മണിക്കൂർ പ്രസംഗിക്കുന്നതിനോ?"
"ഒരാഴ്ച."
"മൂന്നുമണിക്കൂർ സംസാരിക്കുവാനോ?"
"ഞാൻ ഇപ്പോൾ തന്നെ തയ്യാറാണ്" വിൽസൻ പറഞ്ഞു.

കുറച്ച് പറയാൻ, നന്നായി പറയാൻ നല്ല തയ്യാറെടുപ്പ് വേണം. കഴമ്പില്ലാത്ത കാര്യങ്ങൾ മണിക്കൂർ കണക്കിന് പറയുവാൻ ഒരു തയ്യാറെടുപ്പിന്റെയും ആവശ്യമില്ല എന്ന് സാരം.

അബ്ബാസ് ചെറുതുരുത്തി
cmabbascm@gmail.com

ലേഖനം



# ഉപദ്രവങ്ങളും പ്രവാചകന്റെ നിലപാടുകളും

**ക്വു**റൈശികൾ പ്രവാചകന്റെ പ്രബോധനം തടയാൻ പുതിയ മാർഗം കണ്ടെത്തി; പ്രീണിപ്പിച്ചോ പീഡിപ്പിച്ചോ കാര്യം സാധിക്കുക! അതിന് വേണ്ടി പ്രവാചകന്റെ അടുക്കലേക്ക് ദൂതന്മാരെ അയച്ചുകൊണ്ട് എന്ത് ആവശ്യമാണോ ഇഹലോകത്ത് ആഗ്രഹിക്കുന്നത് അത് നൽകാമെന്ന് വാഗ്ദാനം ചെയ്യുകയും പ്രവാചകനെ സംരക്ഷിക്കുന്ന പിതൃവ്യന്റെ അടുക്കൽ ചെന്ന് മുഹമ്മദിനെ സംരക്ഷിക്കുന്നതും സഹായിക്കുന്നതും അവസാനിപ്പിക്കണമെന്നും പ്രബോധനത്തിൽ നിന്നും തടയണമെന്നും ഇല്ലെങ്കിൽകാര്യം പ്രയാസകരമാകുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തു.

ക്വുറൈശികളുടെ പ്രലോഭനങ്ങൾക്കും ഉപദ്രവങ്ങൾക്കും ചില ഉദാഹരണങ്ങൾ പറയാം:

1. ക്വുറൈശി നേതാക്കൾ അബൂത്വാലിബിന്റെ അടുക്കൽ ചെല്ലുകയും എന്നിട്ട് ഇങ്ങനെ പറയുകയും ചെയ്തു: "ഓ, അബൂത്വാലിബ്! താങ്കൾക്ക് ഞങ്ങളുടെ ഇടയിൽ വലിയ സ്ഥാനവും ബഹുമാനവും ശ്രേഷ്ഠതയുമുണ്ട്. തീർച്ചയായും താങ്കളോട് ഞങ്ങൾ താങ്കളുടെ സഹോ

ദരപുത്രനെ വിലക്കാൻ പറഞ്ഞിട്ടും താങ്കൾ വിലക്കിയിട്ടില്ല. അല്ലാഹുവാണ് സത്യം, ഞങ്ങൾക്ക് അത് ക്ഷമിക്കാൻ കഴിയുന്നതല്ല. അവൻ ഞങ്ങളുടെ പിതാക്കളെ ചീത്ത പറയുകയും ഞങ്ങളുടെ ആരാധ്യന്മാരെ കുറ്റം പറയുകയും ചെയ്യുന്നു. അതിനാൽ രണ്ടാലൊരു കക്ഷി നശിച്ച് പോകും.''

കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയ അബൂത്വാലിബ് പ്രവാചകൻﷺയോട് പറഞ്ഞു: "പിതൃവ്യപുത്രാ, നിന്റെ ജനത എന്റെ അടുക്കൽ വന്ന് ഇന്നാലിന്ന കാര്യങ്ങൾ പറഞ്ഞിരിക്കുന്നു. എന്റെ നിയന്ത്രണത്തിൽ കാര്യങ്ങൾ നിൽക്കുന്നതല്ല. അതിനാൽ, അവരെ വെറുപ്പിക്കുന്ന നിന്റെ സംസാരങ്ങൾ നിർത്തിവെക്കണം.''

എന്നാൽ പ്രവാചകൻﷺ അല്ലാഹുവിലേക്കുള്ള പ്രബോധനത്തിൽ ഉറച്ചുനിന്നു. ഒരു ആക്ഷേപകന്റെ ആക്ഷേപവും പ്രവാചകനെ സ്വാധീനിച്ചില്ല. കാരണം, താൻ സത്യത്തിലാണെന്ന് പ്രവാചകന് ഉറപ്പുണ്ട്. അദ്ദേഹത്തിനറിയാം അല്ലാഹു അവന്റെ ദീനിനെ സഹായിക്കുകയും കലിമത്തിനെ ഉയർത്തുകയും ചെയ്യുമെന്ന്. പ്രവാചകന്റെ ഈ സ്ഥൈര്യം അബൂത്വാലിബ് കണ്ടപ്പോൾ തൗഹീദിലേക്ക് ക്ഷണിക്കുന്നത് ഉപേക്ഷിക്കാനുള്ള ക്വുറൈശികളുടെ വാക്കിനോട് പ്രവാചകനെ യോജിപ്പിക്കുന്നതിൽ നിന്നും നിരാശപ്പെടുകയും ചെയ്തപ്പോൾ, അദ്ദേഹം പറഞ്ഞു: 'നിനക്ക് നന്മയെന്ന് തോന്നുന്നത് നീ പ്രവർത്തിച്ചുകൊള്ളുക. നിന്നെ ഒരാൾക്കും പിന്തിരിപ്പിക്കാനാവില്ല. നിന്നെ ഞാനാർക്കും വിട്ടുകൊടുക്കില്ല...(സീറതു ഇബ്നു ഹിശാം).

2. ഹംസത് ഇബ്നു അബ്ദുൽ മുത്ത്വലിബിന്റെയും ഉമറുബ്നുൽ ഖത്ത്വാബിന്റെയും ഇസ്‌ലാം സ്വീകരണത്തോടെ മുശ്‌രിക്കുകൾക്ക് ഭയം വർധിക്കുകയും ആളുകൾ ഇസ്‌ലാമിലേക്ക് കടന്നുവരുന്നതിന്റെ തോത് വർധിക്കുകയും ചെയ്തു. മാത്രമല്ല, പലരും തങ്ങളുടെ ഇസ്‌ലാം സ്വീകരണം പരസ്യമാക്കാനും തുടങ്ങി. ഈ സന്ദർഭത്തിൽ മക്കാ മുശ്‌രിക്കുകൾ പ്രവാചകൻﷺയോട് വിലപേശാൻ തീരുമാനിക്കുകയും അതിനായി ഉത്ബത്തുബ്നു റബീഅ്നെ നിയോഗിക്കുകയും ചെയ്തു; ദുൻയാവിലെ എന്താണോ പ്രവാചകന് ആവശ്യമുള്ളത് അത് നൽകാമെന്ന് വാഗ്ദാനം ചെയ്യാൻ വേണ്ടി.

അങ്ങനെ ഉത്ബ പ്രവാചകന്റെ അടുക്കൽ വരികയും ഇരിക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: "പിതൃവ്യ പുത്രാ, നീ ഞങ്ങളുടെ കുടുംബത്തിൽ പെട്ടവനും ഉയർന്ന സ്ഥാനമുള്ളവനുമാണ്. നീ നിന്റെ ജനതയിൽ വന്നുകൊണ്ട് പുതിയൊരു കാര്യം പറഞ്ഞതിനാൽ ജനങ്ങൾക്കിടയിൽ ഭിന്നിപ്പും രക്തച്ചൊരിച്ചിലും ആരാധ്യന്മാരെ ചീത്തപറയലും പിതാക്കന്മാരെ നിഷേധിക്കലും ഒക്കെയുണ്ടായിരിക്കുന്നു. അതിനാൽ എന്റെ സംസാരം നീ കേൾക്കുകയും നിനക്ക് താൽപര്യമുള്ളത് അതിൽ നിന്ന് സ്വീകരിക്കുകയും വേണം.''

പ്രവാചകൻﷺ പറഞ്ഞു: "നിങ്ങൾ പറയൂ, അബുൽവലീദ്! ഞാൻ കേൾക്കാം.'' അദ്ദഹം പറഞ്ഞു: "പിതൃവ്യ പുത്രാ, ഞങ്ങൾ ശേഖരിച്ചിട്ടുള്ള സമ്പത്തിൽ നിന്നെല്ലാം ഒരുമിച്ച് കൂട്ടി ഞങ്ങൾക്ക് ഉള്ളതിനെക്കാൾ കൂടുതൽ സമ്പത്ത് നിനക്ക് നൽകാം; നീ അത് ഉദ്ദേശിക്കുന്നുവെങ്കിൽ. അതല്ല, ആദരവാണ് നീ ഉദ്ദേശിക്കുന്നതെങ്കിൽ എല്ലാവരും ഇനി മുതൽ നിന്നെ ആദരിക്കും. അതല്ല, അധികാരമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതും നിനക്ക് തരാം...''

അങ്ങനെ ഉത്ബത് സംസാരത്തിൽ നിന്ന് വിരമിച്ചപ്പോൾ നബിﷺ തിരിച്ച് ചോദിച്ചു: "നീ സംസാരിക്കാൻ വന്നത് കഴിഞ്ഞോ അബുൽവലീദ്?'' അദ്ദേഹം പറഞ്ഞു: "അതെ.'' നബിﷺ പറഞ്ഞു: "എന്നിൽ നിന്നും ശ്രദ്ധിച്ച് കേൾക്കുക.'' അദ്ദേഹം പറഞ്ഞു: "നീ പറയൂ.'' അപ്പോൾ പ്രവാചകൻﷺ പറഞ്ഞു:

"പരമകാരുണികനും കരണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. ഹാമീം. പരമകാരുണികനും കരുണാനിധിയുമായിട്ടുള്ളവന്റെ പക്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ ഇത്. വചനങ്ങൾ വിശദീകരിക്കപ്പെട്ട ഒരു വേദഗ്രന്ഥം. മനസ്സിലാക്കുന്ന ആളുകൾക്കു വേണ്ടി അറബി ഭാഷയിൽ പാരായണം ചെയ്യപ്പെടുന്ന (ഒരു ഗ്രന്ഥം). സന്തോഷവാർത്ത അറിയിക്കുന്നതും താക്കീത് നൽകുന്നതുമായിട്ടുള്ള (ഗ്രന്ഥം). എന്നാൽ, അവരിൽ അധികപേരും തിരിഞ്ഞുകളഞ്ഞു. അവർ കേട്ടുമനസ്സിലാക്കുന്നില്ല. അവർ പറഞ്ഞു: നീ ഞങ്ങളെ എന്തൊന്നിലേക്ക് വിളിക്കുന്നുവോ അത് മനസ്സിലാക്കാനാവാത്ത വിധം ഞങ്ങളുടെ ഹൃദയങ്ങൾ മൂടികൾക്കുള്ളിലാകുന്നു. ഞങ്ങളുടെ കാതുകൾക്ക് ബധിരതയുമാകുന്നു. ഞങ്ങൾക്കും നിനക്കുമിടയിൽ ഒരു മറയുമുണ്ട്. അതിനാൽ നീ പ്രവർത്തിച്ചുകൊള്ളുക. തീർച്ചയായും ഞങ്ങളും പ്രവർത്തിക്കുന്നവരാകുന്നു''(ഫുസ്സ്വിലത് 1-5).

ഇത് കേട്ടപ്പോൾ ഉത്ബ നിശ്ശബ്ദനായി. പ്രവാചകൻﷺ ഓതുന്നതിൽ നിന്ന് വിരമിച്ച് സുജൂദ് ചെയ്തപ്പോൾ ഇത്ബയും സുജൂദ് ചെയ്തു. പിന്നെ പ്ര

വാചകൻﷺ പറഞ്ഞു: “തീർച്ചയായും അബുൽവലീദ്, താങ്കൾ കേൾക്കാത്തത് ഞാൻ കേട്ടിരിക്കുന്നു. അതിനാൽ താങ്കൾ അതിൽ ഉൾപ്പെടുക.” മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം: “ഉത്ബ പ്രവാചകൻﷺ ഇത് പറയുന്നത് വരെ കേട്ടിരുന്നു. ‘എന്നിട്ട് അവർ തിരിഞ്ഞുകളയുന്ന പക്ഷം നീ പറഞ്ഞേക്കുക; ആദ്, ഥമൂദ് എന്നീ സമുദായങ്ങൾക്ക് നേരിട്ട ഭയങ്കര ശിക്ഷപോലെയുള്ള ഒരു ശിക്ഷയെപ്പറ്റി ഞാനിതാ നിങ്ങൾക്ക് താക്കീത് നൽകുന്നു’(ഫുസ്സിലത് 13) എന്ന വചനം കേട്ടപ്പോൾ ഭയചകിതനായി എഴുന്നേറ്റ് കൊണ്ട് ഉത്ബ തന്റെ കൈകൊണ്ട് പ്രവാചകന്റെ വായ പൊത്തിക്കൊണ്ട് പറഞ്ഞു: ‘അല്ലാഹു താങ്കൾക്ക് കരുണ ചെയ്യട്ടെ.’ എന്നിട്ട് പാരായണം നിർത്താൻ പറയുകയും ധൃതിയിൽ തന്റെ സമൂഹത്തിലേക്ക് മടങ്ങുകയും ക്വുറൈശികളോട് മുഹമ്മദിനെയും അദ്ദേഹത്തിന്റെ കാര്യങ്ങളെയും ഉപേക്ഷിക്കുവാനും നിർദേശിക്കുകയും അതിന്ന് അവരെ പ്രേരിപ്പിക്കുകയും ചെയ്തു.”

അല്ലാഹുവിന്റെ ഔദാര്യവും പ്രവാചകന്റെ മഹത്തായ ഹിക്മത്തും മൂലമാണ് ഈ ആയത്ത് തിരഞ്ഞെടുത്ത് ഓതാൻ പ്രവാചകന് സാധിച്ചത്. തൽഫലമായി, ഉത്ബക്ക് പ്രവാചകന്റെ രിസാലത്തിലെ സത്യസന്ധത ബോധ്യപ്പെട്ടു. തീർച്ചയായും മുഹമ്മദ് വഹിക്കുന്ന ഗ്രന്ഥം സ്രഷ്ടാവിൽ നിന്നും സൃഷ്ടികളിലേക്കുള്ളതാണ്. അത് വഴികേടിൽ നിന്നും സന്മാർഗത്തിലേക്ക് നയിക്കാനുള്ളതാണ്. നാശത്തിൽ നിന്നും രക്ഷപ്പെടുത്താനുള്ളതാണ് എന്നെല്ലാം അയാൾ മനസ്സിലാക്കി. എന്നാൽ അതിനുമുമ്പേ അതിനെ സത്യപ്പെടുത്താനും പ്രാവർത്തികമാക്കാനും ബാധ്യസ്ഥനാണ് പ്രവാചകൻﷺ. അല്ലാഹു അവന്റെ കൽപനകളിൽ ഉറച്ചു നിൽക്കാൻ ജനങ്ങളോട് കൽപിക്കുമ്പോൾ ആദ്യമായി അതിൽ നിലകൊള്ളേണ്ടത് പ്രവാചകൻ തന്നെയാണ്. നബിﷺ അധികാരമോ സമ്പത്തോ പദവിയോ ഒന്നും വേണമെന്ന് പറഞ്ഞില്ല. കാരണം അദ്ദേഹത്തെ അല്ലാഹു ഏൽപിച്ച ഒരു ദൗത്യമുണ്ട്. അത് പൂർത്തിയാക്കൽ അദ്ദേഹത്തിന്റെ കടമയാണ്. പ്രലോഭനമോ ഭീഷണിയോ കാരണത്താൽ അതിൽനിന്ന് പിന്തിരിയാൻ പാടില്ല. അദ്ദേഹം തന്റെ പ്രബോധനത്തിൽ സത്യസന്ധനും രക്ഷിതാവിനോട് നന്ദിയുള്ളവനും ആയിരുന്നു.

പ്രവാചകന്റെ മഹത്തായ ഈ നിലപാട് അദ്ദേഹത്തിന് അല്ലാഹു നൽകിയ ഹിക്മത്തിൽ പെട്ടതാണ്. അദ്ദേഹം തന്റെ പ്രബോധനവീഥിയിൽ ഉറച്ച് നിന്നു. വാഗ്ദാനങ്ങളിൽ അദ്ദേഹം മയങ്ങിയില്ല. യുക്തിഭദ്രമായ മറുപടിയാണ് അദ്ദേഹം പ്രലോഭിപ്പിക്കാൻ വന്നവർക്ക് നൽകിയത്. യോജിച്ച വാക്ക് യോജിച്ച സന്ദർഭത്തിൽവെച്ച്, അത് തന്നെയാണ് ഹിക്മത്ത്.

3. ഇസ്‌ലാമിനെയും അതിൽ പ്രവേശിച്ചവരെയും പ്രവാചകനെയും ഉപദ്രവിക്കുന്നതിൽ യാതൊരു കുറവും വരുത്തില്ലെന്ന് മുശ്‌രിക്കുകൾ തീരുമാനിക്കുകയും വ്യത്യസ്തങ്ങളായ പീഡനമുറകൾ പുറത്തെടുക്കുകയും ചെയ്തു.

നബിﷺ അല്ലാഹുവിലേക്കുള്ള പ്രബോധനം പരസ്യമാക്കുകയും ജാഹിലിയ്യത്തിലെ വിശ്വാസ വൈകല്യങ്ങൾ വ്യക്തമാക്കുകയും ചെയ്തപ്പോഴാണ് ശത്രുത ആരംഭിച്ചത് എന്ന് നമ്മൾ കണ്ടു. പത്തുവർഷത്തോളം മുസ്‌ലിംകളുടെ കൊച്ചു സംഘം വ്യത്യസ്തങ്ങളായ പീഡനങ്ങളുടെ തീച്ചൂളയിലായിരുന്നു. നിർഭയത്തിന്റെ ഗേഹമായ വിശുദ്ധ ഹറമിൽപോലും ശത്രുക്കൾ അവർക്ക് സമാധാനം നൽകിയില്ല. പരിഹാസത്തിന്റെയും നിസ്സാരവൽക്കരണത്തിന്റെയും കളവാക്കലിന്റെയും കൂരമ്പുകൾ ശത്രുക്കൾ മുസ്‌ലിംകൾക്കെതിരിൽ എയ്തു. ക്വുർആൻ പൂർവികരുടെ കെട്ടുകഥകളാണെന്ന് വിധിയെഴുതി. പ്രവാചകനെ അവർ ഭ്രാന്തനനെന്നും മാരണക്കാരനെന്നും കളവു പറയുന്നവനെന്നും ജ്യോത്സ്യനെന്നുമൊക്കെ ആരോപിച്ചു. അവിടുന്ന് എല്ലാം ക്ഷമിച്ചു; അല്ലാഹുവിന്റെ മതം ഇവിടെ പുലർന്നുകാണാൻ വേണ്ടി.

ഒരിക്കൽ അബൂജഹൽ താൻ പ്രവാചകന്റെ മുഖത്ത് മണ്ണ് പറ്റിക്കുമെന്ന് വീരവാദം മുഴക്കുകയും അല്ലാഹു പ്രവാചകനെ അതിൽ നിന്നും സംരക്ഷിക്കുകയും ചെയ്ത സംഭവമുണ്ടായി.

അബൂഹുറയ്റ<sup></sup>വിൽ നിന്ന് നിവേദനം: “അബൂജഹൽ ചോദിച്ചു: ‘നിങ്ങളുടെ ഇടയിൽവെച്ച് മുഹമ്മദ് അവന്റെ മുഖം മണ്ണിൽവെക്കാറുണ്ടോ?’ ഉണ്ട് എന്ന് പറയപ്പെട്ടപ്പോൾ അവൻ പറഞ്ഞു: ‘ലാത്തയും ഉസ്സയും തന്നെയാണ് സത്യം! അവനതു ചെയ്യുന്നത് ഞാൻ കണ്ടാൽ നിശ്ചയമായും അവന്റെ പിരടിക്കു ഞാൻ ചവിട്ടും. അവന്റെ മുഖം ഞാൻ മണ്ണിൽ പുരളിക്കുകയും ചെയ്യും.’ അങ്ങനെ റസൂൽﷺ നമസ്കരിക്കുമ്പോൾ അവൻ പിരടിക്കു ചവിട്ടുവാനായി ചെന്നു. എന്നാൽ അവൻ ചെന്ന കാലിൽ തന്നെ പെട്ടെന്ന് മടങ്ങുകയും കൈകൊണ്ട് തടുക്കുകയും ചെയ്തു! തനിക്ക് എന്തുപറ്റി എന്ന് ചോദിക്കപ്പെട്ടു. അവൻ പറഞ്ഞു: ‘എനിക്കും അവനുമിടയിൽ ഒരു അഗ്നിയുടെ കിടങ്ങും കുറേ ഭയാനക

വസ്തുക്കളും ചിറകുകളും!' നബിﷺ പറഞ്ഞു: 'അവൻ എന്നോട് അടുത്തുവന്നിരുന്നെങ്കിൽ മലക്കുകൾ അവനെ ഓരോരോ അവയവമായി റാഞ്ചിയെടുക്കുമായിരുന്നു.' അപ്പോഴാണ് അല്ലാഹു ഈ വചനങ്ങൾ ഇറക്കിയത്: 'നിസ്സംശയം മനുഷ്യൻ ധിക്കാരിയായി തീരുന്നു; തന്നെ സ്വയം പര്യാപ്തനായി കണ്ടതിനാൽ. തീർച്ചയായും നിന്റെ രക്ഷിതാവിലേക്കാണ് മടക്കം. വിലക്കുന്നവനെ നീ കണ്ടുവോ? ഒരു അടിയനെ, അവൻ നമസ്കരിച്ചാൽ. അദ്ദേഹം സൻമാർഗത്തിലാണെങ്കിൽ, (ആ വിലക്കുന്നവന്റെ അവസ്ഥ എന്തായിരിക്കുമെന്ന്) നീ കണ്ടുവോ? അഥവാ അദ്ദേഹം സൂക്ഷ്മത കൈകൊള്ളാൻ കൽപിച്ചിരിക്കുകയാണെങ്കിൽ അവൻ (ആ വിലക്കുന്നവൻ) നിഷേധിച്ചുതള്ളുകയും തിരിഞ്ഞുകളയുകയും ചെയ്തിരിക്കയാണെങ്കിൽ (അവന്റെ അവസ്ഥ എന്തായിരിക്കുമെന്ന്) നീ കണ്ടുവോ? അവൻ മനസ്സിലാക്കിയിട്ടില്ലേ, അല്ലാഹു കാണുന്നുണ്ടെന്ന്? നിസ്സംശയം, അവൻ വിരമിച്ചിട്ടില്ലെങ്കൽ നാം ആ കുടുമ പിടിച്ചു വലിക്കുക തന്നെ ചെയ്യും. കള്ളം പറയുന്ന, പാപം ചെയ്യുന്ന കുടുമ. നാം സബാനിയത്തിനെ (ശിക്ഷ നടപ്പാക്കുന്ന മലക്കുകളെ) വിളിച്ചുകൊള്ളാം. നിസ്സംശയം; നീ അവനെ അനുസരിച്ചു പോകരുത്, നീ പ്രണമിക്കുകയും സാമീപ്യം നേടുകയും ചെയ്യുക"(അൽ അലക് 6-19).(മുസ്‌ലിം).

4. അബൂജഹലിന്റെ പ്രേരണയാൽ പ്രവാചകൻﷺ പീഡിപ്പിക്കപ്പെട്ട മറ്റൊരു സംഭവം ഇബ്നു മസ്ഊദ്ؓ റിപ്പോർട്ട് ചെയ്യുന്നത് ഇപ്രകാരമാണ്:

"ഒരിക്കൽ അല്ലാഹുവിന്റെ റസൂൽﷺ വീടിന്റെ അടുത്ത് നമസ്കരിക്കുമ്പോൾ അബൂജഹലും കൂട്ടുകാരും അതിനടുത്ത് ഇരിക്കുന്നുണ്ടായിരുന്നു. തലേദിവസം ഒരു ഒട്ടകത്തെ അറുത്തിരിന്നു. അപ്പോൾ അബൂജഹൽ പറഞ്ഞു: 'നിങ്ങളിൽ ആർക്കാണ് ഇന്നാലിന്ന മനുഷ്യന്റെ വീട്ടിൽ അറുത്ത ഒട്ടകത്തിന്റെ കുടൽ കൊണ്ടുവന്ന് മുഹമ്മദിന്റെ തോളിൽ വെക്കാൻ കഴിയുക?' ആ ജനതയിലെ അതിനീചൻ അത് സ്വയം ഏറ്റെടുത്തു. (ഉഖ്ബത്ത് ഇബ്നു അബീ മുഈത് എന്നാണ് ആ മനുഷ്യന്റെ പേര്). അങ്ങനെ പ്രവാചകൻﷺ സുജൂദ് ചെയ്തപ്പോൾ അവൻ പ്രവാചകന്റെ രണ്ട് തോളുകൾക്കിടയിൽ അത് വെച്ചു. ഇബ്നു മസ്ഊദ്ؓ പറയുകയാണ്: 'അവർ പരിഹസിച്ച് ചിരിച്ചുകൊണ്ട് പരസ്പരം ചാഞ്ഞുകൊണ്ടിരിന്നു. ഞാൻ നോക്കി നിൽക്കുകയാണ്. എനിക്ക് അവരെ തടയാൻ കഴിയുമായിരുന്നെങ്കിൽ ഞാനത് പ്രവാചകന്റെമുതുകിൽ നിന്ന് എടുത്ത് വലിച്ചെറിയുമായിരുന്നു. പ്രവാചകൻﷺ തല ഉയർത്താൻ കഴിയാതെ സുജൂദിലാണ്; ഫാത്വിമؓ ഇത് അറിയുന്നത് വരെ. അങ്ങനെ ഫാത്വിമؓ വരികയും (അവർ അന്ന് കുട്ടിയാണ്) അത് എടുത്തെറിയുകയും അവരുടെ മുന്നിലേക്ക് ചെന്ന് അവരെ ശകാരിക്കുകയും ചെയ്തു. നമസ്കാരം കഴിഞ്ഞപ്പോൾ പ്രവാചകന്റെ ശബ്ദം ഉയർന്നു. അവർക്കെതിരിൽ പ്രവാചകൻﷺ പ്രാർഥിച്ചു. പ്രാർഥിച്ചപ്പോൾ മൂന്ന് പ്രാവശ്യം പ്രാർഥിച്ചു. ചോദിച്ചപ്പോൾ മൂന്ന് പ്രാവശ്യം ചോദിച്ചു. 'അല്ലാഹുവേ, നിന്റെ മേൽ ക്വുറൈശികളെക്കൊണ്ട്...' എന്ന് മൂന്ന് പ്രാവശ്യം പറഞ്ഞു. പ്രവാചകന്റെ ഈ ശബ്ദം കേട്ടപ്പോൾ അവരുടെ ചിരിപോവുകയും പ്രാർഥനയെ അവർ ഭയപ്പെടുകയും ചെയ്തു. പിന്നെ നബിﷺ പറഞ്ഞു: 'അല്ലാഹുവേ, അബൂജഹ്ൽ ഇബ്നു ഹിശാം, ഉത്ബത്ത് ഇബ്നു റബീഅ, ശൈബത്ത് ഇബ്നു റബീഅ, വലീദ് ഇബ്നു ഉത്ബ, ഉമയ്യത്ത് ഇബ്നു ഖലഫ്, ഉഖ്ബത്ത് ഇബ്നു അബീമുഈത് -ഏഴാമത് പറഞ്ഞ ആളെ എനിക്ക് ഓർമ്മയില്ല- മുഹമ്മദ് നബിയെ സത്യം കൊണ്ട് അയച്ചവൻ ആരാണോ അവൻ തന്നെയാണ് സത്യം...' ബദ്ർ ദിവസം മേൽ പറഞ്ഞവരെല്ലാം നിലംപതിച്ചതായി ഞാൻ കണ്ടു. പിന്നെ അവരെ ബദ്റിലെ പൊട്ടക്കിണറ്റിലേക്ക് വലിച്ച് കൊണ്ടുപോയി" (ബുഖാരി).

5. മുശ്‌രിക്കുകളിൽ നിന്നും പ്രവാചകൻﷺ ഏറ്റവും ശക്തമായ പീഡനം ലഭിച്ചത് ബുഖാരി തന്റെ സ്വഹീഹിൽ പറയുന്നുണ്ട്.

ഉർവത്ത് ഇബ്നു സുബൈർؓവിൽ നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: ഞാൻ അബ്ദുല്ലാഹ്ബ്നു അംറ്ബ്നുൽ ആസ്ؓവിനോട് പറഞ്ഞു: "അല്ലാഹുവിന്റെ റസൂലിനോട് മക്കാമുശ്‌രിക്കുകൾ ഏറ്റവും കൂടുതൽ പ്രവർത്തിച്ചതിനെ കുറിച്ച് എനിക്ക് അറിയച്ചുതരിക." അദ്ദേഹം പറഞ്ഞു: "പ്രവാചകൻﷺ കഅ്ബയിൽ നമസ്കരിച്ച് കൊണ്ടിരിക്കുമ്പോൾ ഉഖ്ബത്ത് ബ്നു അബീമുഈത് വരികയും പ്രവാചകന്റെ തോളിലിട്ട വസ്ത്രം കൊണ്ട് ശക്തമായി ചുറ്റി ഞെക്കിക്കൊല്ലാൻ ശ്രമിക്കുകയും ചെയ്തു. അപ്പോൾ, അബൂബക്കർؓ വരികയും അവന്റെ തോളിന് പിടിക്കുകയും പ്രവാചകനെ അവനിൽ നിന്ന് പ്രതിരോധിക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: 'എന്റെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുന്നതിനാൽ നിങ്ങൾ ഒരു മനുഷ്യനെ കൊല്ലുകയോ? അദ്ദേഹം നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിൽ നിന്നുള്ള വ്യക്തമായ തെളിവുകൾ കൊണ്ടുവന്നിട്ടുണ്ട്" (ബുഖാരി). **(തുടരും)**

മുഹമ്മദ് അജ്മൽ സി
mohdajmalc@gmail.com






# ഐ.ഐ.ടി ആത്മഹത്യ: യഥാർഥ പ്രതികൾ ആര്?

**ഐ.ഐ.ടി ക്യാമ്പസിലെ മലയാളിപ്പെൺകുട്ടിയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട വിവാദം കനക്കുകയാണ്. മീഡിയയും വിദ്യാർഥി സംഘടനകളും ഇരവാദത്തിന്റെ പല തലങ്ങളും ചർച്ച ചെയ്തുകഴിഞ്ഞു. പഠന സമ്മർദമോ അധ്യാപക പീഡനമോ ബ്രാഹ്മണിക്കൽ വരേണ്യ ബോധമോ ഇസ്‌ലാമോഫോബിക്കോ... എന്താണ് യഥാർഥത്തിൽ, ഉന്നത കലാലയങ്ങളിലെ വിദ്യാർഥി പിരിമുറുക്കങ്ങൾക്ക് കാരണം? പഠന കാലയളവിലെ അനുഭവങ്ങളെ മുൻനിർത്തി ഐ.ഐ.ടി ക്യാമ്പസിലെ മുൻ വിദ്യാർഥിയുടെ വിലയിരുത്തൽ.**

ഐഐടി മദ്രാസിൽ ഞാൻ താമസിക്കുന്ന ജമുന ഹോസ്റ്റലിന്റെ മുമ്പിൽ നിൽക്കുമ്പോഴാണ് കുറച്ച് പ്രൊഫസർമാർ മുന്നിലേക്കെത്തിയത്. 'റൂം നമ്പർ 365 എവിടെയാണ്?' എന്നോട് ചോദ്യമുന്നയിക്കുമ്പോൾ അവരെല്ലാം അൽപം ഭീതിയിലാണെന്ന് വ്യക്തം. 365ാം മുറി എവിടെയെന്ന് പറഞ്ഞു കൊടുക്കുമ്പോൾ അവരുടെ കൂടെ ചെല്ലാനാവശ്യപ്പെട്ടു. റൂമിന് മുമ്പിൽ ഞങ്ങളെത്തി. കൂടെയുള്ള പ്രൊഫസർമാർ മുട്ടിയിട്ടും റൂം തുറക്കുന്നില്ല. വാതിലിനടിയിൽ വെളിച്ചം കാണാം, ഫാനിന്റെ ശബ്ദവും കേൾക്കാം. കാര്യം മനസ്സിലാകാതെ ഒരൽപം അന്താളിച്ചുനിന്ന എന്നോട് വാതിൽ തള്ളിത്തുറക്കാൻ സഹായിക്കാൻ അവർ ആവശ്യപ്പെട്ടു. അൽപം ബലം പ്രയോഗിച്ച് റൂം തുറന്നപ്പോഴുണ്ട് ഒരു വിദ്യാർഥി ബോധരഹിതനായി കട്ടിലിനോട് തല ചാരിവെച്ച് കിടക്കുന്നു. അടുത്ത് കിടക്കുന്ന ഗു

ളികക്കൂടിൽ നിന്ന് ആവശ്യത്തിലധികം 'സ്ലീപിംഗ് പിൽസ്' അവൻ കഴിച്ചിട്ടുണ്ടെന്ന് മനസ്സിലായി. ആത്മഹത്യക്കുള്ള ബോധപൂർവമായ ശ്രമമെന്ന സൂചനകൾ! അവനെയേറ്റിയെടുത്ത് ആംബുലൻസിലെത്തിച്ചു. ആംബുലൻസിന്റെ ശബ്ദം ദൂരേക്ക് പോകുമ്പോഴും ഇത്തരത്തിലുള്ള ആദ്യാനുഭവത്തിന്റെ അങ്കലാപ്പിലായിരുന്നു ഞാൻ!

ഐഐടിയിൽ ആദ്യ വർഷം പൂർത്തിയാക്കി തിരിച്ച് നാട്ടിലേക്ക് വണ്ടികയറാൻ ചെന്നൈ സെൻട്രൽ റയിൽവേ സ്റ്റേഷനിലായിരുന്നു ഞാൻ. മെയ് മാസത്തിലെ ഉരുകുന്ന 'കത്തിരിച്ചൂടിലും' (ഏപ്രിൽ, മെയ് മാസത്ത ചൂട്) മനസ്സ് നിറയെ കുളിരാണ്. കാരണം, ഒരു വർഷം പൂർത്തിയാക്കി, മാസങ്ങൾക്ക് ശേഷം നാട്ടിലേക്കുള്ള യാത്രയാണ്. മൂന്ന് മാസത്തെ അവധിയും. മാംഗ്ലൂർ എക്സ്പ്രസിൽ കയറി ട്രെയിൻ എടുക്കുന്ന സമയത്ത് സുഹൃത്തിന്റെ മെസേജ് 'സ്വാമി ആത്മഹത്യ ചെയ്തു.' കത്തിരിച്ചൂടിനെ തോൽപിക്കുന്ന വിധം നെഞ്ചകമൊരു നെരിപ്പോടായി മാറി.

'സ്വാമി' എന്ന നിതിൻകുമാർ റെഡ്ഢിയെ പരിചയപ്പെടുന്നത് ജമുന ഹോസ്റ്റലിന്റെ ഫുട്ബോൾ ഗ്രൗണ്ടിൽ വെച്ചാണ്. ഐഐടിയിൽ ചേർന്ന ആദ്യമാസം അനുഭവിക്കുന്ന ചില ലഘു 'റാഗിങ്' പരിപാടികൾ കാരണം സീനിയേഴ്സിനെ ഒരൽപം പേടിയാണ്. കളിക്കാൻ ബൂട്ട് കെട്ടുന്നതിനിടയിൽ ആദ്യവർഷക്കാരനായ എന്റെ അടുത്ത് സ്വാമിയെന്ന അഞ്ചാം വർഷക്കാരൻ വന്നിരുന്നപ്പോൾ സ്വാഭാവികമായുമൊരൽപം ഭയം തോന്നി. എന്നാൽ എന്റെ ആശങ്ക കണ്ടറിഞ്ഞെന്ന് തോന്നുന്നു; എന്നോട് ഒരനിയനോടെന്ന പോലെ സ്വാമി സംസാരിച്ചു. പഠനത്തെ പറ്റി, പഠനേതര മേഖലകളിൽ കൂടി കൈവെക്കേണ്ടതിന്റെ ആവശ്യകതയെ പറ്റി, ഫുട്ബോളിനെ പറ്റി... അവസാനം നല്ല സുഹൃത്തുക്കളായാണ് ഞങ്ങൾ അവിടെ നിന്ന് പിരിഞ്ഞത്. പിന്നീടും പലതവണ സ്വാമിയെ കണ്ടു; ഹോസ്റ്റൽ സെക്രട്ടറി ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ശക്തമായ ചോദ്യങ്ങളുന്നയിക്കുന്ന പ്രതിപക്ഷമായി, ഫുട്ബോൾ ഗ്രൗണ്ടിൽ കണ്ണടച്ച് ചീത്ത പറയുന്ന സീനിയർ പ്ലെയർ ആയി, ഇന്റർ ഹോസ്റ്റൽ കോമ്പറ്റിഷനിൽ ജമുനയെ മുമ്പിൽ നിന്ന് നയിക്കുന്ന സീനിയർ ആയി. സ്വാമി ശരിക്കും ഒരു ആൾറൗണ്ടർ ആയിരുന്നു! സദാസമയം ചുണ്ടിൽ ചിരിയുണ്ടായിരുന്ന, 'ഹോസ്റ്റലിന്റെ ഗോഡ്ഫാദർ' ആയ സ്വാമി ആത്മഹത്യ ചെയ്യാൻ കാരണം ഫൈനൽ ഇയർ പ്രോജക്ടിന് ഗൈഡ് ആറ് മാസം എക്സ്റ്റൻഷൻ കൊടുത്തതാണത്രെ!

സ്വാമിയുടെ പിതാവ് 'ഡിആർഡിഒ'യിൽ ജോലി ചെയ്യുന്ന ലക്ഷ്മണ മൂർത്തി സംഭവത്തിൽ ദുരൂഹത ആരോപിച്ച് അന്വേഷണം ആവശ്യപ്പെട്ടു. അന്നത്തെ ഐഐടി മദ്രാസ് ഡീനി(സ്റ്റുഡന്റ്സ്)ന്റെ മറുപടി ആത്മഹത്യയെക്കാൾ എന്നെ ഞെട്ടിച്ചു: "മീഡിയ അനാവശ്യമായ പബ്ലിസിറ്റിയാണ് ഇത്തരം നെഗറ്റീവ് ആയ സംഭവങ്ങൾക്ക് നൽകുന്നത്. നിങ്ങൾ എന്തുകൊണ്ട് ഐഐടി മദ്രാസിലാണ് ഏറ്റവും കൂടുതൽ വിദ്യാർഥികൾ പേറ്റന്റുകൾ നേടുന്നത് എന്നത് റിപ്പോർട്ട് ചെയ്യുന്നില്ല? 5000 വിദ്യാർഥികളിൽ 3 പേർ ആത്മഹത്യ ചെയ്യുന്നത് സ്ഥിതിവിവരശാസ്ത്രക്കണക്ക് പ്രകാരം അപ്രധാനമാണ് (Statistically Insignificant). നിങ്ങൾ എന്തുകൊണ്ട് ഐഐടിയിലെ മാത്രം കണക്കെടുക്കുന്നു? മറ്റു എഞ്ചിനീയറിംഗ് കോളേജുകളിൽ പോയി എന്തുകൊണ്ട് നിങ്ങൾ എത്ര പേർ അവിടെ ആത്മഹത്യ ചെയ്തു എന്ന് നോക്കുന്നില്ല?" ഒരു സ്ഥാപന മേധാവിയിൽ നിന്ന് ഇതിലും അനുചിതമായത്, നിരുത്തരവാദപരമായത് എന്താണ് നമുക്ക് കേൾക്കാനാവുക?

ഐഐടിയിലെ ഓരോ വർഷം കഴിയുന്തോറും ഞെട്ടൽ ഒരുതരം നിസ്സംഗതയിലേക്ക് വഴിമാറി. രണ്ടോ മൂന്നോ പേർ ഓരോ വർഷവും ആത്മഹത്യ ചെയ്യുന്നു. കുടുംബാംഗങ്ങളുടെയും സഹപാഠികളുടെയും സങ്കടത്തോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് മരണപ്പെട്ട വിദ്യാർഥികളുടെ പേര് പോലും വെക്കാത്ത ഒരു അനുശോചനക്കുറിപ്പ് ഇ-മെയിൽ ആയി വരും. ചില മരണങ്ങളിൽ പ്രണയനൈരാശ്യമോ പഠനഭാരമോ പ്രോജക്ട് എക്സ്റ്റൻഷനോ കാരണമായി കേൾക്കാം. ഭൂരിഭാഗവും കാരണങ്ങൾ പുറം ലോകമറിയാതെ എവിടെയോ കുഴിച്ച് മൂടപ്പെടും!



വർഷങ്ങൾക്കിപ്പുറം ഫാത്തിമ ലത്തീഫ് എന്ന വിദ്യാർഥിനിയുടെ ആത്മഹത്യാ വാർത്ത ഫോണിൽ എത്തിയപ്പോഴും നിസ്സംഗത മാത്രമായിരുന്നു മനസ്സിൽ. എന്നാൽ എച്ച് എസ് ഇ പരീക്ഷയിൽ ഒന്നാം റാങ്കുകാരിയായിരുന്നു ഫാത്തിമ എന്നറിഞ്ഞപ്പോൾ നിസ്സംഗത അത്ഭുതത്തിന് വഴി മാറി! പിന്നീട് പുറത്ത് വന്ന ആത്മഹത്യാ കുറിപ്പും ഫാത്തിമയുടെ കുടുംബാംഗങ്ങളുടെ പ്രസ്താവനകളും മറ്റു വിവരങ്ങളും ഐ ഐ ടി മദ്രാസിൽ കാലങ്ങളായി നടക്കുന്ന ആത്മഹത്യ എന്ന ആചാരത്തെ സ്പോട്ട് ലൈറ്റിലേക്ക് കൊണ്ടുവന്നു. ഇന്ന് ലോകസഭയിൽ അടിയന്തര പ്രമേയമായി വരെ വിഷയം ഉന്നയിക്കപ്പെട്ടു. ചില അന്വേഷണങ്ങൾ ആവശ്യമാണ്. നമ്മുടെ കുട്ടികളെ ആത്മഹത്യാമുനമ്പുകളിലേക്ക് തള്ളിവിടുന്നത് ആരാണ്? എന്തെല്ലാം അവസ്ഥകളാണ്?



**നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥിതി കുട്ടികളുടെ മാനസികാരോഗ്യത്തിന് ഒരു പ്രാധാന്യവും നൽകുന്നതല്ല എന്നതാണ് വലിയ ദുരന്തം. സ്കൂളുകളിൽ ഒന്നും തന്നെ കൗൺസിലർമാരുടെ സൗകര്യം ലഭ്യമല്ല. മാർക്കിന് അമിതമായ പ്രാധാന്യം നൽകുന്ന വിദ്യാഭ്യാസ രീതി വിഷാദ രോഗം ബാധിച്ച ഒരുപാട് കുട്ടികളെയാണ് നമുക്ക് സമ്മാനിക്കുന്നത്. എന്നാൽ ഈയൊരവസ്ഥ തിരിച്ചറിയാനോ ആവശ്യമായ ചികിത്സ നൽകാനോ മാതാപിതാക്കൾക്കോ അധ്യാപകർക്കോ സാധിക്കുന്നില്ല.**

### ഫാത്തിമയുടെ ആത്മഹത്യ; ആരോപണങ്ങൾ, വസ്തുതകൾ, അനുഭവങ്ങൾ

പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ 99%ൽ അധികം മാർക്ക് നേടിയ ഫാത്തിമ എന്ന പെൺകുട്ടി എച്ച് എസ് ഇ എന്ന - അൻപത് പേരിൽ കുറവ് സീറ്റുകൾ മാത്രമുള്ള പരീക്ഷയിൽ നേടിയത് രണ്ടാം റാങ്കാണ്. ഹ്യുമാനിറ്റീസ് തിരഞ്ഞെടുത്ത് ഐഐടിയിൽ ഇന്റഗ്രേറ്റഡ് എംഎ കോഴ്സിന് ചേർന്നത് തന്നെ ഫാത്തിമ എന്ന പെൺകുട്ടിയുടെ നിശ്ചയദാർഢ്യത്തെ കുറിച്ച് ചിലതെല്ലാം നമ്മോട് പറയുന്നുണ്ട്. പത്താം തരത്തിൽ എല്ലാവിഷയത്തിലും എവൺ നേടിയിട്ടും സയൻസ് തിരഞ്ഞെടുക്കാതെ, ഹ്യുമാനിറ്റീസ് എടുത്ത് സിവിൽ സർവീസിന് ചേരണം എന്നുറപ്പിച്ച ഫാത്തിമ സമൂഹത്തിന്റെ ഒഴുക്കിനെതിരെ നീന്തിയവളാണ്. ആ ഫാത്തിമയാണ് ജീവനൊടുക്കിയത്! 'എന്റെ പേര് പോലും പ്രശ്നമാണ് വാപ്പിച്ചീ' എന്ന് ഫാത്തിമ പറഞ്ഞതായുള്ള വെളിപ്പെടുത്തൽ ഈ വിഷയത്തിന് പുതിയ മാനം നൽകി. 'വിവേചനം നേരിടുമോ എന്ന ഭയത്താൽ തട്ടം ധരിക്കാറില്ലായിരുന്നു' എന്ന അർഥത്തിലുള്ള ഉമ്മയുടെ കരഞ്ഞുകൊണ്ടുള്ള ആ വാക്കുകൾ ഫാത്തിമയുടെ വിഷയത്തെ ആളിക്കത്തിച്ചു. ഫാത്തിമ തന്റെ മരണത്തിന് ഉത്തരവാദിയായി എഴുതിവെച്ച ആർഎസ്എസ് വേദികളിലെ സ്ഥിരം മുഖമായ അധ്യാപകന്റെ പേര് വിഷയത്തിന് വർഗീയ മുഖം നൽകി. അതോടൊപ്പം പൊടുന്നനെ രണ്ട് അധ്യാപകരുടെ പേര് കൂടി വെളിപ്പെടുത്തുന്ന ഒരു ഫോട്ടോ ഓൺലൈൻ മാധ്യമങ്ങളിൽ പ്രചരിച്ചു; അതിലൊരാൾ ഇടതുപക്ഷ സഹയാത്രികനാണെന്നത് ആത്മഹത്യാ ഹേതുവിനെ കൂടുതൽ സങ്കീർണമാക്കി. ആത്മഹത്യ, മാനസികാരോഗ്യം, പഠന ഭാരം ഇസ്ലാമോഫോബിയ, വർഗീയ വിവേചനം, ജാതീയത... ഫാത്തിമയുടെ മരണഹേതുവിനെ സംബന്ധിച്ച് ഗൗരവതരമായ ചർച്ചകളും ആരോപണ പ്രത്യാരോപണങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

ചർച്ചകൾ ഈ വിഷയത്തെ സങ്കീർണമാക്കുന്നതിനിടയിൽ ചില വസ്തുതകൾ വേറിട്ട് മനസ്സിലാക്കേണ്ടതുണ്ട്:

1. തന്റെ പേര് പോലും പ്രശ്നമാണ് എന്ന് പിതാവിനോട് ഫാത്തിമ പറഞ്ഞതും തട്ടമിടാൻ മോൾക്ക് ഭയമായിരുന്നു എന്ന് ഫാത്തിമയുടെ മാതാവ് പറഞ്ഞതുമാണ് ഐഐടി ക്യാംപസിലെ ഇസ്ലാമോഫോബിയയുമായി ഫാത്തിമയുടെ മരണത്തെ ബന്ധിപ്പിച്ചത്. ഇതിൽ ഫാത്തിമയുടെ ഉമ്മ പറഞ്ഞ പോലെയല്ല കാര്യങ്ങൾ എന്നും ഫാത്തിമ പൊതുവെ ശിരോവസ്ത്രം ധരിക്കുന്ന ആളായിരുന്നില്ല എന്നും പിന്നീട് വെളിപ്പെട്ടു. ഉമ്മ ദിവസങ്ങളായി ഉറക്ക് മരുന്നുകളുപയോഗിക്കുകയാണ് എന്നും അങ്ങനെ പറഞ്ഞതാവാം ഇക്കാര്യം എന്നും ഫാത്തിമയുടെ ഇരട്ട സഹോദരി മാധ്യമങ്ങളോട് പറഞ്ഞിരുന്നു.

**ജാതീയത എന്നത് ഐഐടി മദ്രാസിൽ നിലനിൽക്കുന്നുണ്ട് എന്നതിൽ സംശയമൊന്നുമില്ല. ഇതിനർഥം ഐഐടി മദ്രാസിലെ അധ്യാപകർ ഏവരും ജാതീയത സ്പഷ്ടമായി പ്രകടിപ്പിക്കുന്നവരാണ് എന്നല്ല. അല്ലെങ്കിലും 'സ്പഷ്ടമായ' രീതിയിലല്ലല്ലോ ജാതിവ്യവസ്ഥ ഇന്ന് ഇന്ത്യൻ ആക്കാദമിക സ്ഥലങ്ങളിൽ പ്രതിഫലിക്കുന്നത്. 'ഉന്നതകുലജാത'രായ ചില അധ്യാപകർ അറിഞ്ഞോ അറിയാതെയോ വളരെ സൂക്ഷ്മമായ രീതിയിൽ തങ്ങളിൽ ആഴത്തിലൂന്നിയ ജാതീയത പ്രകടിപ്പിക്കുന്നത് കാണാം. ഇസ്‌ലാം വിരുദ്ധതയും അങ്ങനെ തന്നെ. ഇന്ത്യൻ സമൂഹത്തിന്റെ ഒരു പരിച്ഛേദമാണ് ഐഐടികളും. അതിനാൽ സമൂഹത്തിൽ നിന്ന് അൽപം ഏറിയോ കുറഞ്ഞോ ജാതീയതയും ഇസ്‌ലാമോഫോബിയയും ഇവിടെയുമുണ്ട് എന്നതിൽ ഒരു സംശയവും വേണ്ട.**




അതിനാൽ തന്നെ ഫാത്തിമയുടെ മരണത്തെ ഇസ്‌ലാമോഫോബിയയുമായി ബന്ധപ്പെടുത്താൻ സാധ്യതയുള്ള എന്തെങ്കിലും ഇപ്പോൾ നമുക്കറിവുണ്ടെങ്കിൽ അത് ഫാത്തിമയുടെ പിതാവിന്റെ വെളിപ്പെടുത്തൽ മാത്രമാണ് എന്നതാണ് വസ്തുത.

2. ഫാത്തിമയുടെ മരണവുമായി ബന്ധപ്പെട്ട് ആദ്യം ബന്ധുക്കൾ പുറത്തുവിട്ട ആത്മഹത്യാ കുറിപ്പിലെ പേര് ആർ എസ് എസ് അനുഭാവിയായിരുന്ന, ലോജിക് എന്ന വിഷയം പഠിപ്പിച്ചിരുന്ന സുദർശൻ പദ്മനാഭന്റെ പേരാണ്. എന്നാൽ പിന്നീട് ഇടത് സഹയാത്രികനും ഐഐടിയിലെ അംബേദ്കർ പെരിയാർ സ്റ്റഡി സർക്കിൾ അഡ്വൈസറുമായ മിലിന്ദ് ബ്രഹ്മേ, ഹേമചന്ദ്ര കാര എന്നീ അധ്യാപകരുടെ പേരുകൾ കൂടി ആത്മഹത്യക്ക് കാരണമായി പറയുന്ന ഒരു കുറിപ്പ് സോഷ്യൽ മീഡിയയിലും മനോരമ അടക്കമുള്ള ഓൺലൈൻ വാർത്താ വെബ്സൈറ്റുകളിലും പ്രസിദ്ധീകൃതമായി. എന്നാൽ ഇപ്പോൾ മനസ്സിലാക്കാൻ കഴിയുന്നത് അതൊരു വ്യാജ കുറിപ്പായിരുന്നു എന്നാണ്. ഒരുപക്ഷേ, ഈ വിഷയത്തിന് കൈവന്ന വർഗീയ വിവേചനത്തിന്റെ മാനം മറികടക്കാൻ സംഘ്പരിവാർ സോഷ്യൽ മീഡിയ ആർമി തയ്യാറാക്കിയ ഒന്നാന്തരം റെഡ്ഹെറിംഗ്.

**ഐഐടി മദ്രാസ്: ഇസ്‌ലാമോഫോബിയ, ജാതീയത**


ഐഐടി മദ്രാസും ജാതീയതുമായി ബന്ധപ്പെട്ട ആരോപണങ്ങൾ മുമ്പേ നിലനിൽക്കുന്നതാണ്. ഐഐടിയിലെ അധ്യാപക നിയമനങ്ങൾ സംവരണ നിയമങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാക്കുന്ന രേഖകൾ ഈയടുത്ത് പോലും വെളിച്ചത്ത് വന്നു. ഐഐടി അധ്യാപക നിയമനങ്ങളിലും 27% ഒബിസി, 15% ഷെഡ്യൂൾഡ് കാസ്റ്റ്, 7.5% ഷെഡ്യൂൾഡ് ട്രൈബ് എന്നിങ്ങനെയുള്ള നിയമങ്ങൾ പാലിക്കപ്പെടണം. എന്നാൽ ജൂൺ 2019ൽ വിവരാവകാശ പ്രകാരം കിട്ടിയ രേഖകൾ അനുസരിച്ച് 684 അധ്യാപകരിൽ 599 പേരും ഈ വിഭാഗങ്ങളിൽ നിന്നല്ല! അതായത് 87% ശതമാനവും ജനറൽ കാറ്റഗറികളിൽ നിന്ന്. SC അധ്യാപകരായി 16 പേരും OBC വിഭാഗത്തിൽ നിന്ന് 66 പേരും STയിൽ നിന്ന് 3 പേരും മാത്രമാണുള്ളത്. പിന്നാക്ക വിഭാഗങ്ങളിൽ നിന്ന് യോഗ്യതയുള്ളവർ ഇല്ല എന്ന പതിവ് സംവരണ വിരുദ്ധ ആരോപണവും ഇവിടെ നിലനിൽക്കുന്നതല്ല. 2019ൽ 271 പേർ ദളിത്/ആദിവാസി വിഭാഗങ്ങളിൽ നിന്ന് ജോലിക്ക് അപേക്ഷിച്ചപ്പോൾ അവരിൽ നിന്ന് ഇന്റർവ്യൂവിന് ക്ഷണിക്കപ്പെട്ടവരുടെ എണ്ണം അഞ്ച് മാത്രം; തിരഞ്ഞെടുക്കപ്പെട്ടവർ രണ്ടും! 2018ൽ 682 പേർ അപേക്ഷിച്ചതിൽ നിന്ന് ഇന്റർവ്യൂവിന് വിളിച്ചത് വെറും 16 പേരെ. അതായത് സാമൂഹിക നീതിയുടെ സകല സമവാക്യങ്ങളും തെറ്റിച്ചാണ് ഐഐടിയിലെ അധ്യാപക പ്രാതിനിധ്യം എന്നതിൽ ഒരു സംശയവുമില്ല. പിന്നാക്ക വിഭാഗങ്ങളിലെ അധ്യാപകരുടെ പ്രൊമോഷൻ തടഞ്ഞു വെച്ചതിന് മദ്രാസ് ഹൈക്കോടതിയുടെ ശക്തമായ വിമർശനത്തിനും 2016 ൽ ഐഐടി മദ്രാസ് പാത്രമായിട്ടുണ്ട്.

ജാതീയത എന്നത് ഐഐടി മദ്രാസിൽ നിലനിൽക്കുന്നുണ്ട് എന്നതിൽ സംശയമൊന്നുമില്ല. ഇതിനർഥം ഐ

ഐടി മദ്രാസിലെ അധ്യാപകർ ഏവരും ജാതീയത സ്പഷ്ടമായി പ്രകടിപ്പിക്കുന്നവരാണ് എന്നല്ല. അല്ലെങ്കിലും 'സ്പഷ്ടമായ' രീതിയിലല്ലല്ലോ ജാതി വ്യവസ്ഥ ഇന്ന് ഇന്ത്യൻ ആക്കാദമിക സ്ഥലങ്ങളിൽ പ്രതിഫലിക്കുന്നത്. 'ഉന്നതകുലജാത'രായ ചില അധ്യാപകർ അറിഞ്ഞോ അറിയാതെയോ വളരെ സൂക്ഷ്മമായ രീതിയിൽ തങ്ങളിൽ ആഴത്തിലൂന്നിയ ജാതീയത പ്രകടിപ്പിക്കുന്നത് കാണാം. ഇസ്‌ലാം വിരുദ്ധതയും അങ്ങനെ തന്നെ. ഇന്ത്യൻ സമൂഹത്തിന്റെ ഒരു പരിച്ഛേദമാണ് ഐഐടികളും. അതിനാൽ സമൂഹത്തിൽ നിന്ന് അൽപം ഏറിയോ കുറഞ്ഞോ ജാതീയതയും ഇസ്‌ലാമോഫോബിയയും ഇവിടെയുമുണ്ട് എന്നതിൽ ഒരു സംശയവും വേണ്ട.

ഒരു വ്യക്തി എന്ന നിലയിൽ ഇസ്‌ലാമോഫോബിക് ആയ അനുഭവം എന്റെ അധ്യാപകരിൽ നിന്ന് ഉണ്ടായിട്ടില്ല. എന്ന് കരുതി ആർക്കെങ്കിലും അത്തരം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവയെ നിരാകരിക്കാനോ നിഷേധിക്കാനോ ഈയുള്ളവന് കഴിയില്ല. ഫാത്തിമക്ക് തന്റെ പേര് തന്നെ പ്രശ്നമായി തോന്നാൻ അവൾ ശിരോവസ്ത്രം ധരിക്കുകയോ ഏതെങ്കിലും തരത്തിൽ തന്റെ മുസ്‌ലിം സ്വത്വം പ്രകടമായി വെളിപ്പെടുത്തുകയോ ചെയ്യേണ്ട ആവശ്യമില്ല എന്നത് തന്നെയാണ് സമകാലിക ഇന്ത്യൻ യാഥാർഥ്യം. പേര് തന്നെ പ്രശ്നമാണ് എന്ന് മുമ്പു നടന്ന പ്ലേ സംഭവങ്ങളിലും വെളിപ്പെട്ടതാണ്. അതിനുള്ള സാഹചര്യങ്ങൾ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. ഫാത്തിമയുടെ മരണത്തിന് പിന്നിൽ ഇത്തരമൊരു കാരണമുണ്ടോ എന്ന് തെളിച്ച് പറയാൻ നിഷ്പക്ഷമായ ഒരു അന്വേഷണത്തിലൂടെയേ സാധ്യമാകൂ.

എന്നാൽ ഐഐടിയെ മൊത്തം ഒരു ഇസ്‌ലാമോഫോബിക് കേന്ദ്രമായി പ്രചരിപ്പിക്കുന്നത് ഒരിക്കലും നീതീകരിക്കാവതല്ല. ഇന്ത്യയിൽ തന്നെ മുസ്‌ലിംകൾക്കും ക്രിസ്ത്യാനികൾക്കും ക്യാമ്പസിനുള്ളിൽ പ്രാർഥനാ സംവിധാനങ്ങളുള്ള ചുരുക്കം ചില ക്യാമ്പസുകളിൽ ഒന്നാണ് IIT Madras. മുസ്‌ലിം വിദ്യാർഥികൾക്ക് പ്രാർഥനാമുറി ഒരുക്കി തന്നുകൊണ്ട് ഡയറക്ടർ ഭാസ്കർ രാംമൂർത്തിയും അന്നത്തെ ഡീൻ എൽ.എസ് ഗണേഷും പറഞ്ഞത് കുട്ടികളുടെ spiritual well being കൂടി ഉറപ്പ് വരുത്തൽ തങ്ങളുടെ ബാധ്യതയാണ് എന്നായിരുന്നു. മോളെ ബനാറസിൽ വിടാതിരിക്കാൻ കാരണം ഉത്തരേന്ത്യയിൽ നടക്കുന്ന അനിഷ്ട സംഭവങ്ങളാണ് എന്ന് പറഞ്ഞ ഫാത്തിമയുടെ ഉമ്മയിൽ കാണുന്നത് ആധുനിക ഇന്ത്യൻ മുസ്‌ലിം സ്ത്രീയുടെ ആകുലതയാണ്. ഐഐടിയെ ഒരു ഇസ്‌ലാമോഫോബിക് കേന്ദ്രമായി ചാപ്പ കുത്തുന്നത് കൂടുതൽ മുസ്‌ലിം കുടുംബങ്ങളെ ഐഐടി മദ്രാസ് എന്ന MHRD റാങ്കിംഗ് പ്രകാരം ഇന്ത്യയിലെ ഒന്നാം നമ്പർ എഞ്ചിനീയറിംഗ് കോളേജിലേക്ക് മക്കളെ പറഞ്ഞയക്കുന്നതിൽ നിന്ന് പിന്തിരിപ്പിക്കുകയേ ഉള്ളൂ. ഇസ്‌ലാമോഫോബിയയെ ചെറുക്കേണ്ടത് ഐഐറ്റി ഫോബിയ സൃഷ്ടിച്ച് കൊണ്ടല്ല! ഐഐടിയിൽ മുസ്‌ലിംകൾക്ക് പ്രാർഥനാ സൗകര്യമുണ്ട്, ജുമുഅ നമസ്കാരം നടക്കുന്നുണ്ട്. ഇവിടെ ഹിജാബ് ധരിച്ച പെൺകുട്ടികൾ ഹ്യൂമാനിറ്റീസ് ഡിപ്പാർട്മെന്റിൽ അടക്കം പഠിച്ചിട്ടുണ്ട്, പഠിക്കുന്നുമുണ്ട്. ഇതിനർഥം സ്വത്വധിഷ്ഠിതമായ യാതൊരു വിധ പ്രയാസങ്ങളും ഒരു മുസ്‌ലിം വിദ്യാർഥിയും നേരിടുന്നില്ല എന്നൊന്നുമല്ല. കൂടുതൽ മുസ്‌ലിം വിദ്യാർഥികൾ ഇവിടെ എത്തിച്ചേരുക എന്നതാണ് ഇത്തരം പ്രയാസങ്ങളെ ചെറുക്കാനുള്ള ഏറ്റവും പ്രായോഗിക മാർഗം!




**ലോകത്ത് മുപ്പത് കോടി ജനങ്ങൾ വിഷാദ രോഗം ബാധിച്ചവരാണ് എന്നാണ് ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ വെളിപ്പെടുത്തുന്നത്. അതിൽ എട്ട് ലക്ഷം പേർ ഒരു വർഷം ആത്മഹത്യ ചെയ്യുന്നു! 15–29 പ്രായത്തിനിടയിലെ പ്രധാന മരണകാരണം ആത്മഹത്യയാണ്. ഇത്തരം പ്രയാസങ്ങൾക്ക് കൃത്യമായ ചികിത്സാ രീതികൾ ഉണ്ടെങ്കിലും പ്രതിബന്ധങ്ങൾ അനവധിയാണ്. വിദഗ്ധരായ ആളുകളുടെ കുറവ്, മാനസികാരോഗ്യവുമായി ബന്ധപ്പെട്ട സോഷ്യൽ സ്റ്റിഗ്മ എന്നിവയാണ് പ്രധാനപ്രശ്നങ്ങൾ.**

### ഐഐടി മദ്രാസ്: ആത്മഹത്യകൾ പെരുകുമ്പോൾ

ഐഐടി മദ്രാസിലെ അധികാരികളിൽ നിന്ന് വിദ്യാർഥി ആത്മഹത്യയോടുള്ള പ്രതികരണം നേരത്തെ സ്വാമിയുടെ ആത്മഹത്യയിൽ അന്നത്തെ

**ഐഐടിയെ മൊത്തം ഒരു ഇസ്‌ലാമോഫോബിക് കേന്ദ്രമായി പ്രചരിപ്പിക്കുന്നത് ഒരിക്കലും നീതീകരിക്കാവതല്ല. ഇന്ത്യയിൽ തന്നെ മുസ്‌ലിംകൾക്കും ക്രിസ്ത്യാനികൾക്കും ക്യാമ്പസിനുള്ളിൽ പ്രാർഥനാ സംവിധാനങ്ങളുള്ള ചുരുക്കം ചില ക്യാമ്പസുകളിൽ ഒന്നാണ് IIT Madras. മുസ്‌ലിം വിദ്യാർഥികൾക്ക് പ്രാർഥനാമുറി ഒരുക്കി തന്നുകൊണ്ട് ഡയറക്ടർ ഭാസ്‌കർ രാംമൂർത്തിയും അന്നത്തെ ഡീൻ എൽ.എസ് ഗണേഷും പറഞ്ഞത് കുട്ടികളുടെ spiritual well being കൂടി ഉറപ്പ് വരുത്തൽ തങ്ങളുടെ ബാധ്യതയാണ് എന്നായിരുന്നു. ഐഐടിയെ ഒരു ഇസ്‌ലാമോഫോബിക് കേന്ദ്രമായി ചാപ്പ കുത്തുന്നത് കൂടുതൽ മുസ്‌ലിം കുടുംബങ്ങളെ ഐഐടി മദ്രാസ് എന്ന MHRD റാങ്കിംഗ് പ്രകാരം ഇന്ത്യയിലെ ഒന്നാം നമ്പർ എഞ്ചിനീയറിംഗ് കോളേജിലേക്ക് മക്കളെ പറഞ്ഞയക്കുന്നതിൽ നിന്ന് പിന്തിരിപ്പിക്കുകയേ ഉള്ളൂ. ഇസ്‌ലാമോഫോബിയയെ ചെറുക്കേണ്ടത് ഐഐറ്റി ഫോബിയ സൃഷ്ടിച്ച് കൊണ്ടല്ല!**

ഡീൻ പ്രതികരിച്ചതിൽ നിന്ന് വ്യക്തമാണ്. വിദ്യാർഥികളുടെ ജീവനിലുപരി അധികാര സ്ഥാനങ്ങളിൽ ഇരിക്കുന്ന പലർക്കും പ്രശ്‌നം ഐഐടിയുടെ പേരും പ്രതിച്ഛായയുമാണ് എന്നത് സങ്കടകരമാണ്! ക്യാമ്പസിൽ നടക്കുന്ന ആത്മഹത്യകളെ സംബന്ധിച്ച് ഗൗരവതരമായ അന്വേഷണങ്ങൾ നടക്കുന്നതായി അറിവില്ല. കഴിഞ്ഞ പന്ത്രണ്ട് വർഷത്തിനിടയിൽ ഇരുപതോളം ആത്മഹത്യകളാണ് ഐഐടി മദ്രാസിൽ നടന്നിട്ടുള്ളത്. കഴിഞ്ഞ വർഷം മാത്രം നടന്നത് അഞ്ച് ആത്മഹത്യകളും! എന്ത് കൊണ്ട് ഇത്രയധികം ആത്മഹത്യകൾ എന്നൊരന്വേഷണം നടത്താനും കുട്ടികൾക്കാവശ്യമായ മാനസിക പിന്തുണ നൽകാനും പുറത്ത് നിന്ന് ഒരു സ്വതന്ത്ര ഏജൻസിയെ ഏൽപിക്കാനുള്ള സ്റ്റുഡന്റ്‌സ് കൗൺസിലിന്റെ ഏകകണ്ഠമായ തീരുമാനം, അത്ഭുതകരമെന്നു പറയട്ടെ; ഡീൻ (സ്റ്റുഡന്റ്) വീറ്റോ ചെയ്തു! ആർക്കെങ്കിലും അത്തരം പ്രശ്‌നങ്ങൾ ഉണ്ടെങ്കിൽ തന്നോട് സംസാരിക്കാം എന്ന വിചിത്രമായ നിലപാടാണ് ഡീൻ സ്വീകരിച്ചതത്രെ!

കേവലം അധ്യാപകനായ ഒരാൾക്ക് എങ്ങനെയാണ് ഒരു മാനസികരോഗ വിദഗ്ധന്റെയോ കൗൺസിലറുടെയോ ജോലിയെടുക്കാൻ സാധിക്കുക? ഫാത്തിമയുടെ മരണത്തിന് ശേഷവും ഡീൻ വിദ്യാർഥികൾക്കയച്ച സന്ദേശത്തിൽ 'നിങ്ങൾ എന്നോട് വന്ന് സംസാരിക്കൂ, നിങ്ങളുടെ ഏത് പ്രശ്‌നവും പങ്കുവെക്കാവുന്ന സുഹൃത്താണ് ഞാൻ' എന്നാണ് പറയുന്നത്! ഈ സന്ദേശത്തിലെ സദുദ്ദേശം പരിഗണിച്ചാലും ഇത്രയധികം ആത്മഹത്യകൾ നടന്നിട്ടും വിദഗ്ധരുടെ അന്വേഷണവും സേവനം ലഭ്യമാക്കാതിരിക്കുന്നതിൽ എന്ത് ന്യായമാണ് അധികൃതർക്ക് പറയാനാവുക? ഓരോ വിദ്യാർഥിയുടെ ജീവനും വിലപ്പെട്ടതാണ് എന്നും ഒരു മനുഷ്യനും statistically insignificant അല്ല എന്നുമുള്ള ബോധം എത്ര പി.എച്ച്. ഡി നേടിയാലാണ് മുകളിലിരിക്കുന്നവർക്ക് മനസ്സിലാവുക?

ഫാത്തിമക്ക് ആത്മഹത്യ ചെയ്യാൻ തക്ക മാനസിക പ്രയാസങ്ങൾ സൃഷ്ടിച്ചതെന്ത്? മതപരമായ വിവേചനമാണോ? അധ്യാപകരുടെ മാനസിക പീഡനമാണോ? പഠന കാരണങ്ങളാണോ? മറ്റെന്തെങ്കിലും പ്രശ്‌നങ്ങളാണോ? ഇക്കാര്യങ്ങൾ വ്യക്തമാവുക വിശദമായ അന്വേഷണത്തിന് ശേഷമായിരിക്കും. എത്ര അന്വേഷിച്ചാലും വ്യക്തത കിട്ടിയില്ല എന്നും വരാം. ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്; ഈ വിഷയത്തിലൂന്നി ഇസ്‌ലാമോഫോബിയ മാത്രം, അല്ലെങ്കിൽ മാനസികാരോഗ്യം മാത്രം ചർച്ച ചെയ്യുന്നത് അന്ധൻ ആനയെ കണ്ട പോലെയാണ്. ഫാത്തിമ ആത്മഹത്യ ചെയ്തിരുന്നില്ലെങ്കിലും ഇസ്‌ലാം വിരുദ്ധതയും ജാതീയതയും നമ്മുടെ വിദ്യാർഥികളുടെ മാനസികാരോഗ്യവും ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങൾതന്നെയാണ്. നമ്മുടെ വ്യക്തിപരമായ രാഷ്ട്രീയമോ നിലപാടുകളോ സാധൂകരിക്കത്തക്കവണ്ണം മാത്രം അഭിപ്രായങ്ങൾ രൂപീകരിക്കുന്നതും പ്രചരിപ്പിക്കുന്നതും ദോഷമേ വരുത്തൂ. ഒരു രാഷ്ട്രീയ മുതലെടുപ്പ് ഈ വിഷയത്തിൽ ഉണ്ടാകാതെ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്; ഒരുപാട് സംഘടനകൾ ഇടപെട്ട സ്ഥിതിക്ക് പ്രത്യേകിച്ചും.

ലോകത്ത് മുപ്പത് കോടി ജനങ്ങൾ വിഷാദ രോഗം ബാധിച്ചവരാണ് എന്നാണ് ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ വെളിപ്പെടുത്തുന്നത്. അതിൽ എട്ട് ലക്ഷം പേർ ഒരു വർഷം ആത്മഹത്യ ചെയ്യുന്നു! 15-29 പ്രായത്തിനിടയിലെ പ്രധാന മരണകാരണം ആത്മഹത്യയാണ്. ഇത്തരം പ്രയാസങ്ങൾക്ക് കൃത്യമായ ചികിത്സാ രീതികൾ ഉണ്ടെങ്കിലും പ്രതിബന്ധങ്ങൾ അനവധിയാണ്. വിദഗ്ധരായ ആളുകളുടെ കുറവ്, മാനസികാരോഗ്യവുമായി ബന്ധപ്പെട്ട സോഷ്യൽ സ്റ്റിഗ്മ എന്നിവയാണ് പ്രധാനപ്രശ്‌നങ്ങൾ.

നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥിതി കുട്ടികളുടെ മാനസികാരോഗ്യത്തിന് ഒരു പ്രാധാന്യവും നൽകുന്നതല്ല എന്നതാണ് വലിയ ദുരന്തം. സ്‌കൂളുകളിൽ ഒന്നും തന്നെ കൗൺസിലർമാരുടെ സൗകര്യം ലഭ്യമല്ല. മാർക്കിന് അമിതമായ പ്രാധാന്യം നൽകുന്ന വിദ്യാഭ്യാസ രീതി വിഷാദ രോഗം ബാധിച്ച ഒരുപാട് കുട്ടികളെയാണ് നമുക്ക് സമ്മാനിക്കുന്നത്. എന്നാൽ ഈയൊരവസ്ഥ തിരിച്ചറിയാനോ ആവശ്യമായ ചികിത്സ നൽകാനോ മാതാപിതാക്കൾക്കോ അധ്യാപകർക്കോ സാധിക്കുന്നില്ല.

വിദ്യാഭ്യാസം കച്ചവടവത്കരിക്കപ്പെട്ട കാലത്ത് കുട്ടികൾക്ക് മാനസിക പ്രയാസങ്ങൾ കടന്നുവരുന്നത് പല വിധേനയാണ്. വളരെ പ്രശസ്തമായ ഒരു വിദ്യാഭ്യാസ ആപ്പിന്റെ മാർക്കറ്റിങ് എക്‌സിക്യൂട്ടീവ്‌സ് വിദ്യാർഥികൾക്ക് ഓൺലൈൻ ടെസ്റ്റ് നടത്തിയതിന് ശേഷം മാതാപിതാക്കളെ സമീപിച്ച് കുട്ടിയുടെ പെർഫോമൻസ് ശരാശരിയിലും താഴെയാണ് എന്നും മറ്റു കുട്ടികളുടെ കൂടെയെത്താൻ തങ്ങളുടെ ആപ്പ് ഉപയോഗിക്കണം എന്നും പറയുന്നു! തന്റെ കുട്ടിയുടെ ഒരു മാർക്കിന് ആയിരങ്ങൾ ചെലവഴിക്കാൻ തയ്യാറാവുന്ന മാതാപിതാക്കളുടെ മാനസികാവസ്ഥയെ ചൂഷണം ചെയ്യുന്ന ഇവർ അതിനായി ചെയ്യുന്നത് കുട്ടികളിൽ 'അവർ മോശക്കാരാണ്' എന്ന ചിന്ത കുത്തിവെക്കുകയാണ്. ഇതിന്റെ പ്രത്യാഘാതങ്ങൾ നാം എങ്ങനെ പരിഹരിക്കും? ഈയിടെ ഒരു സുഹൃത്തിന്റെ പത്താം ക്ലാസിൽ പഠിക്കുന്ന സഹോദരി സ്‌കൂളിൽ പോകുന്നത് നിർത്തുകയുണ്ടായി. അതിനുള്ള കാരണം അധ്യാപകർ അവർക്ക് തോന്നിയ പോലെ കുട്ടികളെ ക്ലാസ് തിരിച്ചിരുത്തി എന്നതാണ്. ഏറ്റവും മികച്ച ക്ലാസിൽ ഉൾപ്പെടാത്ത, എന്നാൽ തന്റെ കഴിവുകളെ കുറിച്ച് ബോധ്യമുള്ള വിദ്യാർഥിക്ക് ഈ വേർതിരിവ് സൃഷ്ടിക്കുന്ന, തന്നെ തന്റെ അധ്യാപകർ രണ്ടാം തരമായി കാണുന്നു എന്ന ചിന്തയുണ്ടാക്കുന്ന മാനസികാഘാതം ചെറുതല്ല. സ്‌കൂൾ എന്നാൽ മാർക്ക് നേടാനുള്ള ഇടമായി മാത്രം പരിണമിക്കുമ്പോൾ നാം കുരുതി കൊടുക്കുന്നത് നമ്മുടെ കുട്ടികളെയും അവരുടെ വ്യത്യസ്തമായ കഴിവുകളെയുമാണ്! ഒരു കുട്ടിയുടെയും ആത്മഹത്യ നമുക്കൊരു രാഷ്ട്രീയ പ്രസ്താവനയായി മാറരുത്!

ഏതൊരു ഘട്ടത്തിലും ആത്മഹത്യ എന്നത് ചിന്തയിൽ പോലും വരേണ്ടതില്ല എന്നും നമ്മുടെ കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്. ഇസ്‌ലാം ആത്മഹത്യയെ ശക്തമായി വിലക്കുന്നു, വൻപാപങ്ങളിലൊന്നായി എണ്ണുന്നു. മനുഷ്യന്റെ മനസ്സിന് ഏതൊരു പ്രയാസകരമായ സമയത്തും ആശ്വാസമാകാൻ ഇസ്‌ലാമിക വിശ്വാസത്തിന് കഴിയുന്നുണ്ട്. നമുക്ക് തിന്മയെന്നു തോന്നുന്നത് ഭാവിയിൽ നന്മയായി ഭവിക്കാം എന്ന് ക്വുർആൻ പറയുന്നു. അല്ലാഹു നൽകിയത് തടയാനോ തടഞ്ഞത് നൽകാനോ ആർക്കും കഴിയില്ല എന്ന ഇസ്‌ലാമികാധ്യാപനം ദൈവത്തിൽ ഭരമേൽപിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്നു. സന്തോഷം വരുമ്പോൾ അല്ലാഹുവിനെ സ്തുതിക്കുകയും ദുഃഖസന്ദർഭങ്ങളിൽ ക്ഷമിക്കുകയും ചെയ്യുന്നത് വഴി സത്യവിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ എന്നാണ് മുഹമ്മദ് നബിﷺ പറഞ്ഞത്. നശ്വരമായ ഇഹലോക ജീവിതത്തിലെ പ്രയാസങ്ങൾ എത്ര കയ്‌പേറിയതായാലും മുറിവേൽപിക്കുന്നതായാലും ക്ഷമയവലംബിച്ചാൽ മരണശേഷം തങ്ങൾക്ക് പ്രതിഫലവും നീതിയും നൽകപ്പെടും എന്ന ചിന്ത ശാശ്വതമായ പരലോക ജീവിതത്തെ മുന്നിൽ കാണുന്നവരുടെ മനസ്സുകൾക്ക് സമാധാനമേകുന്നതാണ്. ആത്മഹത്യ ഒരിക്കലും ഒരു പരിഹാരമല്ല എന്ന ബോധം നമ്മുടെ വിദ്യാർഥികൾക്കുണ്ടാവട്ടെ. അവരില്ലാത്ത ലോകത്തെക്കാൾ എത്രയോ മനോഹരമാണ് അവരുള്ള ലോകം എന്ന് അവരെ ബോധ്യപ്പെടുത്തിക്കൊണ്ടേയിരിക്കുക!




**ഏതൊരു ഘട്ടത്തിലും ആത്മഹത്യ എന്നത് ചിന്തയിൽ പോലും വരേണ്ടതില്ല എന്നും നമ്മുടെ കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്. ഇസ്‌ലാം ആത്മഹത്യയെ ശക്തമായി വിലക്കുന്നു, വൻപാപങ്ങളിലൊന്നായി എണ്ണുന്നു. മനുഷ്യന്റെ മനസ്സിന് ഏതൊരു പ്രയാസകരമായ സമയത്തും ആശ്വാസമാകാൻ ഇസ്‌ലാമിക വിശ്വാസത്തിന് കഴിയുന്നുണ്ട്. നമുക്ക് തിന്മയെന്നു തോന്നുന്നത് ഭാവിയിൽ നന്മയായി ഭവിക്കാം എന്ന് ക്വുർആൻ പറയുന്നു. അല്ലാഹു നൽകിയത് തടയാനോ തടഞ്ഞത് നൽകാനോ ആർക്കും കഴിയില്ല എന്ന ഇസ്‌ലാമികാധ്യാപനം ദൈവത്തിൽ ഭരമേൽപിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്നു.**

ടി.കെ.അശ്റഫ്
tkashraf100@gmail.com

കൂട്ടായ്മ

# വായനയിലൂടെ വിജയത്തിലേക്ക്

അധ്വാനിക്കാതെ കുറുക്കുവഴിയിൽ കാര്യം നേടുകയെന്നത് പുതിയ കാലത്തിന്റെ പ്രവണതയാണ്. മതപരമായ വിജ്ഞാനം നേടുന്ന കാര്യത്തിലും ഈ സ്വഭാവം പ്രകടമാണ്. അറിവിന്റെ ലഭ്യമായ സ്രോതസ്സുകൾ പരിശോധിക്കാനും കാര്യങ്ങൾ കണ്ടെത്താനും പലരും പരിശ്രമിക്കാറില്ല. തന്റെ അലമാരയിൽ ക്വുർആൻ പരിഭാഷകളും പുസ്തകങ്ങളും യഥേഷ്ടം ഉണ്ടെങ്കിലും സംശയ നിവാരണത്തിനായെങ്കിലും അതൊന്ന് തുറന്ന് നോക്കാൻ പലരും പരിശ്രമിക്കാറില്ല. സംശയമുള്ള വിഷയത്തിൽ തന്റെയടുത്തുള്ള ഗ്രന്ഥങ്ങളും ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങളും പരിശോധിക്കാനാണ് പ്രഥമ പരിഗണന നൽകേണ്ടത്. വായിച്ച ശേഷമുണ്ടാകുന്ന വ്യക്തതക്ക് വേണ്ടിയാവണം പരിചയമുള്ള ഏതെങ്കിലും പ്രബോധകനോട് അന്വേഷിക്കുന്നത്.

ഇസ്‌ലാമിക പ്രസിദ്ധീകരണത്തിന് വരിചേർക്കാൻ ചെല്ലുമ്പോൾ ചിലർ ചോദിക്കുന്ന ചോദ്യത്തിൽ നിന്ന് വായനയോടുള്ള അവരുടെ വിമുഖത വ്യക്തമാകും. 'വീട്ടിലാരും വായിക്കാനില്ല,' 'വായിക്കാൻ വിചാരിച്ചാൽ തന്നെ സമയമെവിടെ?' തുടങ്ങിയ ചോദ്യങ്ങളിൽനിന്ന് മറ്റെന്താണ് മനസ്സിലാക്കാനാവുക? വീട്ടിലാരും വായിക്കാനില്ലെന്ന് പറയുമ്പോൾ പ്രതിയാകുന്നത് പറയുന്ന വ്യക്തി തന്നെയല്ലേ?

നല്ല വായന ആത്മാവിന്റെ ഭക്ഷണമാണ്. ശരീരത്തിന് ഭക്ഷണം ലഭിക്കാതെ വരുമ്പോഴുണ്ടാകുന്ന അപകടത്തെക്കാൾ വലിയ ദുരന്തമാണ് ആത്മാവിന് ഭക്ഷണം ലഭിക്കാതെ വരുമ്പോൾ സംഭവിക്കുന്നത്. വിശുദ്ധ ക്വുർആനും സ്രഷ്ടാവിനെക്കുറിച്ചുള്ള സ്മരണയുൾക്കൊള്ളുന്ന മറ്റു ഗ്രന്ഥങ്ങളും പാരായണം ചെയ്യുമ്പോൾ ഭയഭക്തി വർധിക്കുമെന്നതിൽ സംശയമില്ല. കാര്യങ്ങൾ പഠിച്ചറിഞ്ഞവർക്കും അല്ലാത്തവർക്കും ജീവിത കാഴ്ചപ്പാടിൽ വലിയ വ്യത്യാസങ്ങൾ ഉണ്ടാകും."...പറയുക, അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? ബുദ്ധിമാന്മാർ മാത്രമെ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ"(ക്വുർആൻ 39:9).

അറിവ് നേടൽ ഒരു സത്യവിശ്വാസിയുടെ നിർബന്ധ ബാധ്യതയാണന്ന് പ്രവാചകൻﷺ പഠിപ്പിച്ചിട്ടുണ്ട്. വായിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥത്തിന്റെ വക്താക്കൾ എന്റെ വീട്ടിൽ വായിക്കാനാരുമില്ലെന്ന് പറയുന്നത് ഗൗരവത്തിലെടുക്കേണ്ട കാര്യമാണ്. വായിക്കാനാളില്ല, സമയമില്ല, പണമില്ല... തുടങ്ങിയ തടസ്സവാദങ്ങൾ മതപരമായ വായനയുടെ കാര്യത്തിൽ മാത്രമെ പലരും ഉന്നയിക്കാറുള്ളൂ. ടി.വി ചാനലുകൾ, ഇന്റർനെറ്റ് കണക്ഷൻ, അനിവാര്യമല്ലാത്ത ബൈക്ക്-കാർ യാത്രകൾ, സോഷ്യൽ മീഡിയയിൽ വരുന്ന തമാശകൾ... പണവും സമയവും ഇങ്ങനെയുള്ള പല വഴികളിലും നാം ഏറെ ചെലവഴിക്കാറുണ്ട് താനും!

ശാശ്വത ജീവിതം പരലോകത്താണ്. അവിടേക്കുള്ള ഒരുക്കത്തിന് വേണ്ടി നാം അറിയേണ്ട ആശയങ്ങൾ നിർബന്ധമായും പഠിച്ചിരിക്കണം. ഇഹലോകത്തിന് പ്രാമുഖ്യം നൽകുന്നതാണ് മതപരമായ വായനയിൽ നിന്ന് അകലാൻ കാരണം. നാം നിത്യജീവിതത്തിൽ അഭിമുഖീകരിക്കുന്ന പല വിഷയങ്ങൾക്കുമുള്ള പരിഹാരം നിർദേശിക്കുന്ന ലേഖനങ്ങളും കുറിപ്പുകളും ഒരുപക്ഷേ, നാം വാങ്ങിവെച്ച ആനുകാലിക പ്രസിദ്ധീകരണത്തിലുണ്ടാവും. അതിന്റെ റാപ്പർ പോലും പൊട്ടിക്കാതിരിക്കുകയും തന്റെ പ്രശ്നങ്ങളെക്കുറിച്ചോർത്ത് ദുഃഖിക്കുകയും ചെയ്യുന്നവരെക്കുറിച്ച് എന്ത് പറയാനാണ്?!

ജീവിത ലക്ഷ്യത്തെക്കുറിച്ചുള്ള വായനക്കും പഠനത്തിനും സമയമില്ലന്ന് പറഞ്ഞ് മാറിനിന്നാൽ നമ്മുടെ കർമരേഖ നിർബന്ധപൂർവം വായിക്കേണ്ടി വരുന്ന ഒരു ദിനത്തിൽ നാം ഖേദിക്കേണ്ടി വരും. മനുഷ്യന്റെ വിശ്വാസത്തെയും സംസ്കാരത്തെയും ഇളക്കി മാറ്റുന്ന ലിബറൽ ചിന്താഗതികൾ ഓൺലൈൻ മാധ്യമങ്ങളിൽ നിറഞ്ഞ് നിൽക്കുമ്പോൾ നേർവഴിയിലേക്കുള്ള വായനയുടെ പ്രസക്തി വർധിക്കുകയാണ്. കാലാതിവർത്തിയായ ഇസ്‌ലാമിനെ കാലികമായി പ്രമാണത്തിലൂന്നിയവതരിപ്പിക്കുകയാണ് 'നേർപഥം' വാരിക നിർവഹിക്കുന്ന ദൗത്യം.

നവമ്പർ 15 മുതൽ ഡിസംബർ 15 വരെ അതിന്റെ പ്രചാരണ കാലമാണ്. കേൾവി മാത്രമല്ല; വായന കൂടി ഉണ്ടാകുമ്പോഴാണ് ആശയങ്ങൾക്ക് മനസ്സിൽ സ്ഥിരതയും വ്യക്തതയും ഉണ്ടാകുന്നത്. വിജ്ഞാനസമ്പാദനത്തിൽ താൽകാലിക പരിഹാരമല്ല നാം അന്വേഷിക്കേണ്ടത്. നിരന്തരവും സമയബന്ധിതവും ലക്ഷ്യബോധവുമുള്ള ഒരു വായനാ സംസ്കാരത്തിലേക്ക് നാം ഉണർന്നെഴുന്നേൽക്കണം. ●

ഡോ. സഫ ഹിഷാം
mail@nerpatham.com



# കുഞ്ഞുങ്ങളിലെ ദന്ത സംരക്ഷണം: ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ

ആകർഷകമായ പുഞ്ചിരിയാൽ ആരുടെയും മനസ്സ് കീഴടക്കുന്നവരാണ് കുഞ്ഞുങ്ങൾ. ഈ പുഞ്ചിരി എന്നും നിലനിർത്താൻ കുഞ്ഞുദന്തങ്ങളുടെ കാര്യത്തിൽ നാം ഇത്തിരി ശ്രദ്ധപുലർത്തേണ്ടതുണ്ട്. പാൽപല്ലുകൾ കേടുവന്നാൽ 'പാൽപല്ലല്ലേ, കൊഴിഞ്ഞുപോയി അവിടെ സ്ഥിരം പല്ലുകൾ വരുമല്ലോ, അതുകൊണ്ട് പേടിക്കേണ്ടതില്ല' എന്നൊരു ധാരണ പൊതുവെയുണ്ട്. എന്നാൽ പാൽപല്ലുകൾ കേടു കൂടാതെയും അവയുടെ സ്വാഭാവികമായ കൊഴിഞ്ഞുപോക്ക്വരെ നഷ്ടപ്പെടാതെയും സംരക്ഷിച്ചു നിലനിർത്തേണ്ടത് സ്ഥിര ദന്തരോഗങ്ങളുടെ മുക്തിക്കും കുഞ്ഞിന്റെ പൂർണ ആരോഗ്യത്തിനും അത്യന്താപേക്ഷിതമാണ്.

പാൽപല്ലുകൾ എന്നറിയപ്പെടുന്ന ഈ 20 എണ്ണം വരുന്ന ഇത്തിരിക്കുഞ്ഞൻമാർ ഏകദേശം 6 മാസത്തിൽ വരാൻ തുടങ്ങി രണ്ടര വയസ്സോടെ മുഴുവൻ പല്ലുകളും മുളച്ചു വരുന്നു. ചില കുഞ്ഞുങ്ങളിൽ ആറു മാസത്തിനു മുന്നേ വരാൻ തുടങ്ങും, ചില കുഞ്ഞുങ്ങളിൽ അഞ്ചോ ആറോ മാസം താമസിച്ച് വരികയും ചെയ്യുന്നു. ഇത് ഒരു പ്രശ്നമായി കരുതേണ്ടതില്ല, സ്വാഭാവികം മാത്രം. അപൂർവം ചില കുഞ്ഞുങ്ങളുടെ വായിൽ ജനിക്കുമ്പോൾ തന്നെ പല്ല് കാണപ്പെടാറുണ്ട്, അല്ലെങ്കിൽ ജനിച്ച് ഒരു മാസത്തിനുള്ളി

ലും പല്ല് മുളക്കുന്നു. ജന്മനാ കാണപ്പെടുന്ന ഇത്തരം പല്ലുകൾക്ക് ചെറുതായി ഇളക്കം തോന്നുന്നുവെങ്കിൽ അബദ്ധത്തിൽ കുഞ്ഞ് വിഴുങ്ങിപ്പോകാൻ ഇടയുള്ളതിനാലും അതുപോലെ കൂർത്ത അഗ്രങ്ങളോ മറ്റോ കാരണം മുലയൂട്ടുമ്പോൾ ബുദ്ധിമുട്ടുണ്ടാക്കുമെന്നതിനാലും പറിച്ചു കളയുന്നതിൽ കുഴപ്പമൊന്നുമില്ല.

പല്ലുകൾ മുളച്ചു വരുന്ന സമയത്ത് കുട്ടികളിൽ പനി, വയറിളക്കം, വിശപ്പില്ലായ്മ, നിർത്താതെയുള്ള കരച്ചിൽ മുതലായ ലക്ഷണങ്ങൾ കാണപ്പെടാറുണ്ട്. വായിൽ പല്ലിന്റെ മുള പൊട്ടുന്നതോട് കൂടി ഈ അസ്വസ്ഥതകൾ മാറി വരും.

ശേഷം ഏകദേശം 6 വയസ്സോട് കൂടി പാൽപല്ലുകൾ ഓരോന്നായി ഇളകാൻ തുടങ്ങുന്നു. പാൽപല്ലിനു താഴെയായി സ്ഥിരമായുള്ള പല്ലുകൾ മുളച്ചു തുടങ്ങുമ്പോഴാണ് പാൽപല്ലുകൾക്ക് ഇളക്കം തുടങ്ങുന്നത്. ഏകദേശം 12, 13 വയസ്സോട് കൂടിയേ മുഴുവൻ സ്ഥിരമായുള്ള പല്ലുകളും വന്ന് കഴിയുകയുള്ളൂ. ഈ കാലയളവിനിടയിൽ (ഏകദേശം 9 വയസ്സു മുതൽ 12 വയസ്സ് വരെയുള്ള കാലഘട്ടത്തിൽ) കുട്ടികളുടെ വായിലെ പല്ലിന്റെ ക്രമീകരണം കാണുമ്പോൾ ചെറിയ അഭംഗി തോന്നിയേക്കാം. പല്ലുകൾ തമ്മിൽ അസ്വാഭാവികമായ അകലങ്ങളോ അല്ലെങ്കിൽ തീരെ സ്ഥലമില്ലാത്ത പോലെയോ പല്ലുകൾക്ക് ഇത്തിരി ചെരിവോ ഒക്കെ തോന്നിയേക്കാം. സ്ഥിരമായി വന്ന പല്ലുകൾക്ക് കുറച്ച് വലിപ്പക്കൂടുതൽ ഉണ്ടോ എന്നും തോന്നാനിടയുണ്ട്. എന്നാൽ കുട്ടികളിൽ ഗണ്യമായ വളർച്ച നടക്കുന്ന ഘട്ടമായതിനാൽ താടിയെല്ലുകൾ ആനുപാതികമായി വളരുന്നത് കൊണ്ട് കുറച്ചു കാലങ്ങൾക്കുള്ളിൽ ഈ അഭംഗി മാറിക്കിട്ടും. ഈ ഘട്ടത്തെ ugly duckling stage എന്നാണ് വിളിക്കാറുള്ളത്. ഈ അവസ്ഥക്ക് പ്രത്യേക ചികിത്സ എടുക്കേണ്ട ആവശ്യമൊന്നും ഇല്ല. കുട്ടി വളരുമ്പോൾ സ്വാഭാവികമായി തന്നെ മാറി വരുന്നതാണ്.

### ദന്തക്ഷയം

ലോകാരോഗ്യസംഘടനയുടെ കണക്ക് പ്രകാരം ഏകദേശം 90% ആളുകളും ഒന്നല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള ഒരു ദന്തരോഗം ഉള്ളവരാണ്. ഇതിൽ കുട്ടികൾ കുറച്ചു മുന്നിലാണെന്ന് മാത്രം. മിക്ക കുട്ടികളിലും നാം സാധാരണയായി കാണാറുള്ളതാണ് പുഴുപ്പല്ലുകൾ. കറുപ്പോ കാപ്പിയോ മഞ്ഞയോ നിറത്തിൽ നാം കാണുന്ന ഈ കേടുകളെ അത് തുടങ്ങുമ്പോൾ തന്നെ ഒരു ദന്ത ഡോക്ടറെ കണ്ടാൽ ആ കേട് സാധാരണ രീതിയിൽ അടക്കാവുന്നതേ ഉള്ളൂ. എന്നാൽ ആ ഘട്ടം കഴിഞ്ഞാൽ പിന്നെ ആ കേട് പല്ലിന്റെ കൂടുതൽ ആഴത്തിലേക്ക് ഇറങ്ങുകയും പല്ലിന്റെ രക്തയോട്ടം നടക്കുന്ന ഭാഗത്തേക്ക് എത്തുകയും കുഞ്ഞുങ്ങൾക്ക് പല്ലിനു വേദനയും മോണയിലും മുഖത്തും വീക്കം കാണപ്പെടുകയും ചെയ്യുന്നു. ഈ ഘട്ടത്തിലെത്തിയാൽ മുതിർന്നവരിൽ നാം ചെയ്യുന്ന പോലെ കുഞ്ഞുങ്ങളിലും വേരു ചികിത്സ അഥവാ റൂട്ട് കനാൽ ചികിത്സ ചെയ്യണം. കൊഴിഞ്ഞു പോകുന്ന പല്ലല്ലേ, അതിന് എന്തിനു വേരുചികിത്സ, അതങ്ങ് പറിച്ചു കളഞ്ഞാൽ പോരേ എന്നു തോന്നിയേക്കാം. പക്ഷേ, ഒരു പല്ല് അതിന്റെ സ്വാഭാവികമായ ഇളക്കം വന്ന് പറിഞ്ഞു പോകേണ്ട കാലത്തിനു മുന്നേ തന്നെ പറിച്ച് ഒഴിവാക്കിയാൽ അതിന്റെ പിറകിൽ വരുന്ന സ്ഥിരദന്തങ്ങളുടെ വളർച്ചയെയും ക്രമീകരണത്തെയും പ്രതികൂലമായി ബാധിക്കും. അതുപോലെ താടിയെല്ലിന്റെ ശരിയായ വലിപ്പവും വളർച്ചയും നടക്കുന്നതും പാൽപല്ലുകളുടെ സാന്നിധ്യം കാരണമാണ് . അതിനാൽ പഴുപ്പും വേദനയും വന്ന പല്ല് വേരുചികിത്സ ചെയ്തു നിലനിർത്തൽ അത്യാവശ്യമാണ്. പല്ലിലെ കേട് കാരണമുള്ള നിറഭേദങ്ങളും പല്ല് പറിച്ച വിടവുകളും സ്കൂളിൽ പോകുന്ന കുഞ്ഞുങ്ങളിൽ അവരുടെ ആത്മവിശ്വാസത്തെ ബാധിക്കാനും ഇടയുണ്ട്. ഇത്തരം കാരണങ്ങൾ കൊണ്ടെല്ലാം തന്നെ അവയുടെ കേടുകൂടാതെയുള്ള സംരക്ഷണം പ്രാധാന്യമർഹിക്കുന്നതാണ്.



**ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ**

പല്ലുകളിൽ കേട് എങ്ങനെ വരുന്നു എന്ന് മനസ്സിലാക്കി അതിനനുസരിച്ച മുൻകരുതലുകൾ ചെയ്താൽ തന്നെ ഒരു വിധം പ്രശ്നങ്ങളെയെല്ലാം അകറ്റി നിർത്താം. പല്ലിൽ ഒട്ടിപ്പിടിച്ചിരിക്കുന്ന ഭക്ഷണ അവശിഷ്ടങ്ങളിൽ പ്രത്യേകിച്ച് മധുരപദാർഥങ്ങളിൽ സൂക്ഷ്മജീവികളായ ബാക്ടീരിയകൾ പ്രവർത്തിക്കുമ്പോഴാണ് പല്ലിൽ കേടുകൾ വന്ന് തുടങ്ങുന്നത്. പ്രത്യേകിച്ച് രാത്രിയിൽ വായിലെ ഉമിനീർ പ്രവാഹം കുറയുമെന്നതിനാൽ ബ്രഷ് ചെയ്യാതെ കിടന്നാൽ ആ സമയത്ത് ദന്തക്ഷയത്തിന്റെ തോത് വർധിക്കുന്നു. ഇത് ഇല്ലാതാക്കാനായി നാം ചെയേണ്ടത്:

1. പാൽപല്ലുകൾ മുളച്ചു തുടങ്ങുമ്പോൾ തന്നെ അവ വൃത്തിയാക്കാനും ശ്രദ്ധിക്കുക.

2. രാത്രി കുഞ്ഞിന് പാൽ കൊടുക്കുകയാണെങ്കിൽ പാൽ കൊടുത്ത ശേഷം ഉപ്പുവെള്ളത്തിൽ മുക്കിയ ഒരു തുണി വിരലിൽ ചുറ്റി അതുകൊണ്ട് കുഞ്ഞിന്റെ പല്ല് ഉറങ്ങുമ്പോൾ തന്നെ തുടച്ചു വൃത്തിയാക്കണം.

3. പല്ലുകൾ ദ്രവിക്കാതിരിക്കാൻ ബേബി ബ്രഷ് ഉപ്പുവെള്ളത്തിൽ മുക്കി പല്ല് ബ്രഷ് ചെയ്യിക്കണം. തുപ്പുവാൻ അറിയാത്ത കുട്ടികൾക്കു പേസ്റ്റ് ഉപയോഗിക്കേണ്ടതില്ല.

4. തുപ്പുവാൻ സാധിക്കുന്ന കുട്ടികൾക്ക് ഫ്ളൂറൈഡ് അടങ്ങിയ പേസ്റ്റ് ഉപയോഗിച്ചു ദിവസം 2 നേരം ബ്രഷ് ചെയ്യിക്കുക. ഒരു കുഞ്ഞു പയറുമണിയുടെ അത്രയോ അതിൽ കുറവോ വലിപ്പത്തിൽ പേസ്റ്റ് ഉപയോഗിക്കുക. പേസ്റ്റ് ഒരിക്കലും കുട്ടികൾക്കു സ്വതന്ത്രമായി ഉപയോഗിക്കാൻ വിട്ടുകൊടുക്കരുത്.

5. കുഞ്ഞുങ്ങൾക്ക് കൂടുതലായി ബിസ്കറ്റ്, ചോക്ലേറ്റ് മുതലായ പല്ലിൽ ഒട്ടിപ്പിടിക്കുന്ന തരം ഭക്ഷണങ്ങൾ കൊടുക്കാതെ വീട്ടിൽ പാകം ചെയുന്ന പലഹാരങ്ങൾ കൊടുക്കാൻ ശ്രദ്ധിക്കുക. അഥവാ കൊടുക്കുകയാണെങ്കിൽ കഴിച്ച ഉടൻ തന്നെ വായ വൃത്തിയാക്കിപ്പിക്കുക. വിറ്റാമിൻ ഡി, കാൽസ്യം ഇവ അടങ്ങിയ വിഭവങ്ങൾ കൂടുതലായി ഭക്ഷണത്തിൽ ഉൾപെടുത്തുക.

6. ആവശ്യമില്ലാതെ മിഠായി വാങ്ങിക്കൊടുക്കുന്ന ശീലം ഒഴിവാക്കുക. ഗിഫ്റ്റോ മറ്റോ നൽകുകയാണെങ്കിൽ കുട്ടി ആവശ്യപ്പെടാതെ ഒരിക്കലും മിഠായി വാങ്ങി കൊടുക്കാതിരിക്കുക. പകരം വേറെ വല്ലതും സമ്മാനമായി നൽകുക. മിഠായി കഴിക്കുകയാണെങ്കിൽ അത് കഴിച്ചു കഴിഞ്ഞ് കുഞ്ഞിന്റെ വായ കഴുകിപ്പിക്കുക.

7. പല്ലിൽ കളർമാറ്റമോ ഭക്ഷണം കയറിയിരിക്കുന്ന അസ്വസ്ഥയോ മറ്റു വല്ല കേടോ കണ്ടാൽ ഉടനെ ഒരു ദന്തഡോക്ടറെ സമീപിക്കുക. ആറു മാസത്തിലൊരിക്കൽ ഒരു ദന്തഡോക്ടറെ കൊണ്ട് പല്ല് ചെക്കപ്പ് ചെയ്യുന്നത് ഒരു ശീലമാക്കുക.

8. ദന്തഡോക്ടറെ കുറിച്ച് കുഞ്ഞിൽ അകാരണമായ ഭയം സൃഷ്ടിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുക. ഭക്ഷണം കഴിച്ചില്ലേലും പല്ലുതേച്ചില്ലേലും പല്ല് ഡോക്ടർ സൂചിവെക്കും, അല്ലെങ്കിൽ പല്ല് പറിക്കും എന്നൊന്നും പറഞ്ഞ് പേടിപ്പിക്കാതിരിക്കുക. അങ്ങനെയാവുമ്പോൾ സാധാരണ പല്ല് അടക്കാൻ പോലും ദന്തഡോക്ടറെ കാണാൻ കുഞ്ഞിന് പേടിയാകും. അതുപോലെ മുതിർന്നവരുടെ ദന്തചികിത്സക്ക് വരുമ്പോൾ കുഞ്ഞുങ്ങളെ കൊണ്ടുവരുന്നത് കഴിയുന്നതും ഒഴിവാക്കുക.

9. വിരൽ കുടിക്കൽ, വായതുറന്നുവെച്ച് ഉറങ്ങൽ, നാവ് കൊണ്ട് പല്ല് ഉന്തൽ തുടങ്ങിയ ശീലങ്ങൾ ശ്രദ്ധയിൽ പെട്ടാൽ എത്രയും പെട്ടെന്ന് അത് മാറ്റാനുള്ള നടപടികൾ സ്വീകരിക്കുക. ഇത് തുടർന്നാൽ മേൽവരിയിലെ പല്ലുകൾ പുറത്തേക്കുന്തുകയും മേൽകീഴ് താടികൾക്കിടയിൽ വിടവ് പ്രത്യക്ഷപ്പെടുകയും ഇത് പല പ്രശ്നങ്ങൾക്കും കാരണമാകുകയും ചെയ്യുന്നു.

10. ഓരോ ആഹാരത്തിനു ശേഷവും കുഞ്ഞിന്റെ വായ കഴുകി വൃത്തിയാക്കി കൊടുക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

11.കേട് വരാതിരിക്കാനുള്ള മുൻകരുതൽ ചികിത്സകളായ ഫ്ളൂറൈഡ് അപ്ലിക്കേഷൻ, പിറ്റ് ആൻഡ് ഫിഷർ സീലൻറ് അപ്ലിക്കേഷൻ മുതലായ ചികിത്സകളും ഇന്ന് ലഭ്യമാണ്.


കുഞ്ഞുങ്ങളുടെ ദന്താരോഗ്യ സംരക്ഷണത്തിൽ മാതാപിതാക്കൾക്കുള്ള പങ്ക് വലുതാണ്. ചെറുപ്രായത്തിൽ അവർക്ക് ലഭിക്കുന്ന പരിശീലനം തന്നെയാണ് വലിപ്പത്തിലും അവർക്ക് പ്രചോദനമാകുന്നത്. ●

**ലോകാരോഗ്യസംഘടനയുടെ കണക്ക് പ്രകാരം ഏകദേശം 90% ആളുകളും ഏതെങ്കിലും തരത്തിലുള്ള ഒരു ദന്തരോഗം ഉള്ളവരാണ്. ഇതിൽ കുട്ടികൾ മുന്നിലാണെന്ന് മാത്രം. മിക്ക കുട്ടികളിലും സാധാരണയായി കാണാറുള്ളതാണ് പുഴുപ്പല്ലുകൾ. കറുപ്പോ കാപ്പിയോ മഞ്ഞയോ നിറത്തിൽ നാം കാണുന്ന ഈ കേടുകളെ അത് തുടങ്ങുമ്പോൾ തന്നെ ഒരു ദന്ത ഡോക്ടറെ കണ്ടാൽ പരിഹരിക്കാവുന്നതേയുള്ളൂ.**

മൂസ സ്വലാഹി, കാര
moosakara001@gmail.com

വിമർശനം

**അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ: 9**



# അന്ധമായ അനുകരണം മതശാസനയോ?

**ഇ**സ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളായ വിശുദ്ധ ക്വുർആനും അതിന്റെ വിശദീകരണമായ നബിചര്യയുമാണല്ലോ മത വിഷയങ്ങൾ പഠിപ്പിക്കുന്ന സ്രോതസ്സുകൾ. നബിﷺയുടെ അനുചരന്മാരാണ് ഇതിന്റെ പ്രഥമ പ്രയോക്താക്കളും നേർസാക്ഷികളും. പ്രമാണങ്ങളെ അവർ അറിഞ്ഞ രീതി അനുസരിച്ചാണ് നാം അറിയേണ്ടത്.

വിശ്വാസ, കർമ കാര്യങ്ങളെ പ്രാമാണികമായി കൈകാര്യം ചെയ്യാൻ പ്രാപ്തരായ പണ്ഡിതന്മാർ എക്കാലത്തും ഉണ്ടായിട്ടുണ്ട്. അറിയപ്പെട്ട നാല് മദ്ഹബുകളുടെ ഇമാമുമാർ അവരിൽ പ്രധാനികളാണ്. വിശ്വാസ കാര്യങ്ങളിൽ ഇവർ ഒരു നിലപാടിലാണെങ്കിലും തെളിവുകളുടെ അപര്യാപ്തത, ഗവേഷണ പാടവത്തിലെ ഏറ്റക്കുറവ് എന്നീ കാരണങ്ങളാൽ കർമശാസ്ത്ര ചർച്ചകളിൽ അഭിപ്രായ വ്യത്യാസങ്ങൾ ഇവർക്കിടയിലുണ്ട്. എന്നാൽ തെളിവുകൾ ആധാരമാക്കിയാണ് അത്തരം കാര്യങ്ങളെ സമീപിക്കേണ്ടതെന്ന് അവർ ഉണർത്തിയിട്ടുമുണ്ട്.

ശിയായിസത്തിന്റെ പ്രചാരകരായ സമസ്തക്കാർ നാലാലൊരു മദ്ഹബിനെ അന്ധമായി അനുകരിക്കണമന്ന വാദം പേറുന്നവരാണെങ്കിലും മദ്ഹബിന്റെ ഇമാമുമാർ പറഞ്ഞതൊന്നും അവർ ഉൾക്കൊള്ളാറില്ലെന്നതാണ് വാസ്തവം. 2019 ഒക്ടോബർ 1-15 ലക്കം 'സുന്നി വോയ്സി'ൽ സാക്ഷാൽ കാന്തപുരം മുസ്ലിയാർ ഹസൻ മുസ്ലിയാരെ അനുസ്മരിച്ചെഴുതിയതിൽ നിന്ന് ഇവർ ഇന്നും അന്ധമായ അനുകരണ വാദത്തിൽ ഉറച്ച് നിൽക്കുന്നവരാണെന്ന് ബോധ്യമാകുന്നു.

മുസ്ലിയാർ എഴുതുന്നു: "ശാഫിഈ മദ്ഹബ് പ്രകാരമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം, പ്രഭാഷണം, ഫത്വ നൽകൽ തുടങ്ങിയവയെല്ലാം. എന്നാൽ മദ്ഹബ് വിരോധികളായ ബിദഇകൾ ആയത്തും ഹദീസും മാത്രം ഓതി വാദപ്രതിവാദങ്ങളിൽ വരുമ്പോൾ അദ്ദേഹം അവരെ അതേ രീതിയിൽ ഖണ്ഡിച്ചു" (പേജ്: 38).

സമസ്തക്കാർ ശാഫിഈ മദ്ഹബിന്റെ വക്താക്കളാണെന്നും സലഫികൾ മദ്ഹബുകളെ വെറുക്കുന്നവരാണെന്നും വരുത്തിത്തീർക്കാനാണ് ഈ വാക്കുകളിലൂടെ മുസ്ലിയാർ ശ്രമിക്കുന്നത്. ഇത് ആദ്യകാലം മുതൽ തന്നെയുള്ള സമസ്തയുടെ വിശ്വാസമാണ്. അവർ എഴുതി വെച്ചത് കാണുക:

"ഇസ്ലാമിൽ കർമപരവും വിശ്വാസപരവുമായ കാര്യങ്ങളുണ്ട്. വിശ്വാസ കാര്യങ്ങൾ ഇമാം അശ്അരിയും ഇമാം മാതുരീദിയും ക്രോഡീകരിച്ചിട്ടുണ്ട്. അതിനെതിരായ വിശ്വാസം ഇസ്ലാമിന്റെ വിശ്വാസമല്ല. കർമപരമായ കാര്യങ്ങൾ നാലിലൊരു മദ്ഹബനുസരിച്ചാകലും അനിവാര്യമാണ്. വിശ്വാസവും കർമവും ഇപ്പറഞ്ഞതിനെതിരായാൽ അത് ഇസ്ലാമിലില്ലാത്തതാണ്. ഇങ്ങനെയാണ് മുസ്ലിം ലോകത്തിന്റെ ഏകകണ്ഠമായ തീരുമാനം" (ഇവരെ എന്ത് കൊണ്ട് അകറ്റണം?/ചാലിയം എ.പി അബൂബക്കർ മുസ്ലിയാർ/ പേജ്: 19).

'ഇസ്ലാമിക വ്യവസ്ഥിതി നാല് മദ്ഹബുകളിൽ ഖണ്ഡിതമാണ്. പ്രമാണങ്ങളുടെ മൊത്തവും മദ്ഹബുകളിൽ പരാമർശിച്ചിട്ടുണ്ട്. മദ്ഹബ് പഠനം യഥാർത്ഥ ഇസ്ലാമിനെ സംബന്ധിച്ച പഠനമാണ്. മദ്ഹബ് പഠിക്കാത്ത ഒരാൾക്കും മുസ്ലിമായി ജീവിക്കാൻ കഴിയില്ല" (ശാഫിഈ മദ്ഹബ് /പൊന്മള അബ്ദുൽ ഖാദിർ മുസ്ലിയാർ).

ഇ.കെ വിഭാഗത്തിലെ ഒരു മുസ്ലിയാർ എഴുതുന്നു: "സാധാരണക്കാരന് മതപണ്ഡിതനെ പിൻപറ്റൽ നിർബന്ധമാണ്. പണ്ഡിതൻ സത്യം പറയട്ടെ, കളവ് പറയട്ടെ, അല്ലെങ്കിൽ ശരി പറയട്ടെ, അബദ്ധം പറയട്ടെ സാധാരണക്കാരുടെ ബാധ്യത പണ്ഡിതൻ പറയുന്നത് സ്വീകരിക്കലാണെന്ന കാര്യത്തിൽ ഇജ്മാഅ് ഉണ്ട്(മുസ്തഫ 2/123)." (മുജാഹിദ് പ്രസ്ഥാനം എങ്ങോട്ട്? അബ്ദുൽ ഹമീദ് ഫൈസി, പേജ്: 23).

എന്നാൽ ഇവർ പറയുന്നതിന് നേർവിരുദ്ധമാണ് ഇമാമുമാരുടെ നിലപാടുകൾ. നാല് മദ്ഹബുകളുടെ ഇമാമുമാർ തന്നെ അവരുടെ അഭിപ്രായങ്ങൾ പിൻപറ്റപ്പെടുന്നതിനെ കുറിച്ച് പറഞ്ഞത് കൂടി വായിക്കാം:

ഇമാം അബൂഹനീഫ(റഹി) (ഹിജ്റ 80-150) പറയുന്നു: "ഹദീഥ് സ്വഹീഹായി വന്നാൽ അതാകുന്നു എന്റെ അഭിപ്രായം"(ഹാശിയത്തു ഇബ്നു ആബിദീൻ 1/63).

"അല്ലാഹുവിന്റെ കിതാബിനും റസൂൽﷺയുടെ സുന്നത്തിനും എതിരായി ഞാൻ വല്ലതും പറഞ്ഞിട്ടുണ്ടെങ്കിൽ എന്റെ വാക്കുകൾ നിങ്ങൾ ഉപേക്ഷിക്കുക" (ഈകാദുൽ ഫഹ്മ, ശൈഖ് സ്വാലിഹ് ഫുല്ലാനി, പേജ്: 50).


ഇമാം മാലിക്ബ്നു അനസ്(റഹി) (ഹിജ്റ 95-179): "ശരിയും തെറ്റുമൊക്കെ സംഭവിക്കുന്ന ഒരു മനുഷ്യൻ മാത്രമാണു ഞാൻ. അതിനാൽ എന്റെ അഭിപ്രായങ്ങൾ നിങ്ങൾ നോക്കുക. ക്വുർആനിനോടും സുന്നത്തിനോടും യോജിക്കുന്നത് നിങ്ങൾ സ്വീകരിക്കുക. ക്വുർആനിനോടും സുന്നത്തിനോടും വിയോജിക്കുന്നത് ഒഴിവാക്കുകയും ചെയ്യുക" (ഉസ്വൂലുൽ അഹ്കാം, ഇബ്നു ഹസ്മ്: 6/149).

"പ്രവാചകൻﷺ ഒഴികെ ആരുടെ വാക്കിലും സ്വീകരിക്കാവുന്നതും തള്ളേണ്ടതുമുണ്ടായിരിക്കും"(ഉലുൽ അഹ്കാം: 6/140).

ഇമാം ശാഫിഈ(റഹി) (ഹിജ്റ 150-204) പറയുന്നു: "എന്റെ ഗ്രന്ഥത്തിൽ നബിﷺയുടെ സുന്നത്തിന് വിരുദ്ധമായത് വല്ലതും നിങ്ങൾ കണ്ടാൽ നബിﷺയുടെ സുന്നത്ത് നിങ്ങൾ സ്വീകരിക്കുക. ഞാൻ പറഞ്ഞത് നിങ്ങൾ ഉപേക്ഷിക്കുക" (ശർഹുൽ മുഅദ്ദബ്, ഇമാം നവവി(റഹി), 1/63).

"ഹദീഥ് സ്വഹീഹായി വന്നാൽ അതാകുന്നു എന്റെ അഭിപ്രായം"(ഇമാം ബൈഹകി).

ഇമാം അഹ്മദ്ബ്നു ഹമ്പൽ(റഹി) (ഹിജ്റ 164-241) പറയുന്നു: "നീ എന്നെയോ മാലികിനെയോ, ശാഫിഈയെയോ, ഔസാഈയെയോ അന്ധമായി



പിൻപറ്റരുത്. അവർ എവിടെ നിന്നാണോ (മതം) സ്വീകരിച്ചത് അവിടെ നിന്ന് നീ സ്വീകരിക്കുക" (അൽ ഇഅ്ലാം, ഇബ്നുൽ ക്വയ്യിം, 2/302).

"അല്ലാഹുവിന്റെ റസൂൽﷺയുടെ ഹദീഥ് ഒരാൾ തള്ളിയാൽ അവൻ നാശത്തിന്റെ വക്കിലാണ്"(ഇബ്നുൽജൗസി).

ഇതൊന്നും വകവെക്കാതെയാണ് പണ്ഡിതാഭിപ്രായങ്ങളെ തൊണ്ട തൊടാതെ വിഴുങ്ങാനും 'വാക്ക് കൊണ്ട്' മാത്രം ഏതെങ്കിലുമൊരു മദ്ഹബിന്റെ പക്ഷത്ത് നിൽക്കാനും ശരിയായ സ്രോതസ്സുകളിൽ നിന്ന് മതവിധികൾ തേടുന്നവരെ ആക്ഷേപിക്കാനും സമസ്ത തുനിഞ്ഞിറങ്ങുന്നത്.

വിശ്വാസാചാരങ്ങളെ സമസ്ത എടുത്തിട്ടുള്ളത് ശാഫിഈ മദ്ഹബ് പ്രകാരമാണെന്നാണ് സമൂഹമധ്യത്തിൽ പറയാറുള്ളത്. യഥാർഥത്തിൽ ഇവർ ഇച്ഛകൾക്കൊത്ത് മാത്രം ചലിക്കുന്ന 'മാഫീ മദ്ഹബു'കാരാണ്. സമസ്ത സഭ മെനഞ്ഞുണ്ടാക്കി തരംതിരിച്ചു വെച്ച ഒറ്റ അനാചാരത്തെയെങ്കിലും ഇമാം ശാഫിഈ അനുകൂലിച്ചിട്ടുണ്ടോ? ഇല്ലെന്ന് വ്യക്തം! ഹസൻ മുസ്‌ലിയാർ എല്ലാം നിർവഹിച്ചത് ശാഫിഈ മദ്ഹബ് പ്രകാരമായിരുന്നു എന്നാണല്ലോ മുസ്‌ലിയാരുടെ അവകാശവാദം. അങ്ങനെയെങ്കിൽ ന്യായമായും തോന്നിയ ചില സംശയങ്ങൾ ഇന്നത്തെ പണ്ഡിതന്മാരോട് ചോദിക്കട്ടെ:

1. പ്രാർഥന അല്ലാഹുവല്ലാത്തവരോടുമാകാം എന്ന ശിർക്കിനെ ഇമാം ശാഫിഈ അനുവദിച്ചിട്ടുണ്ടോ?

2. സഹായതേട്ടം മരണപ്പെട്ടവരോടുമാകാം എന്ന ശിർക്കിനെ അംഗീകരിച്ചിട്ടുണ്ടോ?

3. മതം പഠിപ്പിക്കാത്ത കാര്യങ്ങളെ മുൻനിർത്തിയുള്ള ഇടതേട്ടം ഇമാം ശാഫിഈയുടെ വിശ്വാസമാണോ?

4. ക്വബ്ർ പൂജയും ജാറ വ്യവസായവും ഇമാം ശാഫിഈ പഠിപ്പിച്ചതാണോ?

5. സ്ത്രീകൾക്ക് ജമാഅത്ത്, ജുമുഅ നമസ്കാരങ്ങൾ പള്ളിയിൽ വന്ന് നിർവഹിക്കാമെന്ന ഇസ്‌ലാമിന്റെ അനുവാദത്തെ ഇമാം ശാഫിഈ നിഷിദ്ധമാക്കിയിട്ടുണ്ടോ?

6. മരിച്ച വ്യക്തിക്ക് കൂലി കിട്ടാൻ വേണ്ടി സൂറതുയാസീൻ ഓതുക എന്ന ബിദ്അത്തിനെ ഇമാം ശാഫിഈ അനുകൂലിച്ചിട്ടുണ്ടോ?

7. നബിﷺയുടെ ജന്മ ദിനത്തെ ആഘോഷമാക്കി കൊണ്ടാടാൻ ഇമാം ശാഫിഈ പറഞ്ഞിട്ടുണ്ടോ?

8.അല്ലാഹുവിന്റെ വിശേഷണങ്ങളെ പരിഹസിക്കുന്നതിനും സൃഷ്ടികൾക്ക് വകവെച്ച് കൊടുക്കുന്നതിനും ഇമാം ശാഫിഈയുടെ ഫത്‌വകളുണ്ടോ?

9.നമസ്കാര ശേഷമുള്ള കൂട്ട പ്രാർഥന എന്ന ബിദ്അത്ത് ഇമാം ശാഫിഈ ചെയ്ത് കാണിച്ചതാണോ?

10. ബുർദ, ഹദ്ദാദ്, കുത്ത്റാത്തീബ് തുടങ്ങിയവയെല്ലാം ഇമാം ശാഫിഈ പഠിപ്പിച്ചതാണോ?

11. ആണ്ട് നേർച്ചകളും ഉറൂസുകളുമെല്ലാം ഇമാം ശാഫിഈ തുടങ്ങിയതാണോ?

12. മരണാനന്തരമുള്ള 3,7,40 എന്നിങ്ങനെ തീയതി കുറിച്ചു കൊണ്ടുള്ള സദ്യകൾ ഇമാം ശാഫിഈ നിർദേശിച്ചതാണോ?

ഇത്തരം ചോദ്യങ്ങൾക്കെല്ലാം മറുപടിയായി 'അതെ,' 'ഉണ്ട്,' 'കാണിച്ചു തരാം,' 'വായിച്ചു തരാം' എന്നീ പദപ്രയോഗങ്ങൾ സമസ്ത നേതാക്കന്മാരുടെ പക്കൽ സ്റ്റോക്കുണ്ട്. എന്നാൽ ഇമാം ശാഫിഈ(റഹി)യുടെ ഗ്രന്ഥങ്ങൾ ഉദ്ധരിച്ച് തെളിയിക്കാൻ ഇക്കാലമത്രയും ഇവർക്കായിട്ടില്ല. ഇനി ആവുകയുമില്ല.

മതപഠിതാക്കളിൽ മൂന്ന് തരക്കാറുണ്ട്.

1. ക്വുർആനിൽ നിന്നും സുന്നത്തിൽ നിന്നും നേരിട്ട് വിഷയങ്ങളെ നോക്കാൻ കഴിയുന്നവർ. ഇതിലേക്ക് സൂചന നൽകുന്ന ധാരാളം ആയത്തുകളുണ്ട്. അല്ലാഹു പറയുന്നു: "സമാധാനവുമായോ (യുദ്ധ) ഭീതിയുമായോ ബന്ധപ്പെട്ട വല്ല വാർത്തയും അവർക്ക് വന്നുകിട്ടിയാൽ അവരത് പ്രചരിപ്പിക്കുകയായി. അവരത് റസൂലിന്റെയും അവരിലെ കാര്യവിവരമുള്ളവരുടെയും തീരുമാനത്തിന് വിട്ടിരുന്നുവെങ്കിൽ അവരുടെ കൂട്ടത്തിൽ നിന്ന് നിരീക്ഷിച്ച് മനസ്സിലാക്കാൻ കഴിവുള്ളവർ അതിന്റെ യാഥാർഥ്യം മനസ്സിലാക്കിക്കൊള്ളുമായിരുന്നു. നിങ്ങളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ നിങ്ങളിൽ അൽപം ചിലരൊഴികെ പിശാചിനെ പിൻപറ്റുമായിരുന്നു"(4:83).

പണ്ഡിതന്മാർ നടത്തുന്ന ഗവേഷണം ശരിയായാൽ രണ്ട് കൂലിയും തെറ്റായാൽ ഒരു കൂലിയും ഉണ്ടെന്നും ശിക്ഷയില്ലെന്നും നബിﷺ പഠിപ്പിച്ചിട്ടുണ്ട്. അവരുടെ അഭിപ്രായങ്ങളിൽ ഏതാണോ പ്രാമാണികം അതാണ് പരിഗണിക്കേണ്ടത്.

2. തെളിവുകളോട് ഏറ്റവും അടുത്ത പണ്ഡിത നിലപാടുകളെ തെരഞ്ഞെടുക്കാൻ കഴിയുന്ന മതപഠിതാക്കൾ. ഇതിൽ പൊതുവായ അറിയിപ്പ് ക്വുർആൻ നൽകിയിട്ടുണ്ട്. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (4:59).

3. പ്രമാണങ്ങൾ തുറന്ന് വായിച്ച് മതവിധി കണ്ടെത്താൻ സാധിക്കാത്തവരും അറിയാത്ത കാര്യങ്ങളെ അറിവുള്ളവരോട് ചോദിച്ച് പഠിക്കൽ നിർബന്ധമായവരുമായവർ. അല്ലാഹു പറയുന്നു:

"നിനക്ക് മുമ്പ് പുരുഷൻമാരെ(ആളുകളെ)യല്ലാതെ നാം ദൂതൻമാരായി നിയോഗിച്ചിട്ടില്ല. അവർക്ക് നാം ബോധനം നൽകുന്നു. നിങ്ങൾ (ഈ കാര്യം) അറിയാത്തവരാണെങ്കിൽ വേദക്കാരോട് ചോദിച്ച് നോക്കുക" (21:7).

മത വിഷയങ്ങളെ സമീപിക്കുന്നതിന് ഇസ്‌ലാം അനുവദിച്ച വഴികൾ ഇത്ര ലളിതമായിരിക്കെ തെളിവു നോക്കാതെയുള്ള അനുകരണത്തെ നിർബന്ധമാക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്? അല്ലാഹു പറയുന്നു: "തങ്ങൾക്കിടയിൽ (റസൂൽ) തീർപ്പുകൽപിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികളുടെ വാക്ക്, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണ് വിജയികൾ"(24:51).

തക്വ്‌ലീദ് എന്നത് മറ്റൊരു നിലയ്ക്ക് ദീനിനെ അടുത്തറിയാനുള്ള വ്യക്തി സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടൽ കൂടിയാണ്. തൽഫലമായി മത നിയമങ്ങൾ മൂടപ്പെടുന്നു. ഇത് അതീവ ഗൗരവമുള്ള കാര്യമാണ്. അല്ലാഹു പറയുന്നു:

"അല്ലാഹു അവതരിപ്പിച്ച, വേദഗ്രന്ഥത്തിലുള്ള കാര്യങ്ങൾ മറച്ചുവെക്കുകയും അതിന്നു വിലയായി തുച്ഛമായ നേട്ടങ്ങൾ നേടിയെടുക്കുകയും ചെയ്യുന്നവരാരോ അവർ തങ്ങളുടെ വയറുകളിൽ തിന്നു നിറക്കുന്നത് നരകാഗ്നിയല്ലാതെ മറ്റൊന്നുമല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അല്ലാഹു അവരോട് സംസാരിക്കുകയോ (പാപങ്ങളിൽ നിന്ന്) അവരെ സംശുദ്ധരാക്കുകയോ ചെയ്യുകയില്ല. അവർക്ക് വേദനയേറിയ ശിക്ഷയുണ്ടായിരിക്കുകയും ചെയ്യും" (2:174).

മാത്രവുമല്ല ഇത്തരക്കാർക്കു നേരെ പരലോകത്ത് വെച്ച് സകലരും തിരിയുന്ന രംഗത്തെ കുറിച്ചും ക്വുർആൻ താക്കീത് നൽകിയിട്ടുണ്ട്. അല്ലാഹു പറയുന്നു: "അവരുടെ മുഖങ്ങൾ നരകത്തിൽ കീഴ്മേൽ മറിക്കപ്പെടുന്ന ദിവസം. അവർ പറയും: ഞങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ! അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളുടെ നേതാക്കൻമാരെയും പ്രമുഖൻമാരെയും അനുസരിക്കുകയും അങ്ങനെ അവർ ഞങ്ങളെ വഴിതെറ്റിക്കുകയുമാണുണ്ടായത്. ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് നീ രണ്ടിരട്ടി ശിക്ഷ നൽകുകയും അവർക്ക് നീ വൻ ശാപം ഏൽപിക്കുകയും ചെയ്യണമേ (എന്നും അവർ പറയും.)" (33:67-69).

പ്രമാണങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള മതാധ്യാപനങ്ങളെ ഗൗനിക്കാതെ മതവാണിഭം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവർ ഇത്തരം താക്കീതുകളെ ഓർക്കുന്നത് സകല അനാചാരങ്ങളെയും നിർത്തലാക്കാൻ സഹായമാകും. ●

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
abooyahyakfn@gmail.com

ഖുർആൻ പാഠം

# എഴുത്തും വായനയും

**വി**ശുദ്ധ ഖുർആൻ നൽകുന്ന പാഠങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് എഴുത്തും വായനയും മനുഷ്യനുമായി എങ്ങനെ ബന്ധപ്പെട്ടു നിൽക്കുന്നു എന്ന വിഷയത്തിന്റെ പ്രാധാന്യമാണ്. നാമൊക്കെയും എഴുതുന്നവരും വായിക്കുന്നവരുമാണ്. ഏതൊരു വിജ്ഞാനവും കരഗതമാകുന്നത് എഴുത്തിലൂടെയും വായനയിലൂടെയുമാണ്. അത് കൊണ്ട് തന്നെ നാം കേൾക്കുന്ന കാര്യങ്ങൾ നമുക്കും മറ്റുള്ളവർക്കും ഉപകരിക്കുന്ന രൂപത്തിൽ എഴുതി വെക്കാൻ ശീലിക്കേണ്ടതുണ്ട്. മഹാനായ പ്രവാചകൻﷺക്ക് ഏറ്റവും ആദ്യം അവതരിപ്പിക്കപ്പെട്ട അധ്യായത്തിലെ ആദ്യവചനങ്ങൾ ശ്രദ്ധിക്കൂ:

'സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക; നിന്റെ രക്ഷിതാവ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു. പേന കൊണ്ട് പഠിപ്പിച്ചവൻ. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു" (96:1-5).

വളരെ ശ്രദ്ധേയമായ വാക്കുകളാണിത്. മനുഷ്യ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നിടത്ത് വായനയെ സംബന്ധിച്ചും എഴുത്തിനെ സംബന്ധിച്ചും അല്ലാഹു സൂചിപ്പിച്ചത് മനുഷ്യൻ യഥാർഥ മനുഷ്യനായിത്തീരുന്നത് എഴുത്തും വായനയും ഉണ്ടാകുമ്പോഴാണ് എന്ന കാര്യം നമ്മെ ബോധ്യപ്പെടുത്താനാണ്. ഖുർആനിലെ ഒരു അധ്യായത്തിന്റെ പേര് തന്നെ 'ക്വലം' അഥവാ 'പേന' എന്നാണ്.(68:1) അധ്യായത്തിന്റെ തുടക്കത്തിൽ അല്ലാഹു പേനയെ കൊണ്ട് സത്യം ചെയ്തു പറയുന്നു. അതിൽ നിന്നും നമുക്ക് എഴുത്തിന്റെയും വായനയുടെയും പ്രാധാന്യം മനസ്സിലാക്കാവുന്നതാണ്.

അല്ലാഹുവിന്റെ സൃഷ്ടികളിലെ ആദ്യ സൃഷ്ടിയും പേനയാണ്. തുടർന്ന് അല്ലാഹു ആ പേനയോട് ആവശ്യപ്പെട്ടതാകട്ടെ എഴുതാനായിരുന്നു. അത് കൊണ്ട് തന്നെ ലോകത്തു ആദ്യം നടന്ന പ്രവർത്തി എഴുത്തായിരുന്നു എന്ന് പറയാം. എഴുത്തിന്റെയും വായനയുടെയും പ്രാധാന്യം നമ്മെ കൂടുതൽ ബോധ്യപ്പെടുത്തുന്നതാണ് ഈ തെളിവുകൾ.

അതിനാൽ നാം കേൾക്കുന്നതും അറിയുന്നതുമായ കാര്യങ്ങൾ എഴുതി വെക്കുക. ഒരു പേനയും കടലാസും കയ്യിൽ കരുതുക. ഇനി കേൾക്കുന്ന സന്ദർഭത്തിൽ എഴുതാൻ സാധിച്ചില്ലെങ്കിലും പിന്നീട് ഓർമ്മയിൽ നിന്നെങ്കിലും എഴുതി സൂക്ഷിക്കുക. എഴുത്തും വായനയും ജീവിതത്തിൽ നിന്നും ഒരിക്കലും മാറ്റി നിർത്താൻ നമുക്ക് പാടുള്ളതല്ല. വിജ്ഞാനം ശേഖരിക്കപ്പെടുന്നതും തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും യഥാർഥത്തിൽ എഴുത്തിലൂടെയും വായനയിലൂടെയുമാണ്. അതിലൂടെയാണ് മനുഷ്യൻ മനുഷ്യനായിത്തീരുന്നത്. സ്വഹാബികളിൽ ഏറ്റവും പ്രധാനിയാണ് അബൂഹുറയ്റ(റ). ധാരാളം ഹദീഥുകൾ അദ്ദേഹത്തിലൂടെ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഒരിക്കൽ അദ്ദേഹം പറഞ്ഞു: "എന്നെക്കാൾ കൂടുതൽ ഹദീഥുകൾ പ്രവാചകനിൽ നിന്നും ഉദ്ധരിച്ച സ്വഹാബിമാർ ഉണ്ടായിട്ടില്ല; അബ്ദുല്ലാഹ് ഇബ്നു അംറുബിനുൽ ആസ്(റ) ഒഴികെ. കാരണം അദ്ദേഹം എഴുതി സൂക്ഷിക്കാറുണ്ടായിരുന്നു. ഞാൻ എഴുതി വെക്കാറുമില്ലായിരുന്നു."

എഴുതിവെക്കുന്നവരുടെ അടുക്കലാണ് ധാരാളം വിജ്ഞാനമുണ്ടാകുന്നത് എന്ന് വ്യക്തം. എന്നാൽ മുഹമ്മദ് നബിﷺ നിരക്ഷരനായിരുന്നു. അതിനൊരു കാരണമുണ്ട്; പ്രവാചകന് എഴുത്തും വായനയും അറിയുമായിരുന്നെങ്കിൽ ഖുർആൻ അദ്ദേഹം എവിടെനിന്നോ കേട്ട് എഴുതിയതാണ് എന്ന് ആളുകൾ സംശയിച്ചേനെ!

അല്ലാഹു പറയുന്നു: "ഇതിന് മുമ്പ് നീ വല്ല ഗ്രന്ഥവും പാരായണം ചെയ്യുകയോ, നിന്റെ വലതുകൈ കൊണ്ട് അത് എഴുതുകയോ ചെയ്തിരുന്നില്ല. അങ്ങനെയാണെങ്കിൽ ഈ സത്യനിഷേധികൾക്ക് സംശയിക്കാമായിരുന്നു" (29:48).

എന്നാൽ അതേ പ്രവാചകൻﷺ തന്നെ മറ്റുള്ളവരെ എഴുത്തും വായനയും പഠിക്കാൻ ശക്തമായി പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. അതിനാൽ വിശുദ്ധ ഖുർആൻ മാനവരാശിക്ക് നൽകിയ വലിയ പാഠങ്ങളിൽ ഒന്ന് സൃഷ്ടിച്ച അല്ലാഹുവിന്റെ നാമത്തിൽ വായിക്കുകയും അത്യുദാരനായ അവന്റെ നാമത്തിൽ എഴുതുകയും ചെയ്യുക എന്നതാണ്. അങ്ങനെ എഴുത്തിലൂടെയും വായനയിലൂടെയും യഥാർഥ മനുഷ്യരായി നാം മാറുക. സർവശക്തൻ അനുഗ്രഹിക്കട്ടെ. ●

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com




# തിരിച്ചറിയുക, തിരുത്തുക

'വീണത് വിദ്യയാക്കുക' എന്നൊരു ചൊല്ലുണ്ട്. വല്ല അബദ്ധവും പറ്റിപ്പോയാൽ അത് അബദ്ധമല്ല എന്ന് വരുത്തിത്തീർക്കാനുള്ള കൗശലങ്ങളെപ്പറ്റിയാണ് ഇത് പറയാറുള്ളത്. മനുഷ്യനായാൽ അബദ്ധങ്ങളുണ്ടാവും എന്ന് ഉറപ്പാണ്. ചിലപ്പോൾ പിഴവു പറ്റിപ്പോയതാവാം. ഒരുദുർബല നിമിഷത്തിൽ കരുതിക്കൂട്ടിതെറ്റുചെയ്യുവാനും സാധ്യതയുണ്ട്. എന്നാൽ ഒരു നല്ല വ്യക്തി തന്റെ അബദ്ധം അല്ലെങ്കിൽ തെറ്റ് ബോധ്യമായാൽ തിരുത്തണം. തെറ്റിൽ ഉറച്ചുനിൽക്കരുത്, ന്യായീകരിക്കരുത്. വീണിടത്ത് കിടന്ന് ഉരുണ്ടുമറിയരുത്. ഏതൊരാളുടെയും സാമാന്യബുദ്ധിയുടെ തേട്ടമാണത്. അങ്ങനെത്തന്നെയാണ് മതം മനുഷ്യരോട് ആവശ്യപ്പെടുന്നതും.

മനുഷ്യചരിത്രത്തിന്റെ തുടക്കത്തിൽതന്നെ ആദം നബിﷺയിൽ നിന്നും ഹവ്വയിൽ നിന്നും തെറ്റു സംഭവിച്ചതും പിന്നീട് അവർ പശ്ചാതപിച്ചതും നാം മനസ്സിലാക്കിയിട്ടുണ്ട്. അല്ലാഹു പറയുന്നു:

"അവർ ഇരുവരും (ആദമും ഹവ്വയും) പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും കരുണകാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയാവരുടെ കൂട്ടത്തിലായിരിക്കും (ക്വുർആൻ 7:23).

ഒരു വാക്കിലോ പ്രവൃത്തിയിലോ നിലപാടിലോ മറ്റോ അബദ്ധം പിണയുക എന്നത് അപമാനമായി കാണരുത്. നബിﷺ പ്രമുഖരായ ക്വുറൈശി നേതാക്കളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് സംസാരിച്ചപ്പോൾ അന്ധനായ അബ്ദുല്ല എന്ന സ്വഹാബി നബിയോട് സംസാരിക്കാൻ അങ്ങോട്ട് ചെന്നു. സാഹചര്യം അറിയാതെ വന്ന അബ്ദുല്ലﷺയുടെ സമീപനം നബിﷺ ഇഷ്ടപ്പെട്ടില്ല. അത്കൊണ്ട് നബി അദ്ദേഹത്തിന് മുഖംകൊടുത്തില്ല. ഈ വിഷയത്തിൽ പിന്നീട് നബിﷺയെ ആക്ഷേപിച്ചുകൊണ്ട് ക്വുർആൻ വചനങ്ങൾ ഇറങ്ങുകയുണ്ടായി. ഈ സംഭവത്തിന്റെ ശേഷം നബിﷺ അദ്ദേഹത്തെ കാണുമ്പോൾ കൂടുതൽ ബഹുമാനവും സ്നേഹവും പ്രകടിപ്പിച്ചിരുന്നു. നബിﷺ മദീനയിൽ നിന്ന് പുറത്ത് പോകുമ്പോൾ പതിമൂന്ന് പ്രാവശ്യം രാജ്യകാര്യങ്ങൾ ഏൽപിച്ചത് അദ്ദേഹത്തെയായിരുന്നു. ബിലാൽﷺവിന്നു പുറമെ ബാങ്കുവിളിക്കാനുള്ള ചുമതലയും നബിﷺ അദ്ദേഹത്തെ ഏൽപിക്കുകയുണ്ടായി.

### അഹംബോധം

ഞാനെന്ന ഭാവം നാം ഭയപ്പെടേണ്ട ദുഃസ്വഭാവമാണ്. അത് സ്വയം തിരുത്താനും തിരിച്ചറിയാനും നമുക്ക് തടസ്സമാവും. വിനയവും കുറ്റബോധവും ഇല്ലാതെയാക്കും. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിൽ, ഭാര്യഭർതൃ സമീപനങ്ങളിൽ, കുടുംബാംഗങ്ങൾ തമ്മിൽ, സംഘടനാ പ്രവർത്തകർ തമ്മിലുള്ള സഹവാസത്തിൽ, ഒരു സമൂഹത്തിലെ സഹജീവികൾ തമ്മിലുള്ള സമീപനങ്ങളിൽ... ഇവയിലെല്ലാം ഈ ഞാനെന്ന ഭാവം വരുത്തിവയ്ക്കുന്ന വിന ചെറുതൊന്നുമല്ല. സാമൂഹ്യകലഹങ്ങൾക്കും ഭിന്നിപ്പുകൾക്കും വഴിവയ്ക്കുന്ന കാരണങ്ങളന്വേഷിച്ചാൽ ഏതെങ്കിലും ഒരാളുടെ പിടിവാശിയും വീണത് വിദ്യയാക്കാനുള്ള ശ്രമവുമൊക്കെയാണ് അതിന്റെ അടിസ്ഥാന കാരണം എന്ന് കാണാനാകും. സ്വന്തം തെറ്റുകൾ തിരിച്ചറിയാൻ ശ്രമിക്കാതിരിക്കുക വഴി മരണം വരെ തിന്മയിൽ കടിച്ചുതൂങ്ങി ജീവിതം നഷ്ടപ്പെടുത്തുന്നവരുണ്ടെന്നത് ഖേദകരമാണ്.

യൂനുസ് നബിﷺ നീനവാ പ്രദേശത്ത് എത്ര പ്രബോധനം ചെയ്തിട്ടും അന്നാട്ടുകാർ അദ്ദേഹത്തെ അംഗീകരിച്ചില്ല. ഒടുവിൽ അദ്ദേഹം കോപിഷ്ഠനായി നാടുവിട്ടു. അല്ലാഹുവിന്റെ അനുമതിക്ക് കാത്തു നിന്നില്ല. മറ്റൊരു ദേശത്തേക്ക് കപ്പലിൽകയറി യാത്ര ചെയ്യുമ്പോൾ കപ്പൽ മുങ്ങുന്ന സ്ഥിതിവന്നു. ഭാരം കുറക്കാൻ കപ്പലിലുള്ളവർ അദ്ദേഹത്തെ കടലിലെറിഞ്ഞു. ഒരുവലിയ മത്സ്യത്തിന്റെ വായിൽ അദ്ദേഹംഅകപ്പെട്ടു. അല്ലാഹുവിന്റെ വിധിയായിരുന്നു അത്. അദ്ദേഹം സ്വയം ചെയ്ത കുറ്റം തിരിച്ചറിഞ്ഞു. കുറ്റബോധമുണ്ടായി. തെറ്റിൽ നിന്ന് പശ്ചാതപിച്ചുമടങ്ങി. അല്ലാഹു പറയുന്നു:

"ദുന്നൂനിനെ(യൂനുസിനെ)യും ഓർക്കുക. അദ്ദേഹം കുപിതനായി പോയിക്കളഞ്ഞ സന്ദർഭം. നാം ഒരിക്കലും അദ്ദേഹത്തിന് ഞെരുക്കമുണ്ടാക്കുകയില്ലെന്ന് അദ്ദേഹം വിചാരിച്ചു. അനന്തരം ഇരുട്ടുകൾക്കുള്ളിൽ നിന്ന് അദ്ദേഹം വിളിച്ചു: നീയല്ലാതെ യാതൊരു ആരാധ്യനുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടുപോയിരിക്കുന്നു. അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും ദുഃഖത്തിൽ നിന്ന് നാം അദ്ദേഹത്തെ രക്ഷപ്പെടുത്തുകയും ചെയ്തു. സത്യവിശ്വാസികളെ അങ്ങനെയാണ് നാം രക്ഷിക്കുക" (ക്വുർആൻ 21:87,88).

തന്റെ തെറ്റുകൾ തിരിച്ചറിയാനും തിരുത്താനും ശരിയിലേക്ക് മടങ്ങാനുമുള്ള പാഠമാണ് ഇത്തരം ചരിത്രം നമുക്ക് നൽകുന്നത്.



**ഞാനെന്ന ഭാവം നാം ഭയപ്പെടേണ്ട ദുഃസ്വഭാവമാണ്. അത് സ്വയം തിരുത്താനും തിരിച്ചറിയാനും നമുക്ക് തടസ്സമാവും. വിനയവും കുറ്റബോധവും ഇല്ലാതെയാക്കും. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിൽ, ഭാര്യഭർതൃ സമീപനങ്ങളിൽ, കുടുംബാംഗങ്ങൾ തമ്മിൽ, സംഘടനാ പ്രവർത്തകർ തമ്മിലുള്ള സഹവാസത്തിൽ, ഒരു സമൂഹത്തിലെ സഹജീവികൾ തമ്മിലുള്ള സമീപനങ്ങളിൽ... ഇവയിലെല്ലാം ഈ ഞാനെന്ന ഭാവം വരുത്തിവയ്ക്കുന്ന വിന ചെറുതൊന്നുമല്ല. സാമൂഹ്യകലഹങ്ങൾക്കും ഭിന്നിപ്പുകൾക്കും വഴിവയ്ക്കുന്ന കാരണങ്ങളന്വേഷിച്ചാൽ ഏതെങ്കിലും ഒരാളുടെ പിടിവാശിയും വീണത് വിദ്യയാക്കാനുള്ള ശ്രമവുമൊക്കെയാണ് അതിന്റെ അടിസ്ഥാന കാരണം എന്ന് കാണാനാകും. സ്വന്തം തെറ്റുകൾ തിരിച്ചറിയാൻ ശ്രമിക്കാതിരിക്കുക വഴി മരണം വരെ തിന്മയിൽ കടിച്ചുതൂങ്ങി ജീവിതം നഷ്ടപ്പെടുത്തുന്നവരുണ്ടെന്നത് ഖേദകരമാണ്.**

### ഒരു തിരിച്ചറിവിന്റെ കഥ

നബിﷺയുടെ വിശ്വസ്ത സഹചാരികളിലൊരാളാണ് അബൂലുബാബ(റ). നബിﷺ ബദ്റിലേക്ക് പുറപ്പെട്ടപ്പോൾ മദീനയുടെ കാര്യദർശിയായി അദ്ദേഹത്തെയാണ് ചുമതലപ്പെടുത്തിയത്.

മദീനയിൽ നബിﷺയുമായി സമാധാന കരാറിൽ ജീവിച്ചിരുന്ന യഹൂദി വംശജരായ ബനൂഖുറൈദക്കാർ ആ കരാർ ലംഘിക്കാൻ തീരുമാനിക്കുകയും നബിയെയും അനുയായികളെയും ചതിയിൽ പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. ഇത്തരം കുറ്റം ചെയ്യുന്നവർക്ക് വധശിക്ഷ നൽകണമെന്നതാണ് യഹൂദമതത്തിലെ നിയമം. ആ ചതി ചെയ്തവർക്ക് വധശിക്ഷ നൽകണമെന്ന് നബിﷺ തീരുമാനിച്ചതനുസരിച്ച് മുസ്‌ലിം സൈന്യം ബനൂഖുറൈദയെ വളഞ്ഞു. ഈ ഗോത്രക്കാരുമായി പലനിലയ്ക്കും അടുത്ത ബന്ധമുണ്ടായിരുന്ന പ്രമുഖ സ്വഹാബി അബൂലുബാബ(റ) നബിﷺയുടെ ഈ തീരുമനത്തെപ്പറ്റി ചില സൂചനകൾ നൽകി. അത് അദ്ദേഹത്തിന്റെ പക്കൽ നിന്ന് വന്ന ഒരു അബദ്ധമായിരുന്നു. പിന്നീട് സൂറഃ അൽഅൻഫാലിലെ ഈ വചനം അവതരിച്ചു:

“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെയും റസൂലിനെയും വഞ്ചിക്കരുത്. നിങ്ങൾ വിശ്വസിച്ചേൽപിക്കപ്പെട്ട കാര്യങ്ങളിലും വഞ്ചിക്കരുത്” (8:27).

ഈ വചനം കേട്ടപ്പോൾ അബൂലുബാബ(റ) ഖേദിച്ചു. ഏറെ ദുഃഖിച്ചു. ബനൂഖുറൈദക്കാർക്ക് വധശിക്ഷ നടപ്പാക്കണമെന്ന നബിﷺയുടെ തീരുമാനം നബിﷺയുടെ അനുമതിയില്ലാതെ അവർക്കു സൂചന നൽകിയ കുറ്റബോധമാണ് അദ്ദേഹത്തെ വേദനിപ്പിച്ചത്. ഈ കുറ്റബോധത്താൽ അദ്ദേഹം ചെയ്തന്താണെന്നോ?

മദീനാപള്ളിയിൽ ഒരുതൂണിൻമേൽ അദ്ദേഹം തന്റെ ശരീരം സ്വയം വരിഞ്ഞുമുറുക്കി ബന്ധിച്ചു. ചെയ്തകുറ്റത്തിന് അല്ലാഹുവിന്റെ തീരുമാനം വരുന്നവരെ അങ്ങനെത്തന്നെ ഭക്ഷണവും പാനീയവുമില്ലാതെ നിൽക്കുമെന്ന് പ്രഖ്യാപിച്ചു. പിന്നീട് നബിﷺയാണ് അദ്ദേഹത്തിന്റെ കെട്ടഴിച്ചുവിട്ടത്.

തബൂക്ക് യുദ്ധത്തിൽ പങ്കെടുക്കാൻ സൗകര്യങ്ങളുണ്ടായിട്ടും അബദ്ധവശാൽ പോകാതെ നിന്ന മൂന്ന് സ്വഹാബികളും തെറ്റ് ബോധ്യമായപ്പോൾ സ്വന്തം ശരീരത്തെ പള്ളിയുടെതൂണിൻമേൽ ബന്ധിച്ചു ഖേദം പ്രകടപ്പിച്ച സംഭവവും ചരിത്രത്തിലുണ്ട്.

ഇതാണ് പൂർവികരുടെ രീതി. അവർ മഹാന്മാരായിട്ടു പോലും തങ്ങളിൽ നിന്നു സംഭവിച്ച അബദ്ധങ്ങളെ നിസ്സാരമായി കണ്ടില്ല. ഗൗരവമല്ലാതിരുന്ന വീഴ്ചകൾ പോലും തിരിച്ചറിഞ്ഞപ്പോൾ അവർ തിരുത്തി.

നബിﷺ പറഞ്ഞതായി അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ഉദ്ധരിക്കുന്നു: “തീർച്ചയായും ഒരു സത്യവിശ്വാസി തന്റെ പാപങ്ങളെ കാണുന്നത് തന്റെ മേൽ വീഴുമെന്ന് ഭയപ്പെടുന്ന ഒരു മലക്കു താഴെ ഇരിക്കുന്ന ആളുടെ മനോഭാവത്തോടെയായിരിക്കും. എന്നാൽ, ദുർമാർഗി തന്റെ പാപങ്ങളെ മൂക്കിന്നടുത്തുകൂടിപാറിനടക്കുന്ന ഒരു ഈച്ചയെപ്പോലെ നിസ്സാരമായിട്ടേ കാണൂ.”

ചുരുക്കത്തിൽ, നാം ശ്രദ്ധിക്കുക. തെറ്റുകളെ നിസ്സാരമായി കാണരുത്. അവ സ്വയം തിരിച്ചറിഞ്ഞു തിരുത്തുവാൻ നാം വിനയം കാണിക്കണം. താൻ പിടിച്ച മുയലിന് മൂന്നുചെവി എന്ന വാശിയുടെ നിലപാട് നമ്മുടെ കുടുംബ സാമൂഹ്യ-സംഘടനാ ജീവിതത്തെ തകർക്കുമെന്ന് മാത്രമല്ല, തിന്മയിൽ നിന്ന് കരപറ്റാതെ ആയുഷ്കാലം നഷ്ടമാകുന്ന സ്ഥിതിവരുമെന്ന് കൂടി ഓർക്കുക. ●

അബൂമുജാഹിദ് വളപട്ടണം
mail@nerpatham.com

ലേഖനം



# ലൈംഗിക വിശുദ്ധിയുടെ ഇഹപര നേട്ടം


**സ്ത്രീ** പീഡങ്ങളുടെ, മാനഭംഗങ്ങളുടെ ചൂടുള്ള വാർത്തകളുമായാണ് ദിനേന പത്ര മാധ്യമങ്ങൾ നമ്മുടെ കൈകളിലെത്തുന്നത്! മൂന്നു വയസ്സുള്ള പിഞ്ചു ബാലികയും തൊണ്ണൂറു വയസ്സുള്ള പടുവൃദ്ധയും പീഡനത്തിനിരയായ വാർത്ത കേൾക്കുമ്പോൾ ഞെട്ടലുളവാകാത്ത രൂപത്തിൽ അത് പതിവ് വാർത്തയായി മാറിയിരിക്കുന്നു. പിതാവ് മകളെ, അധ്യാപകൻ വിദ്യാർഥിനിയെ, സഹോദരൻ സഹോദരിയെ...! പിന്നെ വാണിഭങ്ങളും! മാതാപിതാക്കൾ കൗമാരം കടക്കാത്ത പെൺമക്കളെ കാശിനു വിൽക്കുന്നു! സമൂഹത്തിൽ ഉന്നത സ്ഥാനങ്ങളിലിരിക്കുന്നവരും സമ്പന്നരും സാധാരണക്കാരുമൊക്കെ ഉപഭോക്താക്കളായി മാറുന്നു!

സിനിമ പോലുള്ള മാധ്യമങ്ങളും ഇന്റർനെറ്റ് സംവിധാനവും മറ്റും വല്ലാത്തൊരു അവസ്ഥയിലേക്കാണ് സമുഹത്തെ ആനയിക്കുന്നത്. അവയുടെ ചീത്തവശങ്ങൾ ഉപയോഗപ്പെടുത്തുന്നതിലാണ് മനുഷ്യർക്ക് താൽപര്യം. വിവാഹപൂർവ ലൈംഗികബന്ധത്തെയും സ്വവർഗാനുരാഗത്തെും ആദർശവൽക്കരിക്കുവാനും അതിലൊന്നും യാതൊരു തെ

റ്റുമില്ലെന്ന് വരുത്തിത്തീർക്കുവാനും ശ്രമിക്കുന്നത് ആധുനിക മാധ്യമങ്ങളും ചില പുരോഗമന(?) ചിന്താഗതിക്കാരുമാണ്. വഴിവിട്ട ലൈംഗികതയുടെ ദുരന്തങ്ങൾ അനുഭവിക്കുന്ന ജനസമൂഹങ്ങളുടെ ദുരസ്ഥ അറിഞ്ഞിട്ടും ആ നാശത്തിന്റെ പാതയിലേക്ക് പാഞ്ഞടുക്കാൻ വെമ്പൽകൊള്ളുന്നവർ അനുഭവിച്ചറിയും. അതിന്റെ ദുരന്തം അല്ലാത്തവരെയും ബാധിക്കും എന്നതാണ് ഏറെ സങ്കടകരം.

ലൈംഗിക രംഗത്തെ അരാജകത്വം ഏറ്റവും അപകടകരമായ പാപമാണെന്നതിനാൽ ഇസ്‌ലാം അതി ശക്തമായി എതിർക്കുകയും അതിലേക്കുള്ള സകല വഴികളും കൊട്ടിയടക്കുകയും ചെയ്തിട്ടുണ്ട്. വിവാഹേതരവും പ്രകൃതിവിരുദ്ധവുമായ എല്ലാതരം ലൈംഗിക ബന്ധങ്ങളെയും ഇസ്‌ലാം നിഷിദ്ധമാക്കിയിട്ടുണ്ട്.

വിവാഹം എന്ന സംവിധാനം നിശ്ചയിച്ചു തന്നത് അല്ലാഹുവാണ്. വിവാഹം എന്ന സംവിധാനത്തിന് എതിരാകുന്നതും അതിന്റെ മൂല്യങ്ങളെ നിരാകരിക്കുന്നതുമായ എല്ലാറ്റിനെയും അവൻ വിലക്കിയിട്ടുണ്ട്. അല്ലാഹു അനുവദിച്ച രീതിയിലും, വിവാഹത്തിലടങ്ങിയ മൂല്യങ്ങളും യുക്തിയും അന്വർഥമാക്കുന്ന മാർഗത്തിലൂടെയുമല്ലാതെ തങ്ങളുടെ ലൈംഗിക വികാരങ്ങൾ ശമിപ്പിക്കുകയില്ല എന്നത് സത്യവിശ്വാസിയുടെ ഒരു സുപ്രധാന ലക്ഷണമാണ്.



വ്യഭിചാരം എന്നത് ഈ ജീവിതത്തിൽ വൻവിപത്തുണ്ടാക്കുന്നതും ചെയ്തവന്ന് പരലോകത്ത് വെച്ച് കഠിനശിക്ഷ ലഭിക്കുന്നതുമായ ഒരു വൻപാപമാണ്. ഇസ്‌ലാം വ്യഭിചാരത്തെ മാത്രമല്ല വിലക്കുന്നത്. അതിലേക്ക് നയിക്കുന്ന എല്ലാറ്റിനെയും വിലക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

"നിങ്ങൾ വ്യഭിചാരത്തെ സമീപിച്ചുപോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ച മാർഗവുമാകുന്നു." (അൽ ഇസ്റാഅ് 32).

വ്യഭിചാരത്തിലേക്ക് സമീപിക്കുന്നതിനെ വിലക്കുന്നതിലൂടെ, നോട്ടം, ശൃംഗാരം, സ്പർശനം, ചുംബനം, തുടങ്ങി അതിലേക്ക് നയിക്കുന്ന സകല കുറ്റകൃത്യങ്ങളെയും വ്യക്തമായി വിലക്കുകയാണ് ചെയ്യുന്നത്.

അബൂഹുറയ്റﷺ നിവേദനം. നബിﷺ പറഞ്ഞു: "ആദമിന്റെ സർവസന്താനങ്ങളുടെ മേലും വ്യഭിചാരത്തിൽ നിന്നുള്ള ഒരു ഓഹരി അല്ലാഹു നിശ്ചയിച്ചിരിക്കുന്നു. അതവൻ കരസ്ഥമാക്കുക തന്നെ ചെയ്യും. അതിൽ അസംഭവ്യതയില്ല. കണ്ണിന്റെ വ്യഭിചാരം നോട്ടമാണ്. കാതിന്റെ വ്യഭിചാരം കേൾവിയാണ്. നാവിന്റെ വ്യഭിചാരം സംസാരമാണ്. വായയുടെ വ്യഭിചാരം ചുംബനമാണ്. കയ്യിന്റെ വ്യഭിചാരം പിടിക്കലാണ് (അല്ലെങ്കിൽ സ്പർശനമാണ്). കാലിന്റെ വ്യഭിചാരം (പാപത്തിലേക്കുള്ള) നടത്തമാണ്. മനസ്സ് (അല്ലെങ്കിൽ ഹൃദയം) അഭിലഷിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു. ഗുഹ്യസ്ഥാനം അവയെ സത്യപ്പെടുത്തുകയും കളവാക്കുകയും ചെയ്യുന്ന." (ബുഖാരി, മുസ്‌ലിം).

ഈ ഹദീഥിൽ പരാമർശിച്ച ചെയ്തികളൊന്നും തന്നെ സമ്പൂർണ വ്യഭിചാരത്തിന് സമമല്ല. സമ്പൂർണ വ്യഭിചാരത്തിന് നൽകുന്ന ഭൗതിക ശിക്ഷ ഇവയ്ക്ക് ബാധകമല്ല. എന്നാൽ, അവയെ ശ്രദ്ധിക്കാതെ വിടുകയാണെങ്കിൽ ആത്യന്തികമായി അതിലേക്ക് നയിക്കും.

അബൂമൂസൽ അശ്അരിﷺ ഉദ്ധരിക്കുന്നു: റസൂൽﷺ പറഞ്ഞു:

"എല്ലാ കണ്ണുകളും വ്യഭിചരിക്കും. ഒരു സ്ത്രീ സുഗന്ധം പൂശിയ ശേഷം (പുരുഷന്മാരുടെ) ഒരു സദസ്സിന് മുന്നിലൂടെ നടന്നുപോകുകയാണെങ്കിൽ, അവൾ ഇന്ന ഇന്ന രൂപത്തിലുള്ളവളാണ് (അഥവാ, വ്യഭിചാരിണിയാണ്)" (തിർമിദി).

കുറ്റകൃത്യത്തിൽ സഹകരിക്കുകയോ, ഒരു വിശ്വാസിയെ പ്രലോഭിപ്പിക്കാൻ സഹായിക്കുകയോ ചെയ്യുന്നവർക്ക് പാപത്തിന്റെ ഒരു ഓഹരിയുണ്ടെന്ന് ഇത് തെളിയിക്കുന്നു.

അതിനാൽ, മറ്റുള്ളവർ കാണുംവിധം ഔറത്ത് വെളിവാക്കുന്നത് വ്യഭിചാരത്തിന്റെ ചില തലങ്ങളിലേക്കുള്ള വ്യക്തമായ ക്ഷണമാണ്. അതുകൊണ്ട് തന്നെ, ഔറത്ത് വെളിവാക്കുന്നത് വലിയൊരു പാ

പവും ശിക്ഷാർഹമായ ഒരു കുറ്റകൃത്യവുമാണ്.

നിഷിദ്ധമായ ഔറത്തുകളിലേക്കുള്ള നോട്ടമാണ് കണ്ണിന്റെ വ്യഭിചാരമെന്നതിനാൽ തങ്ങളുടെ ദൃഷ്ടികളെ നിയന്ത്രിക്കാൻ അല്ലാഹു വിശ്വാസിളോട് കൽപിക്കുന്നു: "(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു" (അന്നൂർ 30).

അല്ലാഹു സത്യവിശ്വാസിനികളോടും ഇത് തന്നെ കൽപിക്കുന്നുണ്ട്.

ആദ്യത്തെ നോട്ടം മാത്രമേ ഒരാൾക്ക് അനുവദിച്ചിട്ടുള്ളൂ. ശേഷമുള്ള നോട്ടങ്ങൾ പാപമാണ്. ബുറയ്ദ ﷺ നിവേദനം: നബി ﷺ അലി ﷺ യോട് പറഞ്ഞു:

"ഓ അലി, ഒരു നോട്ടത്തെ മറ്റൊരു നോട്ടം കൊണ്ട് നീ പിന്തുടർത്തരുത്. എന്തെന്നാൽ, ഒന്നാമത്തേത് നിനക്കുള്ളതാണ്. അടുത്തത് നിനക്കുള്ളതല്ല." (അഹ്മദ്, നസാഈ).

ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ലൈംഗികബന്ധം അടഞ്ഞ വാതിലുകൾക്കും മറയ്ക്കും പിന്നിൽ സ്വകാര്യതയിലാണ് നടക്കുന്നത്. അതിന്റെ വിശദാംശങ്ങൾ സ്വകാര്യതയിലും രഹസ്യസ്വഭാവത്തിലും നിലനിൽക്കണം. അത് മറ്റുള്ളവരുമായി പങ്കുവെക്കുന്നത് വിശ്വാസികളുടെ മനസ്സിൽ ദുഷ്ചിന്തകൾ വരാൻ കാരണമാകും. വ്യഭിചാരത്തിലേക്ക് നയിക്കുന്ന ഒരു കവാടമാണിത്. അതിനാൽ, അത് പൂർണമായും അടയ്ക്കണം.

ദമ്പതികൾ തമ്മിലുള്ള കിടപ്പറ രഹസ്യങ്ങളെയും അതുപോലെത്തന്നെ ലൈംഗികവികാരത്തെ ഉത്തേജിപ്പിക്കുന്ന മറ്റു കാര്യങ്ങളെയും കുറിച്ച് സംസാരിക്കുന്നത് വലിയ പാപമാണെന്ന് വ്യക്തം. ഈ പ്രവൃത്തി നാവിന്റെയും കാതിന്റെയും വ്യഭിചാരമാണ്. ലൈംഗികതാൽപര്യം ജനിപ്പിക്കുന്ന ഏത് കാര്യവും സംസാരിക്കുകയും കേൾക്കുകയും ചെയ്യുന്നത് നാവിന്റെയും കാതിന്റെയും വ്യഭിചാരത്തിന്റെ പരിധിയിൽ പെടും. ശൃംഗാരം, ലൈംഗികോത്തേജകമായ പാട്ടുകൾ, കാമോദ്ദീപകമായ തമാശകൾ എന്നിവ അതിന്നുദാഹരണങ്ങളാണ്.

സ്വന്തം ഭർത്താവിനും മഹ്റമുകൾക്കുമിടയിലും മാത്രമെ ഒരു സ്ത്രീക്ക് സുഗന്ധം ഉപയോഗിക്കാൻ അനുവാദമുള്ളൂ. ഒരു സ്ത്രീ അപരിചിതർക്കിടയിൽ സുഗന്ധം പൂശി നടന്നാൽ, അത് ഏറ്റവും ചുരുങ്ങിയത് അവളുടെ സൗന്ദര്യം പരിഗണിക്കാനുള്ള ക്ഷണമായി പരിണമിക്കും. അപ്രകാരം ഒരു സ്ത്രീ ചെയ്താൽ, അവൾ ലഘുവായ വ്യഭിചാരമാണ് ചെയ്യുന്നത്.

മഹ്റമല്ലാത്ത പുരുഷന്റെ കൂടെ ഒരു സ്ത്രീ സ്വകാര്യതയിൽ കഴിച്ചുകൂട്ടുവാൻ പാടില്ല. ഈ 'സ്വകാര്യത' എന്നത് വീടോ, ഓഫീസോ, കാറോ, ലിഫ്റ്റോ, അതുമല്ലെങ്കിൽ ഒരു നിരീക്ഷകന്റെ സാന്നിധ്യമുണ്ടാകാൻ നേരിയ സാധ്യത മാത്രമുള്ള തുറസ്സായ പാർക്കോ ആകാം. അത് പിശാചിന് കെണിയൊരുക്കാനും മനസ്സിൽ ദുഷ്ടവിചാരം ഉണ്ടാക്കുവാനും അവസരം നൽകലാണ്.

സ്വന്തം ഭാര്യ, കുടുംബത്തിലെ മറ്റു സ്ത്രീകൾ എന്നിവരുടെ കാര്യത്തിൽ ശ്രദ്ധചെലുത്താത്ത ചില പുരുഷന്മാരുണ്ട്. പാപത്തിലേക്ക് നയിക്കുന്ന കാര്യങ്ങൾ അവർ ചെയ്യുന്നത് അയാൾ ശ്രദ്ധിക്കുകയില്ല. ഉദാഹരണത്തിന്; നഗ്നത വെളിവാക്കൽ, പരപുരുഷന്മാരുമായി അയവുള്ള സമീപനം സ്വീകരിക്കൽ, പാർട്ടികളിലും ജോലിസ്ഥലങ്ങളിലും മറ്റും യാതൊരു നിയന്ത്രണവുമില്ലാത്ത വിധം പുരുഷന്മാരുമായി കൂടിക്കലരൽ എന്നിത്യാദി കാര്യങ്ങൾ തന്റെ കീഴിലുള്ള സ്ത്രീകളിലുണ്ടായാലും അയാൾ അത് ഗൗരവത്തിലെടുക്കുകയില്ല. പലപ്പോഴും തന്റെ കുടുംബത്തിലുള്ള സ്ത്രീകളെ അന്യപുരുഷന്മാരോടൊപ്പം പോകാൻ പ്രോത്സാഹിപ്പിക്കുകയും അതിനുവേണ്ട സൗകര്യങ്ങളൊരുക്കിക്കൊടുക്കുകയും ചെയ്യും. ഇങ്ങനെ ചെയ്യുന്ന പുരുഷനെ 'ദയ്യൂഥ്' എന്നാണ് നബി ﷺ വിശേഷിപ്പിച്ചത്.

ദയ്യൂഥിന്റെ ഈ അധാർമിക ചെയ്തി ഒരു വൻപാപമാണ്. അത് ചെയ്യുന്നവൻ ഒരിക്കലും സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്ന് താക്കീത് നൽകപ്പെട്ടിട്ടുണ്ട്.

അമ്മാർ ഇബ്നു യാസർ ﷺ നിവേദനം: റസൂൽ ﷺ പറഞ്ഞു:

"മൂന്നാളുകൾ-അവർ ഒരിക്കലും സ്വർഗത്തിൽ പ്രവേശിക്കുകയില്ല: ദയ്യൂഥ്, പുരുഷന്മാരോട് സാദൃശ്യം പുലർത്തുന്ന സ്ത്രീ, മദ്യപാനത്തിന് അടിമപ്പെട്ടവൻ" (ത്വബ്റാനി).

ഇബ്നു ഉമർ ﷺ നിവേദനം: റസൂൽ ﷺ പറഞ്ഞു:

"മൂന്നാളുകളുടെ മേൽ സ്വർഗം നിഷിദ്ധമാണ്. മദ്യപാനത്തിന് അടിമപ്പെട്ടവൻ, മാതാപിതാക്കളോട് മോശമായി പെരുമാറുന്നവൻ, സ്വന്തം കുടുംബത്തിലെ മ്ലേച്ഛത അംഗീകരിക്കുന്ന ദയ്യൂഥ്" (അഹ്മദ്, ഹാകിം). ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 69, ഭാഗം: 2

# ഹാക് വ (യഥാർഥ സംഭവം)

(മക്കയിൽ അവതരിച്ചത്)

13. കാഹളത്തിൽ ഒരു ഊത്ത് ഊതപ്പെട്ടാൽ,
14. ഭൂമിയും പർവതങ്ങളും പൊക്കിയെടുക്കപ്പെടുകയും എന്നിട്ട് അവ രണ്ടും ഒരു ഇടിച്ചു തകർക്കലിന് വിധേയമാക്കപ്പെടുകയും ചെയ്താൽ!
15. അന്നേദിവസം ആ സംഭവം സംഭവിക്കുകയായി.
16. ആകാശം പൊട്ടിപ്പിളരുകയും ചെയ്യും. അന്ന് അത് ദുർബലമായിരിക്കും.
17. മലക്കുകൾ അതിന്റെ നാനാഭാഗങ്ങളിലുമുണ്ടായിരിക്കും. നിന്റെ രക്ഷിതാവിന്റെ സിംഹാസനത്തെ അവരുടെ മീതെ അന്ന് എട്ടുകൂട്ടർ വഹിക്കുന്നതാണ്.
18. അന്നേദിവസം നിങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നതാണ്. യാതൊരു മറഞ്ഞകാര്യവും നിങ്ങളിൽ നിന്ന് മറഞ്ഞു പോകുന്നതല്ല.
19. എന്നാൽ വലതുകൈയിൽ തന്റെ രേഖ നൽകപ്പെട്ടവൻ പറയും: ഇതാ എന്റെ ഗ്രന്ഥം വായിച്ചുനോക്കൂ.
20. തീർച്ചയായും ഞാൻ വിചാരിച്ചിരുന്നു; ഞാൻ എന്റെ വിചാരണയെ നേരിടേണ്ടി വരുമെന്ന്.
21. അതിനാൽ അവൻ തൃപ്തികരമായ ജീവിതത്തിലാകുന്നു.
22. ഉന്നതമായ സ്വർഗത്തിൽ.
23. അവയിലെ പഴങ്ങൾ അടുത്തു വരുന്നവയാകുന്നു.
24. കഴിഞ്ഞുപോയ ദിവസങ്ങളിൽ നിങ്ങൾ മുൻകൂട്ടി ചെയ്തതിന്റെ ഫലമായി നിങ്ങൾ ആനന്ദത്തോടെ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക (എന്ന് അവരോട് പറയപ്പെടും).

فَإِذَا نُفِخَ فِي ٱلصُّورِ نَفۡخَةٞ وَٰحِدَةٞ ﴿١٣﴾

وَحُمِلَتِ ٱلۡأَرۡضُ وَٱلۡجِبَالُ فَدُكَّتَا دَكَّةٗ وَٰحِدَةٗ ﴿١٤﴾

فَيَوۡمَئِذٖ وَقَعَتِ ٱلۡوَاقِعَةُ ﴿١٥﴾

وَٱنشَقَّتِ ٱلسَّمَآءُ فَهِيَ يَوۡمَئِذٖ وَاهِيَةٞ ﴿١٦﴾

وَٱلۡمَلَكُ عَلَىٰٓ أَرۡجَآئِهَاۚ وَيَحۡمِلُ عَرۡشَ رَبِّكَ فَوۡقَهُمۡ يَوۡمَئِذٖ ثَمَٰنِيَةٞ ﴿١٧﴾

يَوۡمَئِذٖ تُعۡرَضُونَ لَا تَخۡفَىٰ مِنكُمۡ خَافِيَةٞ ﴿١٨﴾

فَأَمَّا مَنۡ أُوتِيَ كِتَٰبَهُۥ بِيَمِينِهِۦ فَيَقُولُ هَآؤُمُ ٱقۡرَءُواْ كِتَٰبِيَهۡ ﴿١٩﴾

إِنِّي ظَنَنتُ أَنِّي مُلَٰقٍ حِسَابِيَهۡ ﴿٢٠﴾

فَهُوَ فِي عِيشَةٖ رَّاضِيَةٖ ﴿٢١﴾

فِي جَنَّةٍ عَالِيَةٖ ﴿٢٢﴾

قُطُوفُهَا دَانِيَةٞ ﴿٢٣﴾

كُلُواْ وَٱشۡرَبُواْ هَنِيٓـَٔۢا بِمَآ أَسۡلَفۡتُمۡ فِي ٱلۡأَيَّامِ ٱلۡخَالِيَةِ ﴿٢٤﴾

13-18). പ്രവാചകന്മാരെ കളവാക്കിയവരെ അല്ലാഹു എന്തുചെയ്തുവെന്നാണ് ഇവിടെ പറഞ്ഞത്; അവർക്ക് എങ്ങനെ പ്രതിഫലം നൽകിയെന്നും ഇഹലോകത്ത് വെച്ച് തന്നെ അവർക്ക് ശിക്ഷ നൽ

കിയെന്നും. പ്രവാചകന്മാരെയും അവരെ പിൻപറ്റിയവരെയും അല്ലാഹു രക്ഷപ്പെടുത്തി. ഇതെല്ലാം അന്ത്യനാളിൽ പ്രവർത്തനങ്ങൾക്ക് പൂർണ പ്രതിഫലം നൽകുന്നതിന്റെ ആദ്യ നടപടികളാണ്. ഉയിർത്തെഴുന്നേൽപ് നാളിൽ സംഭവിക്കാനിരിക്കുന്ന ഭയാനകമായ കാര്യങ്ങൾ കൂടി പരാമർശിച്ചു. അതിന്റെ ആദ്യപടി ഇസ്‌റാഫീൽ ഊതലാണ് (കാഹളത്തിൽ). ശരീരങ്ങൾ വളർന്ന് പൂർണത പ്രാപിച്ചാൽ. (ഒരു ഊത്ത്) അപ്പോൾ ആത്മാവുകൾ പുറത്തുവരും. അങ്ങനെ ഓരോ ആത്മാവും അതിന്റെ ശരീരത്തിൽ പ്രവേശിക്കും. അങ്ങനെ എല്ലാ മനുഷ്യരും ലോകരക്ഷിതാവിലേക്കായി എഴുന്നേറ്റുവരും.

(ഭൂമിയും പർവതങ്ങളും പൊക്കിയെടുക്കപ്പെടുകയും എന്നിട്ട് അവ രണ്ടും ഒരു ഇടിച്ച് തകർക്കലിന് വിധേയമാക്കപ്പെടുകയും ചെയ്യും). പർവതങ്ങൾ ഛിന്നഭിന്നമാകും. ഭൂമിയോട് ചേർന്ന് അതില്ലാതെയാവുകയും പൊടിക്കപ്പെടുകയും ചെയ്യും. അങ്ങനെ ഭൂമി മുഴുവൻ ഒരു സമനിരപ്പായ മൈതാനമാകും. ഇറക്കമോ കയറ്റമോ അവിടെ കാണപ്പെടുകയില്ല. ഇതാണ് ഭൂമിക്കും അതിനു മുകളിലുള്ളവർക്കും സംഭവിക്കുക. എന്നാൽ ആകാശത്തിന് സംഭവിക്കുന്നതാകട്ടെ, അത് വിറകൊള്ളുകയും സഞ്ചരിക്കുകയും പൊട്ടിപ്പിളരുകയും അതിന് നിറമാറ്റം സംഭവിക്കുകയും ചെയ്യും. അതിന്റെ മഹാശക്തിയും ഉറപ്പും ക്ഷയിക്കുകയും ചെയ്യും. ഇതെല്ലാം അതിനെ വിറപ്പിച്ചു കളഞ്ഞ മഹാസംഭവത്താലും ദുരന്തത്താലും അതിനെ ദുർബലമാക്കുകയും അതിന്റെ ശക്തി ക്ഷയിപ്പിക്കുകയും ചെയ്തിരിക്കുകയാണ്.

(മലക്ക്) ആദരണീയരായ മലക്കുകൾ. (അതിന്റെ നാനാഭാഗങ്ങളിൽ) ആകാശത്തിന്റെ ഭാഗങ്ങളിൽ തങ്ങളുടെ രക്ഷിതാവിന് കീഴ്പ്പെട്ട് അവന്റെ മഹത്ത്വത്തിന് വിധേയരായി വരും. (നിന്റെ രക്ഷിതാവിന്റെ സിംഹാസനത്തെ അവരുടെ മീതെ അന്ന് എട്ടുകൂട്ടർ വഹിക്കുന്നതാണ്) ശക്തിയുടെ പാരമ്യതയിലുള്ള അധികാരങ്ങൾ. അടിമകൾക്കിടയിൽ നീതിയോടെയും സമത്വത്തോടെയും ഔദാര്യത്തോടെയും വിധി പറയുകയും തീർപ്പ് കൽപിക്കുകയും ചെയ്യാൻ അവൻ വന്നാൽ (അന്നേദിവസം നിങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നതാണ്). അല്ലാഹുവിങ്കൽ (യാതൊരു മറഞ്ഞകാര്യവും നിങ്ങളിൽ നിന്നും മറഞ്ഞുപോകുന്നതല്ല) നിങ്ങളുടെ ശരീരങ്ങളിൽ നിന്നോ തടികളിൽ നിന്നോ പ്രവർത്തനങ്ങളിൽ നിന്നോ സ്വഭാവങ്ങളിൽ നിന്നോ ഒന്നും തന്നെ. കാരണം അല്ലാഹു ദൃശ്യവും അദൃശ്യവും അറിയുന്നവനാണ്. നഗ്നരായി, നഗ്നപാദരായി ഭൂമിയിൽ വിളിക്കുന്നവനെ കേട്ടും കണ്ടും. അന്നേരം അവരുടെ പ്രവർത്തനങ്ങൾക്കു പ്രതിഫലം നൽകപ്പെടും. തുടർന്ന് പറയുന്നത് ആ പ്രതിഫലത്തിന്റെ രൂപമാണ്.

19-20) ഇവരാകുന്നു ഭാഗ്യവാന്മാർ. അവരുടെ സൽപ്രവർത്തനങ്ങളുടെ രേഖ അവരുടെ വലതു കൈകളിൽ നൽകപ്പെടും. അവരെ വേറിട്ടറിയാനും അവരെ പ്രത്യേകം പരിഗണിക്കാനും മഹത്ത്വം ഉയർത്താനും സന്തോഷം കൊണ്ടും ഇഷ്ടം കൊണ്ടും അല്ലാഹു നൽകിയ ആദരവും അനുഗ്രഹവും മറ്റുള്ളവർ കാണാനും വേണ്ടി. അവരിലൊരാൾ പറയും: (ഇതാ എന്റെ ഗ്രന്ഥം വായിച്ചുനോക്കൂ) എന്റെ ഗ്രന്ഥമൊന്നെടുത്ത് വായിച്ചു നോക്കൂ. തീർച്ചയായും അത് സ്വർഗം കൊണ്ടും വ്യത്യസ്തമായ ആദരവുകൾ കൊണ്ടും പാപമോചനം കൊണ്ടും ന്യൂനതകൾ മറച്ചുവെച്ചുകൊണ്ടും സന്തോഷവാർത്തയറിയിക്കുന്നു. ഈ അവസ്ഥയിൽ ഞാനെത്തിയത് ഉയിർത്തെഴുന്നേൽപിലും വിചാരണയിലുമുള്ള വിശ്വാസം അല്ലാഹു എനിക്ക് അനുഗ്രഹമായി തന്നതിനാലാണ്. സാധിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ കൊണ്ടുള്ള തയ്യാറെടുപ്പ്. (തീർച്ചയായും ഞാൻ വിചാരിക്കുന്നു, ഞാൻ എന്റെ വിചാരണയെ നേരിടേണ്ടിവരുമെന്ന്) ഞാൻ ഉറപ്പിച്ചിരുന്നു. അവിടെ വിചാരമെന്ന് പറഞ്ഞത് ഉറപ്പ് തന്നെയാണ്.

21-24). (അതിനാലവൻ തൃപ്തികരമായ ജീവിതത്തിലാകുന്നു) മനസ്സ് ആഗ്രഹിക്കുന്നതും കണ്ണുകൾ ആനന്ദിക്കുന്നതുമായ എല്ലാം ഉണ്ട്. അവർ അതുകൊണ്ട് തൃപ്തരാവും. അതിനെക്കാൾ മെച്ചമായതൊന്ന് അവർ തിരഞ്ഞെടുത്തിട്ടില. (ഉന്നതമായ സ്വർഗത്തിൽ) ഉയർന്നസ്ഥാനങ്ങളിലുള്ള കൊട്ടാരങ്ങളും താമസസ്ഥലങ്ങളും. (അവയിലെ പഴങ്ങൾ അടുത്തുവരുന്നവയുമാകുന്നു) പഴങ്ങളും പല ഇനങ്ങളിൽ പെട്ട ഫലങ്ങളും അടുത്തുനിൽക്കുന്നതും സ്വർഗക്കാർക്ക് എളുപ്പത്തിൽ പറിച്ചെടുക്കാവുന്നതുമാണ്.

ഇരുന്നും ചാരിയിരുന്നും കിടന്നുമെല്ലാം സ്വർഗക്കാർ അത് എടുത്തുകൊണ്ടിരിക്കും. അപ്പോൾ ഒരു ആദരവായി അവരോട് പറയപ്പെടും (നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക). കൊതിപ്പിക്കുന്ന പാനീയങ്ങളിൽ നിന്നു രുചികരമായ ഭക്ഷണങ്ങളിൽ നിന്നും. (ആനന്ദത്തോടെ) കുറവോ തകരാറുകളോ ഇല്ലാത്ത ആ പ്രതിഫലം നിങ്ങൾക്കു ലഭിക്കുന്നത്; (കഴിഞ്ഞുപോയദിവസങ്ങളിൽ നിങ്ങൾ മുൻകൂട്ടി ചെയ്തതിന്റെ ഫലമായി). നമസ്കാരം, നോമ്പ്, ഹജ്ജ് തുടങ്ങിയ സൽപ്രവർത്തനങ്ങൾ മൂലവും സൃഷ്ടികളോട് ചെയ്ത സുകൃതങ്ങളും അല്ലാഹുവിനെ സ്മരിച്ചതും അവനിലേക്ക് ഖേദിച്ചു മടങ്ങിയതും ചീത്ത പ്രവർത്തനങ്ങൾ ഉപേക്ഷിച്ചതുംകൊണ്ടാണ്. അപ്പോൾ പ്രവർത്തനങ്ങളെ സ്വർഗപ്രവേശത്തിനുള്ള ഒരു നിമിത്തമായി അല്ലാഹു നിശ്ചയിച്ചു; അതിലെ സുഖങ്ങൾക്കുംസൗഭാഗ്യങ്ങൾക്കുമുള്ള അടിസ്ഥാനമായും. ●

അബൂതൻവീൽ
mail@nerpatham.com



# സഹായഹസ്തം നീട്ടുക

**അദിയ്യുബ്നു ഹാത്വിമിൽ ﵁ നിന്ന് നിവേദനം; പ്രവാചകൻ ﷺ പറഞ്ഞു: "നിങ്ങളിൽ ഒരാളുമില്ല, അവനോട് അല്ലാഹു സംസാരിക്കാതെ; അവനും അല്ലാഹുവിനുമിടയിൽ പരിഭാഷകരും ഉണ്ടായിരിക്കുകയില്ല. ഒരാൾ തന്റെ വലതുഭാഗത്തേക്ക് നോക്കും. താൻ മുൻകൂട്ടി ചെയ്തതല്ലാതെ അയാൾ യാതൊന്നും കാണുകയില്ല. അയാൾ തന്റെ ഇടതുഭാഗത്തേക്ക് നോക്കും. അപ്പോഴും താൻ തനിക്ക് മുൻകൂട്ടി ചെയ്തതല്ലാതെ യാതൊന്നും കാണില്ല. അപ്പോൾ അയാൾ തന്റെ മുന്നിലേക്ക് നോക്കും. തന്റെ മുന്നിൽ നരകമല്ലാതെ യാതൊന്നും കാണില്ല. അതിനാൽ ഒരു കാരക്കയുടെ ചീളുകൊണ്ടെങ്കിലും നിങ്ങൾ നരകത്തെ കാക്കുക" (ബുഖാരി 7443, മുസ്‌ലിം 17620).**

മനുഷ്യന് ജനനം മുതൽ മരണം വരെ പരസഹായത്തോട് കൂടി മാത്രമെ ജീവിക്കാൻ സാധിക്കുകയുള്ളൂ. സ്രഷ്ടാവായ അല്ലാഹുവിനല്ലാതെ മറ്റൊരാൾക്കും സ്വയം പര്യാപ്തതയും സമ്പൂർണതയും ഇല്ല. ഭരണകർത്താവിനും ഭരണീയനും മുതലാളിക്കും തൊഴിലാളിക്കും പണ്ഡിതനും പാമരനും പരസ്പരം കൊണ്ടും കൊടുത്തും മാത്രമെ ഭൂമിയിൽ ആയാസ രഹിതമായി ജീവിക്കാൻ സാധിക്കുകയുള്ളൂ. ആരോഗ്യവും രോഗവും സുഖവും ദുഃഖവും ഐശ്വര്യവും ദാരിദ്ര്യവും ശക്തിയും ദുർബലതയും എല്ലാം ഏത് സമയത്തും മാറിമാറി വന്നേക്കാം. പരസ്പര സഹകരണത്തോടെ മാത്രമെ പ്രയാസങ്ങളും ദുരിതങ്ങളും തരണം ചെയ്തു മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ.

സ്വന്തം സുഖത്തിനും ഭാര്യാസന്തതികളുടെ സന്തോഷത്തിനും വേണ്ടി തന്റെ സമ്പത്ത് ആവശ്യത്തിലേറെ ചെലഴിക്കുന്നവർക്കും ദുരിതമനുഭവിക്കുന്നവരെ തിരിഞ്ഞു നോക്കാത്തവർക്കും അല്ലാഹു ശക്തമായ താക്കീത് നൽകുന്നുണ്ട്: "അല്ലാഹു അവന്റെ അനുഗ്രഹങ്ങളിൽ നിന്ന് തങ്ങൾക്ക് തന്നിട്ടുള്ളതിൽ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്. അല്ല, അതവർക്ക് ദോഷകരമാണ്. അവർ പിശുക്ക് കാണിച്ച ധനം കൊണ്ട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവരുടെ കഴുത്തിൽ മാല ചാർത്തപ്പെടുന്നതാണ്" (ആലുഇംറാൻ 180).

മുഹമ്മദ് നബി ﷺ പ്രവാചകത്വലബ്ധിക്ക് മുമ്പ് തന്നെ ഏറെ ധർമിഷ്ഠനും പരോപകാരിയും ജനസേവകനുമായിരുന്നു. ആദ്യമായി വഹ്‌യ് ലഭിച്ച് ഹിറാ ഗുഹയിൽ നിന്ന് ഏറെ സംഭ്രമത്തോടെ കിതച്ചെത്തിയ പ്രവാചകനെ ﷺ തന്റെ പ്രിയ പത്നി ഖദീജ ﵂ സ്വീകരിച്ച് സ്വാന്തനപ്പെടുത്തുന്ന വാചകങ്ങൾ ശ്രദ്ധേയമാണ്: "ഇല്ല, ഒരിക്കലും താങ്കളെ അല്ലാഹു കൈവെടിയുകയില്ല. താങ്കൾ കുടുംബ ബന്ധം സ്ഥാപിക്കുകയും മറ്റുള്ളവരുടെ വിഷമതകൾ സ്വയം ഏറ്റെടുക്കുകയും ചെയ്യുന്നു. അഗതികളെ സഹായിക്കുകയും അതിഥികളെ ആദരിക്കുകയും ചെയ്യുന്നു."

ഇതരരുടെ ഭാരം ഇറക്കിവെക്കുന്നവനെ സ്രഷ്ടാവ് കൈവെടിയുകയില്ല. കർമാനുഷ്ഠാനങ്ങളിൽ പരിപൂർണത പുലർത്തുന്നതോടൊപ്പം സഹജീവികളോടുള്ള ബാധ്യതകൾ നിർവഹിക്കുക കൂടി ചെയ്താൽ മാത്രമെ നമ്മുടെ വിശ്വാസം പൂർണതയിൽ എത്തുകയുള്ളൂവെന്നത് ഏറെ ഗൗരവത്തിലെടുക്കേണ്ട കാര്യമാണ്.

ജനങ്ങൾക്ക് ഉപകാരമാകുന്ന വളരെ നിസ്സാരമായ കാര്യങ്ങൾ പോലും ഈമാനിന്റെ ഭാഗമാണെന്ന് പഠിപ്പിക്കപ്പെട്ട മതമാണ് ഇസ്‌ലാം. വഴിയിലെ തടസ്സങ്ങൾ നീക്കുന്നതിനെ ഈമാനിന്റെ അവസാനപടിയായി എണ്ണിയത് സേവന പാതിയിൽ നാം എങ്ങനെ ഇടപെടണമെന്നതിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. അയൽവാസി വിശന്നിരിക്കുമ്പോൾ വയർനിറയെ ഭക്ഷണം കഴിക്കുന്നവൻ സത്യവിശ്വാസിയാവില്ല എന്ന നബിവചനം കേൾക്കാത്ത വിശ്വാസികൾ ഉണ്ടാകുമെന്ന് തോന്നുന്നില്ല. എന്നാൽ നമ്മുടെ സമൂഹത്തിലെ യഥാർഥത്തിലുള്ള സ്ഥിതിയും ഈ വചനങ്ങളും തമ്മിലുള്ള അന്തരം നമ്മെ ചിന്തിപ്പിക്കേണ്ടതാണ്.

സമൂഹം താരതമ്യേന സാമ്പത്തികമായി പുരോഗതിയിൽ നിൽക്കുന്ന വർത്തമാനകാലത്തും ദാരിദ്ര്യത്തിന്റെ വേദനയും ദുരിതവുമനുഭവിക്കുന്നവർ ഏറെയുണ്ട്. അവരിൽ പലരും അഭിമാനബോധം കാരണത്താൽ അവരുടെ പ്രയാസം ആരെയും അറിയിക്കാൻ താൽപര്യപ്പെടാത്തവരാണ്. അത്തരക്കാരെ കണ്ടെത്തി അവരുടെ ആവശ്യങ്ങൾ നിർവഹിച്ചു കൊടുക്കുവാൻ നമുക്ക് കഴിയേണ്ടതുണ്ട്.

# വിശുദ്ധ ക്വുർആൻ
# ദൈവികം, കാലികം

WISDOM

# ഡയലോഗ് 2.0

2019
ഡിസംബർ **1**
ഞായർ 4.15 PM

**കണ്ണൂർ**
കളക്ടറേറ്റ് മൈതാനം

കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ • ടി.കെ അശ്റഫ്
ഫൈസൽ മൗലവി • സ്വാദിഖ് മദീനി • ഹാരിസ് ബ്ൻ സലീം
സി.പി സലീം • ശമീർ മദീനി • കെ സജ്ജാദ് • അബ്ദുൽ മാലിക് സലഫി
താജുദ്ദീൻ സ്വലാഹി • സി മുഹമ്മദ് അജ്മൽ • അബ്ദുല്ല ബാസിൽ സി.പി

peaceradio Tune to reality

WISDOM YOUTH

CV Complex, PV Sami Road
Kozhikode - 673002
0495-4019437

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
30 NOVEMBER 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-


# നാലാം വയസ്സിലേക്ക്...

WISDOM
ISLAMIC ORGANIZATION



ഒറ്റ പ്രതി ₹12

വാർഷിക വരിസംഖ്യ: ₹624

പ്രചാരണ മാസത്തിൽ: ₹550

നേരിന്റെ വരമൊഴി

# നേർപഥം
വാരിക

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

## വരി ചേരുക, വായിക്കുക...

## പ്രചാരണ മാസം
## 2019 നവംബർ: 15 - ഡിസംബർ: 15

#Nerpathamweekly


Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com